# ഇവർ പറഞ്ഞിരുന്നതിങ്ങനെ
# എന്നാൽ ഇപ്പോൾ...?



## ഇവർ പറഞ്ഞിരുന്നതിങ്ങനെ
## എന്നാൽ ഇപ്പോൾ...?

അവിഭക്ത മലങ്കരസഭയിൽ എല്ലാവരും പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആത്മിക പരമാധ്യക്ഷത ആദരിച്ച് അംഗീകരിച്ചിരുന്നു എന്നതിന് സൂക്ഷ്മമായ സാക്ഷ്യം വഹിക്കുന്ന ഏതാനും രേഖകളും അടുത്ത കാലത്തേക്ക് കാതോലിക്കാപക്ഷത്തേക്ക് കൂറുമാറിയ രണ്ട് മെത്രാപ്പോലീത്താമാർ 1995 സുപ്രീംകോടതി വിധി വന്നശേഷം നടത്തിയ വിലയിരുത്തലുകളും, മലങ്കരസഭാ ഭിന്നതയുടെ അടിസ്ഥാനമായ 'ദീവന്നാസ്യോസ്യൻ ശീശ്മ'യുടെ അടിത്തറ എന്തായിരുന്നു എന്ന ഗവേഷണപ്രബന്ധവും അടങ്ങുന്ന പത്ത് രേഖകളുടെ സമാഹരണമാണ് ഈ കൃതി.
വട്ടശേരിൽ തിരുമേനി, മുറിമറ്റം ബാവാ, പൗലോസ് മോർ ഗ്രീഗോറിയോസ് തുടങ്ങിയവരും മൂവാറ്റുപുഴ മോർ അത്താനാസ്യോസ്, മണ്ണൂത്തി മോർ മിലിത്തിയോസ്, മോർ നിക്കോളാവോസ് തുടങ്ങിയവരുടെ ഇപ്പോഴത്തെ നിലപാടുകളെ സ്വയം എതിർക്കുന്ന അവരുടെ സാക്ഷ്യങ്ങൾ എന്നിവ അടങ്ങുന്ന ഈ കൃതി മലങ്കര സഭാപ്രശ്നങ്ങൾ അപഗ്രഥിച്ചു പഠിക്കുന്നവർക്കു വളരെ പ്രയോജനപ്പെടും.


പ്രസാധകർ
**അന്ത്യോഖ്യാ സത്യവിശ്വാസ സംരക്ഷണസമിതി**
**യു.എസ്.എ**
**(വില 10 രൂപാ U.S. $ 2.00)**

# ഇവർ പറഞ്ഞിരുന്നതിങ്ങനെ എന്നാൽ ഇപ്പോൾ...?

സമാഹരണം
**ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ**

**വട്ടശേരിൽ മോർ ദീവന്നാസ്യോസ്**
**മുറിമറ്റം പൗലോസ് പ്രഥമൻ കാതോലിക്കാ ബാവ**
**വാകത്താനം ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ**
**ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ**
**വട്ടക്കുന്നേൽ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ**
**പൗലോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**
**ഡോ. തോമസ് മോർ അത്താനാസ്യോസ്, മൂവാറ്റുപുഴ**
**യൂഹാനോൻ മോർ മിലിത്തിയോസ്, മണ്ണുത്തി**
**സഖറിയാസ് മോർ നിക്കോളാവോസ്, അമേരിക്കാ**
**എന്നിവരും**
**ചർച്ച് വീക്ലി പത്രാധിപരും വിവിധ കാലങ്ങളിൽ**
**എഴുതിയ വിലപ്പെട്ട സാക്ഷ്യങ്ങൾ**

പ്രസാധകർ
**അന്ത്യോഖ്യാ സത്യവിശ്വാസ സംരക്ഷണ സമിതി**
**യു.എസ്.എ**
**വില 10 രൂപ. (U.S. $ 2.00)**

# ആമുഖം

മലങ്കരസഭയുടെ അന്ത്യോഖ്യൻ ബന്ധം ഏറ്റുപറഞ്ഞ് പൗരോഹിത്യ നൽവരം പ്രാപിച്ചിട്ടുള്ളവർ തന്നെയാണ് പിന്നീട് പരിശുദ്ധ സിംഹാസനത്തെ തള്ളിപ്പറഞ്ഞതും അപഹസിച്ചതും. സ്വാർത്ഥതല്പരരായ നേതൃത്വനിരയിലുള്ളവർ താൽക്കാലികസാധ്യത്തിനും അധികാര ദുർവിനിയോഗത്തിനും തൻകാര്യസാധ്യത്തിനും വേണ്ടി ദൈവതിരുമുമ്പാകെയും വിശുദ്ധ ത്രോണോസിന്റെയും, കുർബാനയുടെയും മുമ്പാകെയും ചെയ്ത സത്യങ്ങളെ നിർലജ്ജം തള്ളിപ്പറയുമ്പോൾ മൂല്യശോഷണം സംഭവിക്കുന്നത് ആത്മികരംഗത്ത് പ്രവർത്തിക്കുന്ന സകലരുടെയും വിശ്വാസ്യതയ്ക്കാണ്.

മാർത്തോമാ സഭയുണ്ടാക്കിയ നവീകരണക്കാർ സഭാഘടനയെ തള്ളിപ്പറഞ്ഞത് അവരുടെ പ്രൊട്ടസ്റ്റന്റ് വിശ്വാസത്തോടുള്ള വിധേയത്വത്തിലാണ്. അതവരുടെ വിശ്വാസപ്രതിബന്ധതയായിരുന്നു. എന്നാൽ വട്ടശേരിൽ തിരുമേനി മുതൽ നിക്കോളാവോസ് തിരുമേനിവരെയുള്ളവർ കാണിക്കുന്നത് ആത്മീകസമീപനമില്ലായ്മയുടെ ഉദാഹരണങ്ങളാണ്.

വിശുദ്ധ സഭയുടെ പാരമ്പര്യവിശ്വാസങ്ങളെ പണ്ഡിതോചിതമായി രേഖപ്പെടുത്തിയിട്ടുള്ളവരാണ് ഇവരിൽ പലരും. വട്ടശേരിൽ തിരുമേനിയുടെ 'മതസംഗതി', മോർ അത്താനാസ്യോസിന്റെ 'ഇത് വിശ്വാസത്തിന്റെ കാര്യം', 'ജനാധിപത്യത്തിലൂടെ അനുരഞ്ജനം?' എന്നീ കൃതികളും ഇതിനുദാഹരണങ്ങളാണ്. അധികം അറിയപ്പെടാത്ത മറ്റൊരു രേഖാസാക്ഷ്യമാണ് മോർ നിക്കോളാവോസിന്റെ വട്ടശേരിൽ മെത്രാച്ചന്റെ ശീശ്മ സംബന്ധിച്ച 'മലങ്കരസഭയിലെ ഇരുപതാം നൂറ്റാണ്ടിലെ ഭിന്നിപ്പ്' എന്ന ലേഖനം. അദ്ദേഹം മുളന്തുരുത്തി വൈദികസെമിനാരിയിൽ അധ്യാപകനായിരുന്ന കാലത്ത് സെമിനാരിയുടെ വാർഷികപതിപ്പിൽ (1990) ഇംഗ്ലീഷിൽ എഴുതിയ ലേഖനമാണിത്. വട്ടശേരിൽ തിരുമേനിയെ 'വിശുദ്ധ'നാക്കിയ സഭയിലെ നേതൃസ്ഥാനം ഇപ്പോൾ അലങ്കരിക്കുന്ന അദ്ദേഹം നടത്തിയ ഗവേഷണ പഠനത്തിന്റെ പ്രബന്ധം ശ്രദ്ധാർഹമാണ്.

ഈ സമാഹാരത്തിലെ പത്ത് രേഖകളുടെ പ്രാധാന്യം സംബന്ധിച്ച് അതത് സ്ഥലങ്ങളിൽതന്നെ സൂക്ഷ്മസൂചനകൾ നൽകിയിട്ടുണ്ട്. സഭാശ്രേയസ്സിനായി ഈ കൃതി സമർപ്പിക്കുന്നു.

25-11-2003 **മാത്യു ഏബ്രഹാം**

**രേഖ–1**

# 1908–ാം ആണ്ടിലെ മലങ്കര ഇടവക പഞ്ചാംഗവും വാകത്താനം ബാവായും

അബ്ദുൾ മ്ശീഹാ പാത്രിയർക്കീസ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടശേഷം അദ്ദേഹത്തിൽനിന്ന് മെത്രാൻ സ്ഥാനം സ്വീകരിക്കുകയും പിന്നീട് 1925–ൽ അകാനോനികമായി കാതോലിക്കാ സ്ഥാനം സ്വീകരിക്കുകയും ചെയ്ത ബസേലിയോസ് ഗീവർഗീസ് പ്രഥമൻ റമ്പാനായിരുന്ന കാലത്ത് വാകത്താനം ഗീവർഗീസ് റമ്പാൻ (വള്ളിക്കാട്ട്) എന്ന് അറിയപ്പെട്ടിരുന്നു.

അബ്ദുൾ മ്ശീഹാ പാത്രിയർക്കീസ് സ്ഥാനഭ്രഷ്ടനാക്കപ്പെട്ടതിനുശേഷവും അബ്ദുള്ളാ പാത്രിയർക്കീസിന്റെ നിയമാനുസൃതഭരണത്തിൻ കീഴിൽ ജീവിച്ചിരുന്ന ഒരു സന്യാസിയായിരുന്ന അദ്ദേഹത്തിന്റെ ചുമതലയിൽ പ്രസിദ്ധീകരിച്ച ഈ കലണ്ടർ (പഞ്ചാംഗം) സഭാമേലധ്യക്ഷത സംബന്ധിച്ച് സുവ്യക്തമായി രേഖപ്പെടുത്തിയിരുന്നു. എന്നാൽ അദ്ദേഹംതന്നെ 1912–ൽ പുറത്താക്കപ്പെട്ട പാത്രിയർക്കീസിൽനിന്നും അനധികൃതസ്ഥാനം സ്വീകരിച്ചതായി കാണുന്നു. വ്യക്തിജീവിതത്തിലെ സുകൃതസാക്ഷ്യം സഭാസാക്ഷ്യമായും സൂക്ഷിക്കുവാൻ സാധിക്കാതെപോയ വികലതയാണ് ഇവിടെ നാം കാണുന്നത്.

ഈ സഭാവിരുദ്ധതയെക്കുറിച്ച് അദ്ദേഹത്തിന്റെതന്നെ ഒരു ബൈബിൾ വാക്യഉദ്ധരണി നമുക്കും ശ്രദ്ധിക്കാം.

> 'വിശേഷിച്ചും ഞാൻ നിന്നോടു പറയുന്നു. നീ പാറയാകുന്നു. ഈ പാറമേൽ എന്റെ പള്ളിയെ ഞാൻ പണിയും. പാതാളവാതിലുകൾ അതിനോടു പ്രബലപ്പെടുകയില്ല.'

**എഡിറ്റർ**

[illegible]

# മലങ്കര ഇടവക

## അഞ്ചാം ഭാഗം

[illegible]

ക്രിസ്തുവർഷം

[illegible]

[illegible] വൎഷം [illegible]

[illegible] വൎഷം [illegible]

[illegible] വൎഷം [illegible]

[illegible]

[illegible]

Mar Thomas Press,

Kottayam.

[illegible]

വില [illegible]

## മുഖവുര.

കഴിഞ്ഞപ്രാവശ്യം പഞ്ചാംഗം പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിൽ ചേർക്കാൻ സാധിക്കാതിരുന്ന പല സംഗതികൾ ഈയാണ്ടത്തെ പഞ്ചാംഗത്തിൽ ചേർത്തു കൊള്ളാമെന്നു വാഗ്ദത്തം ചെയ്തിരുന്നതുപോലെ മുഴുവനായി സാധിപ്പാൻ കഴിയാഞ്ഞതിൽ വ്യസനിക്കുന്നു. പുതുതായി പല സംഗതികൾ ചേർത്തിട്ടുണ്ടു. കോട്ടയം ഉൾപ്പെട്ട വടക്കോട്ടുള്ള എല്ലാ ഇടവകകളിലും ഉൾപ്പെട്ട പള്ളികളുടെ പ്രതിഷ്ഠാനാമങ്ങളും ഓരോ പള്ളിയോടുചേർന്ന പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും പേരുകളും ചേർത്തിട്ടുണ്ടു. തെക്കൻ ഇടവകകളിലെ പള്ളികളുടെ പ്രതിഷ്ഠാനാമങ്ങളും ഓരോ ഇടവകയോടു ചേർന്ന വൈദീകന്മാരുടെ പേരുകളും കിട്ടാൻ ചില ശ്രമങ്ങൾ ചെയ്തു എങ്കിലും മുഴുവനായി സാധിച്ചില്ലന്നുമാത്രമല്ല കിട്ടിയ ലിസ്റ്റുകളിൽ ചില പിശകുകൾ ഉണ്ടെന്നു സംശയം തോന്നുകയാൽ അവയെ ശരിയാക്കി എന്നു പറഞ്ഞുകൂടാ. ഒരു വക പഞ്ചാംഗവും പ്രസിദ്ധപ്പെടുത്തുക പതിവില്ലാഞ്ഞതുകൊണ്ടു ഇങ്ങനെ ഓരോ ന്യൂനതകൾ വന്നുപോകുന്നതു ക്ഷന്തവ്യമായി വായനക്കാർ വിചാരിക്കുമെന്നു വിശ്വസിക്കുന്നു. അടുത്ത ആണ്ടിൽ ഈ ന്യൂനതകളും പരിഹരിക്കാമെന്നു ആശംസിച്ചു വായനക്കാരോടു ക്ഷമായാചന ചെയ്തു കൊള്ളുന്നു.

വാകത്താനം<br>
൧൦൮൭ ധനു ൩൦-ാംനു-

ഗീവറുഗീസു റമ്പാൻ.

[illegible]

[illegible]

# അന്ത്യോഖ്യാ

[illegible]

[illegible]

[illegible]

[illegible]

# പാത്രിയർക്കീസ്ബാവാ

[illegible]

[illegible]

[illegible]

**രേഖ–2**

# പട്ടത്വത്തെക്കുറിച്ച്

## വട്ടശേരിൽ ഗീവർഗീസ് മോർ ദീവന്നാസ്യോസ്

മലങ്കരസഭ ഈ നൂറ്റാണ്ടു കണ്ട അതുല്യപ്രതിഭയും മഹാപണ്ഡിതനുമായിരുന്നു വന്ദ്യനായ മല്പാൻ വട്ടശേരിൽ ഗീവർഗീസ് കശീശാ. മലങ്കരമല്പാൻ കോനാട്ട് മാത്തൻ കോർ എപ്പിസ്കോപ്പായും വട്ടശേരിൽ മല്പാനും വഴിപിരിയാതിരുന്നുവെങ്കിൽ മലങ്കരസഭാചരിത്രം മറ്റൊന്നാകുമായിരുന്നു. പട്ടം ആരിൽനിന്നും സ്വീകരിച്ചുവോ ആ പാത്രിയർക്കീസിനെ ദ്രവ്യാഗ്രഹിയായി മുദ്രകുത്തി സഭാതലവനോടുള്ള മത്സരത്തിനു എല്ലാ പ്രേരണയും നൽകി പ്രോത്സാഹിപ്പിച്ചതിന്റെ വികലസൃഷ്ടിയാണ് ഇന്നത്തെ സഭാഭിന്നതയും സംഭവവികാസങ്ങളും. പക്ഷേ അദ്ദേഹം രചിച്ച 'മതോപദേശസാരങ്ങൾ' എന്ന മഹത്തായ കൃതി അദ്ദേഹത്തിന് എന്നും അനശ്വരത്വം നൽകും. അതിലെ പത്താം അധ്യായം പട്ടത്വത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പൂർവ നിലപാട് വ്യക്തമാക്കുന്നു. അടിവര എഡിറ്റർ ചേർത്തിരിക്കുന്നു. 1964 വരെ ഈ ഭാഗങ്ങൾ വ്യത്യാസപ്പെടുത്താതെ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പിന്നീട് കാതോലിക്കോസ്പക്ഷം ഈ ഭാഗം തിരുത്തി അദ്ദേഹത്തോടും വഞ്ചന കാണിച്ചിരിക്കുന്നു. കൂടാതെ ആനുകാലികസംഭവമായ വട്ടശേരി തിരുമേനിയുടെ വിശുദ്ധ പ്രഖ്യാപനവുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച ഒരു വിശദീകരണക്കുറിപ്പും ഈ ഭാഗത്ത് വായിക്കുക.

[1]പട്ടക്കാർ ഭൂമിക്കടുത്തുവരെ സ്വർഗ്ഗത്തിനടുത്തവരും മൃഗസ്വഭാവികളെ ദൈവസ്വഭാവികളുമാക്കിത്തീർക്കുന്നതിനുള്ള വഴികാട്ടികളും [2]കാണപ്പെടാവതല്ലാത്ത ദൈവത്തിന്റെ സ്ഥാനാപതികളും [3]തന്റെ സഭയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന വി. കൂദാശകളെ ശുശ്രൂഷിക്കുന്നവരും ആകുന്നു. [4]ഒരുത്തൻ സ്വമേധയാ തനിക്കായിട്ട് ഈ സ്ഥാനത്തെ പ്രാപിപ്പാൻ കഴിയുന്നതല്ല. [5]ദൈവത്തിന്റെ ഇഷ്ടപ്രകാരം

1 3 അക്കം സാക്ഷികൾ നോക്കുക.

2 2 കോരി 5:20 ആകയാൽ ഞങ്ങൾ മിശിഹായ്ക്കു വേണ്ടി സ്ഥാനാപതികളാകുന്നു. അപ്പോഴോ ദൈവം ഞങ്ങളെക്കൊണ്ടു നിങ്ങളോട് അപേക്ഷിപ്പിക്കുന്ന പ്രകാരം ദൈവത്തോടു യോജ്യതപ്പെടുവീൻ എന്നു മിശിഹായ്ക്കു പകരം ഞങ്ങൾ അപേക്ഷിക്കുന്നു.

3 അ.പ്ര. 6:4 ഞങ്ങളോ പ്രാർത്ഥനയിലും വചനത്തിന്റെ ശുശ്രൂഷയിലും മുട്ടിക്കപ്പെട്ടിരിക്കുന്നു.

4 എബ്രാ. 5:4 അഹറോൻ എന്നപോലെ ദൈവത്താൽ വിളിക്കപ്പെടുന്നവൻ അല്ലാതെ ആരും ആ സ്ഥാനം തനിക്കായിട്ടുതന്നെ എടുക്കുന്നില്ല.

5 1 തിമോ. 4:14 ദീർഘദർശനത്താലും കശ്ശീശുസായുടെ കൈവെപ്പാലും നിനക്കു നൽകപ്പെട്ടിട്ടുള്ളതായി നിന്നിലുള്ള നൽവരത്തെ നീ നിരോധിക്കരുത്. യോഹ. 20:22,23 അ.പ്ര. 12: 23; 2 തീമോ 2: 2; തീത്തോ 1:5.

തെരഞ്ഞെടുക്കപ്പെടുന്നവരും മിശിഹായിൽനിന്നുള്ള കൈവപ്പു വഴിയായി മേല്പട്ടക്കാരനിൽനിന്ന് കൈവെപ്പു പ്രാപിച്ചവരുമായവർക്കു മാത്രം അത് ഇരിക്കുന്നതാകുന്നു._[6]ഇപ്രകാരമുള്ള കൈവയ്പും അനുവാദവുംകൂടാതെ ഒരുത്തനും സഭയിൽ ശുശ്രൂഷ ചെയ്വാനോ പരസ്യമായി പ്രസംഗിപ്പാനോ അധികാരമില്ല. സഭയുടെ പട്ടത്വത്തിനടുത്ത പ്രധാന മേലധികാരം അന്ത്യോഖ്യാ സിംഹാസനത്തിന്മേൽ വാഴുന്ന മോറാൻ മാർ ഇഗ്നാത്യോസ് പാത്രിയർക്കീസ് ബാവാ തിരുമനസ്സിലേക്ക് ഇരിക്കുന്നതാകുന്നു. [7]പട്ടത്വത്തിനടുത്തവർ സുന്നഹദോസുകളാലോ താന്താങ്ങളുടെ മേലധികാരികളാലോ തള്ളപ്പെടുകയോ മുടക്കപ്പെടുകയോ ചെയ്യാതിരിക്കുമ്പോൾ അയോഗ്യന്മാരായിരുന്നാലും അവരാൽ ശുശ്രൂഷിക്കപ്പെടുന്ന കൂദാശകളുടെ ഫലത്തെക്കുറിച്ചു സംശയിക്കയോ അവയിൽ സംബന്ധിക്കാതിരിക്കയോ ചെയ്വാൻ ഒരുത്തനും ന്യായമില്ല. [8]ശുദ്ധമുള്ള അഭിഷേകം അവരിൽ ഉള്ളതുകൊണ്ടും കൂദാശകൾ മിശിഹായുടെ നാമത്തിൽ ശുശ്രൂഷിക്കപ്പെടുന്നവയാകകൊണ്ടും അവയുടെ ഫലം അവയെ ശുശ്രൂഷിക്കുന്ന പട്ടക്കാരന്റെ നീതിയിൽ അല്ലായ്കകൊണ്ടും നല്ല ആന്തരത്തോടും സത്യവിശ്വാസത്തോടുംകൂടെ അവയിൽ സംബന്ധിക്കുന്നവർക്ക് അവയുടെ ഫലം ലഭിക്കയും അയോഗ്യതയോടെ ശുശ്രൂഷിക്കുന്ന പട്ടക്കാർക്ക് അവ ശിക്ഷാവിധിക്കായി തീരുകയുംചെയ്യുന്നു. [9]എന്നാൽ ദോഷികളായി കണ്ടെത്തപ്പെടുന്നവരെ മുടക്കേണ്ടതും മുടക്കിയതിന്റെ ശേഷം അവർ യാതൊരു കൂദാശകളും കഴിച്ചുകൂടാത്തതും ശങ്ക തീർന്നു കഴിക്കുന്നവരോടുകൂടെ വിശ്വാസികൾ സംബന്ധിച്ചുകൂടാത്തതുമാകുന്നു.

---

6. യിരമ 23:21 ദീർഘദർശിമാരെ ഞാൻ അയച്ചില്ല. അവർ പോയി ഞാൻ അവരോടു പറയാതെ ദീർഘദർശനം പറഞ്ഞു.
7. മത്താ. 23: 2,3 താൻ അവരോടു പറഞ്ഞു. സപ്രേന്മാരും പ്രീശേന്മാരും മോശയുടെ സിംഹാസനത്തിന്മേൽ ഇരിക്കുന്നു. ആകയാൽ നിങ്ങൾ ആചരിപ്പാനായി അവർ നിങ്ങളോടു പറയുന്ന സകലത്തെയും ആചരിപ്പിൻ. എന്നാൽ അവരുടെ പ്രവൃത്തികളിൻപ്രകാരം നിങ്ങൾ ചെയ്യരുത്.
8. ലേവ്യ. 21:12 എന്തുകൊണ്ടെന്നാൽ അവന്റെ ദൈവത്തിന്റെ അഭിഷേക തൈലത്തിൻകിരീടം അവന്റെമേൽ ഉണ്ട്. മത്താ. 7:22, 23 ആ ദിവസത്തിൽ പലരും എന്നോട് എന്റെ കർത്താവേ! എന്റെ കർത്താവേ! നിന്റെ നാമത്തിൽ ഞങ്ങൾ ദീർഘദർശനം പറകയും നിന്റെ നാമത്തിൽ പിശാചുക്കളെ പുറത്താക്കയും നിന്റെ നാമത്തിൽ വളരെ ശക്തികളെ ചെയ്കയും ചെയ്തില്ലയോ എന്നു പറയും. അപ്പോൾ ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ലാ, അന്യായം പ്രവൃത്തിക്കുന്നവരെ എങ്കൽനിന്ന് അകന്നുപോകുവീൻ എന്നു ഞാൻ അവരോടു തീർത്തു പറകയുംചെയ്യും.
9. മത്താ. 18:17 അവൻ അവരെയും കേൾക്കാതിരുന്നാൽ സഭയോടു പറക. എന്നാൽ അവൻ സഭയേയും കേൾക്കാതിരുന്നാൽ അവൻ നിനക്കു ചുങ്കക്കാരനും പുറജാതിക്കാരനും എന്നപോലെ ഇരിക്കട്ടെ. 1 കോരി 5:11.

# വട്ടശേരി തിരുമേനിയും വിശുദ്ധ പ്രഖ്യാപനവും

മലങ്കരസഭയുടെ ആനുകാലിക സംഭവവികാസങ്ങളിൽ ഏറെ വിവാദങ്ങൾ സൃഷ്ടിക്കാവുന്നതും ദൂരവ്യാപകമായ സ്വാധീനങ്ങൾ ഉളവാക്കുവാൻ പര്യാപ്തമായതുമായ ഒരു സംഭവമാണ് ഫെബ്രു. 24-ന് കാതോലിക്കോസ്പക്ഷ നേതൃത്വം നടത്തിയ വട്ടശേരിൽ തിരുമേനിയുടെ വിശുദ്ധ പദവി പ്രഖ്യാപനം. അവിഭക്ത മലങ്കരസഭയിൽ 1908-ൽ അബ്ദുള്ള പാത്രിയർക്കീസിനാൽ യറുശലേമിൽ വച്ച് മെത്രാഭിഷേകം പ്രാപിച്ച വട്ടശേരിൽ മോർ ദീവന്നാസ്യോസ് മലങ്കരസഭയ്ക്ക് ആകമാനം അഭിമാനമായിരുന്ന പണ്ഡിതാഗ്രേസരനും ഗ്രന്ഥകാരനും വൈദികരെ അഭ്യസിപ്പിച്ചിരുന്ന അധ്യാപകനുമായിരുന്നു. അദ്ദേഹത്തിന്റെ പാണ്ഡിത്യത്തെ മുൻനിർത്തി പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ 'മലങ്കര മല്പാൻ' എന്ന പദവിയും നൽകി ആദരിച്ചിരുന്നു. പ്രൊട്ടസ്റ്റന്റ് നവീകരണ സ്വാധീനം മലങ്കരയിൽ ആഞ്ഞടിച്ചപ്പോൾ സഭയെ ഓർത്തഡോക്സ് വിശ്വാസപാരമ്പര്യത്തിൽ നിലനിർത്തുവാൻ പണ്ഡിതോചിതമായി നേതൃത്വം നൽകിയ മഹാത്മാവാണദ്ദേഹം. 'മതോപദേശസാരങ്ങൾ' എന്നപേരിൽ അദ്ദേഹം എഴുതിയ സാരവത്തായ ഗ്രന്ഥത്തിൽ വിശ്വാസവിശദീകരണം സംക്ഷിപ്തമായി ക്രോഡീകരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ സഭാവിജ്ഞാനീയത്തിലെ പാണ്ഡിത്യം വെളിവാക്കുന്ന കൃതിയാണിത്.

മേൽപ്പറഞ്ഞ പശ്ചാത്തലങ്ങളിൽ വട്ടശേരിൽ തിരുമേനിയെ ആദരിച്ച് അംഗീകരിക്കുവാൻ മലങ്കരസഭയിലെ ഇരുവിഭാഗത്തിനും ഇന്നും ബാധ്യതയുണ്ട്. അതുകൊണ്ടാണ് യാക്കോബായസഭയും സൺഡേസ്കൂൾ ക്ലാസുകളിൽ അദ്ദേഹത്തിന്റെ കൃതി പാഠ്യവിഷയങ്ങളിൽ ആശ്രയഗ്രന്ഥമായി ഇപ്പോഴും ഉപയോഗിക്കുന്നത്. എന്നാൽ അതിനപ്പുറമായി കാതോലിക്കോസ് പക്ഷം അദ്ദേഹത്തെ വിശുദ്ധ പദവിയിലേക്കുയർത്തുന്നത് പല കാരണങ്ങളാൽ അസ്വീകാര്യവും അനുചിതവുമാണെന്ന് ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. ചങ്ങനാശേരി കേന്ദ്രമായി പ്രവർത്തിക്കുന്ന മോർ ആദായി പഠനകേന്ദ്രം നടത്തിയ അപഗ്രഥനത്തിൽ താഴെപ്പറയുന്ന സംഗതികൾ ഇരു

സഭകളുടെയും പരിഗണനയ്ക്കും പഠനത്തിനുമായി സമർപ്പിക്കുവാൻ ശുപാർശ ചെയ്തു.

1. അവിഭക്ത മലങ്കരസഭയിലെ ഒരു മെത്രാപ്പോലീത്തായെ വിശുദ്ധ പദവിയിലേക്കുയർത്തുമ്പോൾ ഇരുപക്ഷത്തിനും സ്വീകാര്യമായ വിധത്തിൽ നടപടികൾ സ്വീകരിക്കാതിരിക്കുന്നത് വേദനാജനകമാണ്. പ്രത്യേകിച്ച് സഭ ഒന്നായി മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത് അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സമീപത്ത് അയച്ച് വാഴിക്കപ്പെട്ട ആൾ ആ വിധത്തിൽ സ്വീകാര്യനായിരിക്കേണ്ടതാണ്.

2. മലങ്കരസഭ ഭരണസംവിധാനത്തിൽ ഇന്നും അന്ത്യോഖ്യാ പാത്രിയർക്കീസ് ആത്മിക പരമാധ്യക്ഷനും ഭരണഘടനാപരമായി 'കാതോലിക്കോസിനെ വാഴിക്കുവാൻ' അവകാശപ്പെട്ട സ്ഥാനിയുമാണ്. ഒരു കാതോലിക്കാസ്ഥാനിയിലും ഉപരിസ്ഥാനമായി പ്രഖ്യാപിക്കപ്പെടുന്ന 'വിശുദ്ധ' സ്ഥാനം ഒരാൾക്ക് നൽകുമ്പോൾ സഭാധ്യക്ഷനുമായി പര്യാലോചിച്ചിട്ടില്ല എന്നത് ഗർഹണീയമായ തെറ്റാകയാൽ ഈ നടപടിയിൽനിന്നും കാതോലിക്കോസ് പക്ഷം പിന്മാറേണ്ടിയിരുന്നു.

3. 'അന്ത്യോഖ്യാ പാത്രിയർക്കീസ് ആത്മികതലവനായുള്ള സഭയുടെ ഭാഗമാണ് മലങ്കരസഭ' എന്ന് ബ. സുപ്രീംകോടതി വിധി പ്രഖ്യാപിച്ചിരിക്കേ ആകമാനസഭയുടെ അംഗീകാരമില്ലാത്ത ഈ പ്രവൃത്തി നിയമപരമായി സാധൂകരണമില്ലാത്തതാണ്.

4. ഇവയ്ക്കൊക്കെ അപ്പുറമായി 'വിശുദ്ധപദവി'ക്ക് അർഹതയില്ലാത്ത അനേകപ്രവർത്തനങ്ങൾകൊണ്ട് അദ്ദേഹംതന്നെ സ്വയം അയോഗ്യത തെളിയിച്ചിട്ടുമുണ്ട്. പരുമല തിരുമേനിയോ കോതമംഗലത്ത് ബാവായോ മഞ്ഞനിക്കര ബാവായോ വിഭാഗീയതയ്ക്കപ്പുറമായി ജനഹൃദയങ്ങളിൽ നേടിയിട്ടുള്ള വിശുദ്ധപദവിയുടെ സ്വീകാര്യത വട്ടശേരിൽ തിരുമേനിക്കില്ലാത്തത് അദ്ദേഹം സഭയിലെ ഭിന്നതയുടെ കാരണക്കാരനായിരുന്നു എന്നതു മാത്രമല്ല വിശുദ്ധ പദവി സംബന്ധമായി ജനഹൃദയത്തിലെ മാനദണ്ഡങ്ങൾക്കു ചേരാത്ത അനേകം കാര്യങ്ങൾ അദ്ദേഹത്തെക്കുറിച്ച് മറിച്ചു തെളിവുകൾ നൽകുന്നു എന്നതാണ്.

5. കെ.സി. മാമ്മൻ മാപ്പിള സ്വന്തം അനുഭവം പറയുന്നത് ശ്രദ്ധിക്കുക. "....എന്റെ തലയ്ക്കു മീതെ... പ്രതിഷ്ഠിക്കുവാൻ മല്പാനച്ചൻ (വട്ടശേരിൽ തിരുമേനി) അണിയറയിൽ വേഷം കെട്ടിച്ചുകൊണ്ടുവന്ന ആളാണ് പി.റ്റി. ഗീവർഗീസ് ശെമ്മാശൻ... മല്പാനച്ചന്റെ നയതന്ത്രപരമെങ്കിലും സുനിശ്ചിതവും നിർദാക്ഷിണ്യവുമായ ചതുരംഗപ്പോര് എത്രമാത്രം അനഭിമാനകരവും മനഃപീഡകരവുമായിരുന്നു എന്ന് വിവരിക്കാവുന്നതല്ല." കാതോലിക്കോസ്

പക്ഷത്തിന്റെ ശക്തനായ വക്താവായിരുന്ന മാമ്മൻ മാപ്പിളയ്ക്ക് മനഃപീഡ ഉളവാക്കിയ സംഭവം കക്ഷിതാല്പര്യത്തിൽ ക്ഷന്തവ്യമാണെങ്കിലും വിശുദ്ധ പദവിക്ക് അസ്വീകാര്യത തന്നെയാണ്. (കെ.സി. മാമ്മൻ മാപ്പിളയുടെ സ്മരണകളിൽ നിന്നും ഇസഡ് എം. പാറേട്ട് 'വട്ടശേരിൽ മാർ ദീവന്നാസ്യോസ്' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിരിക്കുന്നത് പേജ് 36-37).

6. 1919-ൽ തൃശൂർ ജില്ലാകോടതിയിൽ കൊടുത്ത ഒരു മൊഴിയിൽ വട്ടശേരിൽ തിരുമേനി സത്യത്തിന്മേൽ സാക്ഷ്യമൊഴി കൊടുത്തിരിക്കുന്നതിപ്രകാരമാണ്. യറുശലേമിൽ മെത്രാഭിഷേകം പ്രാപിച്ചപ്പോൾ തലയിൽ കൈവച്ച് പ്രാർത്ഥിച്ചത് അബ്ദുള്ളാ പാത്രിയർക്കീസ് ആണെന്ന് വിശ്വാസം മാത്രമേയുള്ളു നിശ്ചയമില്ലെന്നാണോ പറയുന്നത് എന്ന ചോദ്യത്തിന് മറുപടി "നിശ്ചയമില്ല എന്നല്ല, കാണാൻ സാധിച്ചില്ല എന്നാണ്" ഉത്തരം. സ്ഥാനസ്വീകരണ സമയത്ത് പ്രധാന കാർമ്മികന്റെ മുമ്പിൽ മുട്ടുകുത്തി ശിരസ് നമിച്ചു നിൽക്കുന്ന വ്യക്തിക്ക് "കാണാൻ സാധിച്ചില്ല" എന്ന "യുക്തി" സത്യമാണെങ്കിലും വിശുദ്ധിയുടെ നിറവിൽനിന്നല്ല പുറപ്പെടുന്നത്. ഇതിന് നിയമപരമായ സൂത്രബുദ്ധി എന്നല്ലേ പേരുവിളിക്കേണ്ടത് (മുൻകൃതി പേജ് 69).

7. 1908-ൽ മെത്രാൻസ്ഥാനം നൽകിയ പാത്രിയർക്കീസ്തന്നെ 1911-ൽ അദ്ദേഹത്തെ സഭാഭ്രഷ്ടനായി പ്രഖ്യാപിച്ചു എന്നത് ചരിത്രപരമായ ഒരു വസ്തുതയാണ്. 1931-ൽ മരണത്തിനുമുമ്പ് പിൻഗാമിയായ പാത്രിയർക്കീസ് മുടക്കുതീർത്തു കല്പന പുറപ്പെടുവിച്ചു എങ്കിലും മുടക്കപ്പെട്ടതിനുശേഷം 'അദ്ദേഹം വിശുദ്ധ കുർബാന അർപ്പിക്കാതെ കുറെനാൾ ഇരുന്നു' എന്ന് ജീവചരിത്രകാരനായ പാറേട്ട് പേജ് 464-ൽ പറയുന്നുണ്ട്. കുറേക്കാലത്തേക്കാണെങ്കിലും സഭാഭ്രഷ്ടനാക്കപ്പെട്ട വ്യക്തിയെ 'വിശുദ്ധനായി' പ്രഖ്യാപിക്കുന്നത് (അദ്ദേഹംപോലും സ്വയം അംഗീകരിച്ചിരുന്ന കാര്യം) എത്രയോ അനുചിതമാണ്.

8. കൂട്ടുട്രസ്റ്റിയും മലങ്കരമല്പാനുമായിരുന്ന കോനാട്ട് മാത്തൻ കോർഎപ്പിസ്ക്കോപ്പായുടെ പുറത്തിനിട്ട് കഠിനമായി അടിച്ചതും അത്മായ പ്രമുഖനായ സി. ജെ. കുര്യൻ ഇടയ്ക്കു കയറിയതുമായ സംഭവവും ഇസഡ് എം. പാറേട്ട് പേജ് 416, 417-ൽ പ്രതിപാദിച്ചിരിക്കുന്നു. വിശദീകരണം ആവശ്യമില്ലാത്ത ഈ സംഭവത്തെക്കുറിച്ച് വായനക്കാർ ചിന്തിക്കുക.

9. കുപ്രസിദ്ധനായ ആനപ്പാപ്പിയെപ്പോലൊരു 'അംഗരക്ഷകനെ' പഴയസെമിനാരിയിൽ കൂടെ താമസിപ്പിക്കുകയും, അയാളുടെ ശല്യം സഹിക്കവയ്യാതെ സെമിനാരിയിൽനിന്ന് സഹമെത്രാപ്പോലീത്താ ആയിരുന്ന പൗലോസ് മോർ കൂറിലോസ് തിരുമേനി

പാണമ്പടിപള്ളിയിലേക്കു താമസം മാറേണ്ടിവന്ന പശ്ചാത്തലം സൃഷ്ടിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്തത് 'വിശുദ്ധപദവിക്ക്' ഭൂഷണമല്ല.

10. സർവോപരി വിശുദ്ധന്മാരെ പ്രഖ്യാപിക്കുന്ന പതിവ് ഓർത്തഡോക്സ് പാരമ്പര്യങ്ങളില്ല. അനുഭവങ്ങൾകൊണ്ട് വിശുദ്ധന്മാരായിത്തീരുന്നവരെ ആ രീതിയിൽ സഭ ആദരിക്കുകയാണ് ചെയ്യുക. വട്ടശേരിൽ തിരുമേനിക്ക് അപ്രകാരം സ്വീകാര്യത ഉണ്ടെങ്കിൽ പ്രഖ്യാപനത്തിന്റെ ആവശ്യകതയില്ല. അങ്ങനെയാകുമ്പോൾ പ്രഖ്യാപിച്ചാലും അസ്വീകാര്യതയും ഉണ്ടാകില്ല. മറിച്ച് യാതൊരു പ്രയോജനവും ഇല്ലാത്ത പ്രഖ്യാപനം വഴി അപഹാസ്യരാകുന്നത് സൂക്ഷിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം.

**രേഖ-3**

# മുറിമറ്റം മോർ ഈവാനിയോസിന്റെ ഒരു കല്പന

മുറിമറ്റം പൗലോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ 1876-ൽ പ. പാത്രിയർക്കീസ് ബാവായിൽനിന്നും മേല്പട്ടസ്ഥാനം ഏറ്റ് കണ്ടനാട് ഭദ്രാസനത്തിന്റെ അധിപനായിരുന്ന് ദീർഘകാലം ഭരിച്ചശേഷം വാർദ്ധക്യത്തിൽ ഭരണചുമതലയുംവിട്ട് സ്വസ്ഥനായിരുന്ന കാലത്താണ് 1912-ൽ സഭാഭ്രഷ്ടനാക്കപ്പെട്ട അബ്ദുൾ മ്ശീഹാ പാത്രിയർക്കീസ് വന്നപ്പോൾ നിരണത്തുവച്ചു നടന്ന ചടങ്ങിൽ കാതോലിക്കാ ആയി നിയോഗിക്കപ്പെട്ടത്. ഭരണത്തിലായിരുന്നപ്പോൾ ഈ സ്ഥാനം ആവശ്യപ്പെടുന്നവൻ ശപിക്കപ്പെട്ടവനായിരിക്കും എന്ന് കല്പന എഴുതിയ ആൾ സ്ഥാനഭ്രംശനായപ്പോൾ മലങ്കരസഭയിലെ ഭരണസമിതിയുടെയോ ഭരണചുമതലയുള്ള മെത്രാന്മാരുടെയോ മുടക്കപ്പെട്ടിരുന്നുവെങ്കിലും വട്ടശേരിൽ തിരുമേനിയുടെപോലുമോ സാന്നിധ്യസഹകരണംകൂടാതെയാണ് ഈ അകാനോനിക കർമ്മം നിർവഹിച്ചത്. ബസേലിയോസ് പൗലോസ് പ്രഥമൻ എന്ന് പേര് വിളിക്കപ്പെട്ട ഇദ്ദേഹം ഒരു വർഷത്തിനകം കാലഗതി പ്രാപിച്ചു.

1911-ൽ കാനോനിക പാത്രിയർക്കീസ് മോറാൻ മോർ അബ്ദുള്ള ദ്വിദീയൻ ബാവാ മലങ്കരയിൽ മൂറോൻ കൂദായ നടത്തിയപ്പോഴും ധനസമാഹരണത്തിനു നേതൃത്വം കൊടുത്തതും കൂടെ നിന്നതും ഇദ്ദേഹമാണ്. ഈ യോഗത്തിലാണ് വട്ടശേരിൽ തിരുമേനിക്കുപകരം മോർ കൂറിലോസ് തിരുമേനി മലങ്കര മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടത്. ഏതാനും മാസങ്ങൾ കഴിഞ്ഞപ്പോൾ പൂർവികആശയങ്ങളോടും സഭാഘടനയോടും വിധേയത്വമില്ലാതെയും പൂർവാപരവിരുദ്ധമായും സ്ഥാനം സ്വീകരിച്ച ഇദ്ദേഹം 1911-ൽ എഴുതിയ ഒരു സർക്കുലർ കല്പന ശ്രദ്ധേയമാണ്. വായിക്കുക.

"വിശുദ്ധ പിതാവായ മോറാൻ മോർ ഇഗ്നാത്യോസ് (അബ്ദുള്ളാ) പാത്രിയർക്കീസു ബാവാ തിരുമനസ്സിലെ കല്പനപ്രകാരം മോർ ഈവാനിയോസു മെത്രാപ്പോലീത്തായിൽനിന്ന്.

(മുദ്ര)

നമ്മുടെ പള്ളിക്കാർക്കു ദൈവത്തിൽനിന്നു വാഴ്വും അനുഗ്രഹങ്ങളും ഉണ്ടായിരിക്കട്ടെ.

വിശുദ്ധ പിതാവിന്റെ (വി. അബ്ദുള്ളാ പാത്രിയർക്കീസു ബാവായുടെ) കല്പനപ്രകാരവും അദ്ധ്യക്ഷതയിലും ഈ കർക്കിടകമാസം 15-ാം തീയതി വെള്ളിയാഴ്ച കരിങ്ങാശ്ര പള്ളിയിൽ കൂടിയ യോഗ

ത്തിൽ വി. മൂറോൻകൂദാശ മലയാളംകണക്കിൽ അടുത്ത ചിങ്ങം 3-ാം തീയതി കൂടാരപ്പെരുന്നാളിൽ മുളന്തുരുത്തി പള്ളിയിൽവെച്ചും മലങ്കര ഇടവകയുടെ എല്ലാ പള്ളിപ്രതിപുരുഷന്മാരുടെ പൊതു യോഗം അടുത്ത ചിങ്ങം 14-ാം തീയതി സുറിയാനിക്കണക്കിൽ ചിങ്ങം 17-ാം തീയതി ബുധനാഴ്ച മുതൽ ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ വച്ചും നടത്തത്തക്ക വണ്ണം നിശ്ചയിച്ചിരിക്കുന്നു. എന്നാൽ, ആലുവാ സെമിനാരിക്ക് ദ്രവ്യശക്തിയില്ലാത്തതുകൊണ്ട് പള്ളിക്കാരുടെ സഹായം കൂടാതെ അവിടെവെച്ചു പൊതുയോഗം നടത്തുവാൻ പ്രയാസമുണ്ടെന്നു കാണുകയാൽ കെട്ടിടം മുതലാ യവ കെട്ടിയുണ്ടാക്കുന്നതിനും വിശുദ്ധ പിതാവിന്റെയും മെത്രാപ്പോ ലീത്തന്മാരുടെയും ചെലവിലേക്കുമായി 5 രൂപായിൽ കവിയാതെയും 2 രൂപായിൽ കുറെയാതെയും പള്ളികളുടെ താരതമ്യം അനുസരി ച്ചുള്ള സംഖ്യ കല്പന അയച്ചു പള്ളികളിൽനിന്നു വരുത്തണമെന്നും അതിലേക്ക് എല്ലാ പള്ളികളിലേക്കും എഴുതി അയയ്ക്കുന്നതു കല്പനപ്പടി നാം തന്നെ ആയിരിക്കണമെന്നും ടി. യോഗം നിശ്ചയി ക്കുകയും വിശുദ്ധ പിതാവു നമ്മോടു കല്പിച്ച് നമ്മെ ചുമതലപ്പെടു ത്തുകയും ചെയ്തിരിക്കുന്നു. പൊതുയോഗത്തിന്റെ നടത്തിപ്പിലേക്കു ടി. സെമിനാരിയിൽ വേണ്ട ഏർപ്പാടുകൾ ചെയ്വാൻ നമ്മുടെ സഹോദരൻ ബ. മോർ അത്താനാസ്യോസു മെത്രാപ്പോലീത്താ അവർകളെയും അദ്ദേഹത്തിന്റെ ആജ്ഞാനുസരണം പ്രവർത്തി പ്പാൻ വേറെ ചിലരെയും നിശ്ചയിച്ചിട്ടുണ്ട്. ആകയാൽ ആ പള്ളി യിലേക്കു-രൂപാ വരി നിശ്ചയിച്ചിരിക്കുന്നു. ആ രൂപാ - ഈ കല്പനകണ്ടാലുടനെ ആലുവാസെമിനാരിയിൽ ബ. മോർ അത്താ നാസ്യോസു മെത്രാപ്പോലീത്താ അവർകളുടെ അടുക്കൽ അഞ്ചൽ മാർഗ്ഗമോ തപാൽ മാർഗ്ഗമോ, ആൾവശമോ എത്തിച്ചുകൊടുക്കയും വേണം. സർവ്വശക്തനായ ദൈവ ത്തിന്റെ കൃപയും അനുഗ്രഹങ്ങളും സദാ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ,

എന്ന് 1911 കർക്കടകം 18-ാം തീയതി 1086 കർക്കടകം 16-ാം തീയതി കരിങ്ങാശ്ര പള്ളിയിൽനിന്ന്!

(ഒപ്പ്)

*(ഇതിൽ കീഴ്‌വരയിട്ടിരിക്കുന്നത് ഗ്രന്ഥകർത്താവാണ്).*

<u>**രേഖ–4**</u>

# ഔഗേൻ ബാവായുടെ സത്യപ്രതിജ്ഞ

**കുറിപ്പ്:** 1964 മെയ് 22-ാം തിയതി കോട്ടയത്ത് പ. യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടന്ന ഔഗേൻ പ്രഥമൻ ബാവായുടെ സ്ഥാനാരോഹമത്തിന്റെ ചില ചിത്രങ്ങൾ. അന്ത്യോഖ്യാ പാത്രിയർക്കീസ് വാഴ്ചയിൽ സഹകരിച്ചുഎന്നും മറ്റും പിന്നീട് ഭാവിക്കുകയും എഴുതുകയും ചെയ്തവരുടെ വാദങ്ങളെ നിരർത്ഥകമാക്കുന്നവയാണ് ഈ ചിത്രങ്ങൾ. ഔഗേൻ ബാവാ എഴുതി വായിച്ച് പ. പാത്രിയർക്കീസ് ബാവായ്ക്കു സമർപ്പിച്ച പ്രതിജ്ഞാപത്രം അടുത്ത പേജിൽ വായിക്കുക. ഔഗേൻ ബാവാ പിന്നീട് സ്വീകരിച്ച നടപടികളും അവകാശവാദങ്ങളും താരതമ്യം ചെയ്യുക.



1. **അവലംബം:** മലയാള മനോരമ 1964 മെയ് 27.

വെള്ളക്കുപ്പായവും, ശോശപ്പയും ധരിച്ചുകൊണ്ട്, പ. അന്ത്യോഖ്യാ പാത്രിയർക്കീസു സമക്ഷം വിധേയത്വം പ്രഖ്യാപിച്ചുകൊണ്ട് ഔഗേൻ കാതോലിക്കാ ബാവാ ശൽമൂസ്സാ വായിച്ച് സത്യപ്രതിജ്ഞ ചെയ്യുന്നു (22-5-1964). സത്യപ്രതിജ്ഞാ വാചകങ്ങൾ അടുത്ത പേജിൽ കാണുക. പാത്രിയർക്കീസ്/കാതോലിക്കോസ് വാഴ്ചകളിൽ വെള്ളക്കുപ്പായവും തലയിൽ ശോശപ്പായും ധരിക്കുന്ന പതിവില്ല. കാപ്പയും അംശവസ്ത്രങ്ങളും ധരിച്ചു നിന്നുകൊണ്ടാണ് മേല്പട്ടക്കാരനെ പരമോന്നതസ്ഥാനങ്ങളിലേക്കു വാഴിക്കുന്നത്. *ഹൂദായ കാനോൻ* 7:3 ൽ ഹൂദായ എന്ന തലക്കെട്ടിൽ പറയുന്നത് “എപ്പിസ്

കോപ്പാ കാതോലിക്കാസ്ഥാനത്തിനോ പാത്രിയർക്കാസ്ഥാനത്തിനോ അടുത്തുവരികയൊ, കാതോലിക്കാ പാത്രിയർക്കാസ്ഥാനത്തിനോ അടുത്തുവരികയോ ആണെങ്കിൽ അയാൾ മുട്ടുകുത്തേണ്ട ആവശ്യമില്ല. *സ്ഥാനവസ്ത്രം ധരിച്ചുകൊണ്ട് മദ്ബഹാ മുമ്പാകെ നിന്നാൽ മതിയാകുന്നതാണ്.**" ഈ ശുശ്രൂഷയിൽ പ്രത്യേകത വളരെ ശ്രദ്ധാർഹമാണ്.

2.


പ. അന്ത്യോഖ്യാ പാത്രിയർക്കീസു ബാവായിൽനിന്നും കാതോലിക്കാ പട്ടം സ്വീകരിക്കുന്നതിനായി ഔഗേൻ മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത വെള്ള കുപ്പായവും തലയിൽ ശോശപ്പായും ധരിച്ചുകൊണ്ട് 1964 മേയ് 22-ാം തീയ്യതി കോട്ടയം എം.ഡി. സെമിനാരി പള്ളി മദ്ബഹായിൽ.

3.


ഔഗേൻ തീമോത്തിയോസിനെ കാതോലിക്കായായി പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാ പട്ടം കൊടുക്കുന്ന മറ്റൊരു രംഗം.

*ഹൂദായ കാനോൻ, യാക്കൂബ് മോർ യൂലിയോസ് മെത്രാപ്പോലീത്ത (പരിഭാഷകൻ), സെമിനാരി പബ്ളിക്കേഷൻസ്, മുളന്തുരുത്തി. പേജ് 71 (1994)

# ഔഗേൻ ബാവായുടെ സത്യപ്രതിജ്ഞാവാചകം

"കാതോലിക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ബലഹീനനും എളിയവനുമായ ഔഗേൻ മോർ തീമോത്തിയോസ് എന്ന ഞാൻ പരിശുദ്ധ മദ്ബഹായുടെ മുമ്പാകെയും ഈ സുന്നഹദോസിന്റെ മുമ്പാകെയും ഈ സുന്നഹദോസിന്റെ തലവനായ അന്ത്യോഖ്യായുടെയും പൗരസ്ത്യദേശം മുഴുവന്റെയും പാത്രിയർക്കീസായ നിദാന്ത വന്ദ്യ ദിവ്യ മഹാമഹിമ ശ്രീ മോറാൻ മോർ ഇഗ്നാത്യോസ് യാക്കൂബ് തൃതീയന്റെ മുമ്പാകെയും എന്റെ തലവൻ പാത്രിയർക്കീസാണെന്നും പരിശുദ്ധ ശ്ളീഹന്മാരുടെ തലവനായ മോർ പത്രോസ് മുതൽ അങ്ങ് വരെയുള്ള അങ്ങയുടെ പ. സിംഹാസനത്തിൽ വാണിട്ടുള്ളവരും അങ്ങേയ്ക്കു ശേഷം ഇനി വാഴുന്നവരുമായ എല്ലാ കാനോനിക പാത്രിയർക്കീസന്മാരെയും സ്വീകരിക്കുകയും ചെയ്യുന്നുവെന്നും, ഞാൻ വിശ്വസിച്ച് ഏറ്റുപറയുന്നു. അന്ത്യോഖ്യായുടെ പരിശുദ്ധ സിംഹാസനവുമായുള്ള എന്റെ ബന്ധം ഒരിക്കൽ കൂടി ഞാൻ ഏറ്റു പറയുന്നു. ഈ സത്യപ്രതിജ്ഞയിൽനിന്ന് ഒരുനാളും ഞാൻ വിട്ടുപോകുന്നതല്ലെന്ന് ഇതിനാൽ ദൈവതിരുമുമ്പാകെ ഭക്തിപുരസരം ആണയിട്ടു പറയുന്നു."[10.1]□

"I the feeble and meek Ougen Mor Themothios, chosen for ecclesiastical office of the Catholicose, confess my belief before this synod and before the Head of this synod, H.H. Moran Mor Ignatius Yacob III, Patriarch of Antioch and all the East, that the Patriarch is my Head, that I accept from St. Peter the Head of the Holy Apostles upto your Holiness all the canonical Patriarchs who have reigned on Your Holiness's throne and all those who come after Your Holiness. Once again, I repeat my canonical connection with the Holy throne of Antioch. I swear that I shall not depart from this solemn Oath."[10.2]

---

10.1) സഭാവാർത്തകൾ 1973 February 9 (Good Hope Printers, Kottayam)
10.2) *Illustrated weekly of India*, Vol. XLVI 51 (December 21-27, 1975)

<u>രേഖ-5</u>

# സഭയുടെ ഉയർച്ചയ്ക്കുവേണ്ടി സർവ്വകഴിവും സമർപ്പിക്കും: നിയുക്ത കാതോലിക്കാ

വട്ടക്കുന്നേൽ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവായെ തൽസ്ഥാനത്തേക്കു തെരഞ്ഞെടുത്ത 1970 ഡിസംബർ 31-ാം തീയതി അദ്ദേഹം നടത്തിയ പ്രസംഗവും 'മലയാള മനോരമ' റിപ്പോർട്ടും പ്രത്യേകം ശ്രദ്ധാർഹമാണ്. പ്രസ്തുത വാഗ്ദാനങ്ങൾ നിലനിർത്തുവാൻ ബാവായ്ക്കോ 'മനോരമ' സാരഥിയുടെ പിൻഗാമിക്കോ സാധിച്ചില്ലെന്നത് മലങ്കരസഭയുടെ ദൗർഭാഗ്യം എന്നല്ലാതെ എന്തു പറയുവാൻ!

കോട്ടയം, ഡിസംബർ 31

ദൈവത്തിൽ ആശ്രയിച്ചുകൊണ്ടു തന്റെ സർവകഴിവുകളും മലങ്കര സുറിയാനി സഭയുടെ ഉന്നമനത്തിനുവേണ്ടി സമർപ്പിക്കുന്നതാണെന്നു നിയുക്ത കാതോലിക്കാ മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ പ്രഖ്യാപനം ചെയ്തിരിക്കുന്നു.

നിയുക്ത കാതോലിക്കായായി ഇന്നു തെരഞ്ഞെടുക്കപ്പെട്ട മാത്യൂസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്താ തെരഞ്ഞെടുപ്പിനുശേഷം അനുമോദനങ്ങൾക്കു മറുപടി പറയുകയായിരുന്നു.

ഭിന്നത നിലവിലിരുന്ന കാലഘട്ടത്തിൽ രണ്ടു കൈവഴികളിലായി തിരിഞ്ഞ് ഒഴുകിയശേഷം വീണ്ടും ഒന്നായ ഒരു നദിയോട് നിയുക്ത കാതോലിക്കാ മലങ്കരസഭയെ ഉപമിച്ചു. രണ്ടു വിഭാഗങ്ങളിലെയും കാലം ചെയ്ത മെത്രപ്പോലീത്താന്മാരെ ഒരു സഭയിലെ മെത്രാപ്പോലീത്തന്മാരായിട്ടല്ലാതെ തനിക്കു കാണാൻ കഴിഞ്ഞിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു.

1969-ൽ താൻ അന്ത്യോഖ്യയിലെത്തി പ. പാത്രിയർക്കീസു ബാവായുമൊന്നിച്ചു താമസിച്ചതും സൗഹൃദനിർഭരമായ സ്വീകരണം ലഭിച്ചതും മെത്രാപ്പോലീത്ത അനുസ്മരിച്ചു.

<u>മലങ്കരസഭയും അന്ത്യോഖ്യൻ സഭയും തമ്മിലുള്ള ബന്ധവും സൗഹൃദവും പുലർത്തുന്നതിനു കഴിവുള്ളതെല്ലാം ചെയ്യുമെന്നും മെത്രാപ്പോലീത്താ പ്രസ്താവിച്ചു.*</u>

---

* ഈ പ്രസ്താവനയുടെ അന്തഃസത്തയിൽ ഉറച്ചുനിൽക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ലെന്നത് മലങ്കരസഭയുടെ നിർഭാഗ്യം എന്നല്ലാതെ എന്തു പറയുവാൻ!

## കണ്ണിലെ കൃഷ്ണമണി

മലങ്കരസഭയെ കൃഷ്ണമണിയെപ്പോലെ താൻ സ്നേഹിക്കുമെന്നും സഭയുടെ പുരോഗതിക്ക് ഒന്നാം സ്ഥാനം നൽകുമെന്നും മെത്രാപ്പോലീത്താ പറഞ്ഞു.

സഭ ആദ്ധ്യാത്മികമായി മോശമായ നിലയിലല്ല എന്നതാണ് ഒരു വാക്കുപോലും എതിരായി ഉച്ചരിക്കാതെ ഇന്നു നടന്ന അസോസിയേഷൻ വ്യക്തമാക്കുന്നതെന്നും ഇതൊരു മഹാസംഭവമാണെന്നും അദ്ദേഹം പ്രസ്താവിച്ചു.

നിയുക്ത കാതോലിക്കായെയും പുതിയ മാനേജിംഗ് കമ്മറ്റി അംഗങ്ങളെയും അനുമോദിച്ചുകൊണ്ടും അവർ ചേയ്യേണ്ട ചില കാര്യങ്ങൾ അവരെ അനുസ്മരിപ്പിച്ചുകൊണ്ടും നിരണം ഭദ്രാസനത്തിന്റെ തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത, വൈദിക ട്രസ്റ്റി വെ. റവ. റ്റി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പ, മലയാള മനോരമ ചീഫ് എഡിറ്റർ കെ. എം. ചെറിയാൻ, പി.എസ്.റ്റി.എ.യുടെ പ്രസിഡന്റുകൂടിയായ ശ്രീ. കെ. എ. ജോർജ്, ബസേലിയോസ് കോളേജ് ലക്ചറർ ഒ.എം. മാത്യു എന്നിവർ പ്രസംഗിക്കുകയുണ്ടായി.

## ദൈവികം

പ. സുന്നഹദോസിന്റെ പരുമല സമ്മേളനവും തെരഞ്ഞെടുപ്പു സംബന്ധിച്ച കാര്യങ്ങളും തോമ്മാ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ വിവരിക്കുകയും ദൈവികമായ തെരഞ്ഞെടുപ്പാണു നടന്നതെന്നു പ്രസ്താവിക്കുകയും ചെയ്തു. നിയുക്ത കാതോലിക്കായ്ക്കും പുതിയ മാനേജിംഗ് കമ്മിറ്റിക്കും സഭാംഗങ്ങളുടെ പിന്തുണ വെ. റവ. റ്റി. എസ്. ഏബ്രഹാം കോർഎപ്പിസ്കോപ്പാ വാഗ്ദാനം ചെയ്തു.

## പ്രശംസനീയ നേട്ടം

മൂവായിരംപേർ കൂടി ഏകാഭിപ്രായമായി തെരഞ്ഞെടുപ്പുകൾ നടത്തുകയെന്നതു അദ്ഭുതകരവും പ്രശംസനീയവുമായ ഒരു നേട്ടമാണെന്ന് ശ്രീ. കെ. എം. ചെറിയാൻ പ്രസ്താവിച്ചു. ഇന്നത്തെ ലോകത്തിൽ എവിടെയും ഏതു തെരഞ്ഞെടുപ്പു സംബന്ധിച്ചും വാശിയും പ്രചാരണങ്ങളും മത്സരവും സംഘട്ടനങ്ങളുംകൊണ്ടു മുഖരിതമായിരിക്കുന്ന സാഹചര്യമാണുള്ളത്. വാശിക്കും കേസിനും ഒന്നും ആരുടെയും പിന്നിലല്ലെന്നു തെളിയിച്ചിട്ടുള്ള നാം യാതൊരൊച്ചപ്പാടും കാൻവാസിംഗും തർക്കവും കൂടാതെ ഇന്നത്തെ തെരഞ്ഞെടുപ്പു പൂർത്തിയാക്കിയതിൽ താൻ അഭിമാനം കൊള്ളുന്നുവെന്നും ഒരിക്കൽകൂടി എല്ലാവരെയും താൻ അനുമോദിക്കുന്നുവെന്നും ശ്രീ. ചെറിയാൻ പറഞ്ഞു. അദ്ദേഹം തുടർന്നു- ഇനിയും എനിക്ക് അനുമോദിക്കുവാനുള്ളത് പ. കാതോലിക്കാ ബാവായുടെയും മലങ്കര

മെത്രാപ്പോലീത്തായുടെയും പിൻഗാമിയായി നമ്മൾ ഏകകണ്ഠമായി തെടഞ്ഞെടുത്ത മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെയാണ്. വളരെ വർഷങ്ങൾ മുമ്പ് അദ്ദേഹം ഒരു ഓർഫനേജിന്റെ ചുമതല ഏറ്റെടുത്തഘട്ടം ഓർക്കുന്നു. ദിവംഗതനായ എന്റെ പിതാവിന്റെ പ്രത്യേകം ശ്രദ്ധയ്ക്കും താൽപര്യത്തിനും യുവവൈദികനായിരുന്ന അദ്ദേഹം വിഷയീഭവിച്ചത് അന്നായിരുന്നു. അത്താനാസ്യോസ് മെത്രാപ്പോലീത്തായോടു വലിയ വാത്സല്യവും അദ്ദേഹത്തിന്റെ കഴിവിൽ അഭിനന്ദനവും എന്റെ പിതാവിനുണ്ടായിരുന്നു. മെത്രാപ്പോലീത്തായെക്കുറിച്ച് വലിയ പ്രതീക്ഷകളും സ്വപ്നങ്ങളും എന്റെ പിതാവിനുണ്ടായിരുന്നതു ഞങ്ങളിൽനിന്നു മറച്ചു വയ്ക്കപ്പെട്ടിരുന്നില്ല. അദ്ദേഹത്തിന്റെ സ്വപ്നങ്ങൾ സാക്ഷാൽക്കരിച്ചതിലുള്ള ചാരിതാർത്ഥ്യവും ഈയവസരത്തിൽ എനിക്കുണ്ട്.

അതുപോലെതന്നെ മറ്റൊരഭ്യർത്ഥനയും എനിക്കു നിങ്ങളുടെ അടുക്കലും നിയുക്ത കാതോലിക്കായുടെ അടുക്കലും സമർപ്പിക്കാനുണ്ട്. ഭരണപരമായി മലങ്കരസഭ സ്വതന്ത്രമാണ്. ആ സ്വാതന്ത്ര്യത്തിൽ നാം അഭിമാനിക്കുകയും ചെയ്യുന്നു. എന്നാൽ നമുക്ക് വിലപ്പെട്ട ഒരു സമ്പാദ്യമുണ്ട്. അന്ത്യോഖ്യൻ സഭയും പാത്രിയർക്കാസിംഹാസനവുമായിട്ടുള്ള അഭേദ്യമായ ബന്ധമാണ് ഈ സമ്പാദ്യം. ലോകത്തിലെ എല്ലാ ക്രിസ്തീയ സഭകളും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്ന മൂന്നു സാർവത്രിക സുന്നഹദോസുകൾ ഉണ്ട്. നിഖ്യാ, കോൺസ്റ്റാന്റിനോപ്പിൾ, എഫേസൂസ്. ഈ മൂന്നു പുരാതന സുന്നഹദോസുകൾ ഏകമായിരുന്ന സഭ നടത്തിയതാണ്. അന്നംഗീകരിച്ചു സ്ഥാപിക്കപ്പെട്ട നാലു പാത്രിയർക്കാ ആസ്ഥാനങ്ങളാണ് റോം, കോൺസ്റ്റാന്റിനോപ്പിൾ, അലക്സാൻഡ്രിയ, അന്ത്യോഖ്യാ. അവയിൽ ഏറ്റവും പുരാതനമായ അന്ത്യോഖ്യായോടാണ് നമ്മുടെ സഭ ബന്ധപ്പെട്ടിരിക്കുന്നത്.

അതിൽ ഏതൊരു സുറിയാനി സഭാംഗത്തിനും സമർഹമായ അഭിമാനത്തിനവകാശമുണ്ട്. ആ ബന്ധം നമ്മുടെ സഭ നിലനിർത്തണമെന്നുള്ളത് മുൻപാത്രിയർക്കീസ് പക്ഷത്തു നിന്നവരുടെ മാത്രം ആഗ്രഹമാണെന്നു വല്ലവരും ധരിച്ചിട്ടുണ്ടെങ്കിൽ അതു സർവ്വാബദ്ധമാണ്. ഞാൻ ഒരു കാതോലിക്കാ പക്ഷക്കാരനായിരുന്നുവെന്നു നിങ്ങൾ സമ്മതിക്കുമെന്നാണെന്റെ വിശ്വാസം. എന്നാൽ ഞാൻ തുറന്നുപറയട്ടെ നമ്മുടെ സഭയ്ക്കു അന്ത്യോഖ്യയുമായി ഇപ്പോൾ ഉള്ള ബന്ധത്തെ ഏതെങ്കിലും വിധത്തിൽ നഷ്ടപ്പെടുത്താനുള്ള ഏതു ശ്രമത്തെയും എതിർക്കുന്ന കൂട്ടത്തിലായിരിക്കും ഞാൻ.* അങ്ങ

*അദ്ദേഹം ആ പ്രതിജ്ഞ അക്ഷരംപ്രതി പാലിച്ചു. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമികൾക്കും സ്ഥാപനത്തിനും അതു സാധിക്കാതെ പോയി.

നെയൊരു ദുർബുദ്ധി[*] നമ്മളിൽ ആർക്കും തോന്നാതിരിക്കട്ടെ എന്നാണെന്റെ പ്രാർത്ഥന. കാതോലിക്കാ ബാവായുടെ പിൻഗാമി ആയി ഇന്നു തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മെത്രാപ്പോലീത്താ അക്കാര്യത്തിൽ ദത്തശ്രദ്ധനാണെന്നുള്ളത് എന്നെ സംബന്ധിച്ചു കൂടുതൽ സന്തോഷജനകമാണ്.

## സന്തോഷജനകം

പുതുതായി തെരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മറ്റിയംഗ ങ്ങളേയും ഞാൻ അനുമോദിച്ചുകൊള്ളുന്നു. കഴിഞ്ഞ അഞ്ചു കൊല്ലം ഞാനും അതിലെ അംഗമായിരുന്നു. ആ കാലഘട്ടത്തെക്കുറിച്ച് എനിക്കു ഏറ്റവും സന്തോഷജനകമായ സ്മരണ രണ്ടു കക്ഷികൾ എന്നൊന്ന് സഭയിൽ ഇല്ലായിരുന്നുവെന്ന് തോന്നത്തക്കവിധത്തിൽ മാനേജിംഗ് കമ്മറ്റിയംഗങ്ങൾ അഹമഹമികയാ സമാധാനത്തിന്റെയും സ്നേഹ ത്തിന്റെയും സഹകരണത്തിന്റെയും അന്തരീക്ഷം നിലനിറുത്തു ന്നതിൽ പ്രദർശിപ്പിച്ചിരുന്ന നിഷ്ഠയും ഉത്സാഹവും ആണ്. ആ അന്തരീക്ഷം നിലനിറുത്തി ഉറപ്പിക്കയെന്നതായിരിക്കട്ടെ പുതിയ കമ്മറ്റിയുടെയും നേട്ടം. (ശ്രീ. കെ.എം. ചെറിയാന്റെ പ്രസംഗം ശ്രീ. എൻ.എം. ഏബ്രഹാം വായിക്കുകയായിരുന്നു.)

സഭയിലെ ആദ്ധ്യാത്മിക ജീവിതത്തിന് ക്ഷതം തട്ടിയിട്ടുണ്ടെ ന്നും സമുദായത്തിലെ ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കുന്നതിനു വേണ്ടി ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു പ്രാധാന്യം നൽകണ മെന്നും ശ്രീ. കെ.എ. ജോർജ് നിയുക്ത കാതോലിക്കായോട് അഭ്യർ ത്ഥിച്ചുകൊണ്ട് 15 ലക്ഷം സഭാംഗങ്ങളുടെയും പിൻതുണ വാഗ്ദാനം ചെയ്തു.

കാതോലിക്കാ മംഗളഗാനം, ചിയേഴ്സ് എന്നിവയോടുകൂടെ യോഗം മൂന്നു മണിക്കു സമാപിച്ചു.

---

[*] ആ ദുർബുദ്ധിയിൽ മലങ്കരസഭ വീണ് കരകയറുവാൻ കഴിയാതെ ഇന്നും വീർപ്പുമുട്ടുന്നു.

**രേഖ-6**

# റവ. ഫാ. പോൾ വർഗീസിന്റെ കത്ത്

**കുറിപ്പ്:** വൈദിക സെമിനാരി പ്രിൻസിപ്പലും മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയും പണ്ഡിതപ്രമുഖനുമായിരുന്ന റവ. ഫാ. പോൾ വർഗീസ് സഭാ സമാധാന കാലയളവിൽ തികഞ്ഞ സംയമനത്തോടെ പ്രവർത്തിച്ചിരുന്ന വ്യക്തിയാണ്. അദ്ദേഹത്തിന്റെ എഴുത്തുകളും ദർശനങ്ങളും അദ്ദേഹം തന്നെ പിന്നീട് അവഗണിച്ചുകളഞ്ഞു എന്നതും സ്വന്ത ആശയങ്ങൾക്കു വിരുദ്ധമായി അദ്ദേഹം പ്രവർത്തിച്ചു എന്നതും ഒരു വിചിത്ര സത്യമായി അവശേഷിക്കുന്നു. പൗലോസ് മോർ ഗ്രീഗോറിയോസ് എന്ന പേരിൽ ലോകപ്രശസ്തനായ അദ്ദേഹം ഈ കത്തിലെ ആശയങ്ങൾ പിന്നീട് വിസ്മരിക്കുകയും സ്വതന്ത്രസഭാവാദത്തിന്റെ വക്താവായിത്തീരുകയും ചെയ്തു. സ്വയശീർഷക സഭ എന്ന ബൈസന്റൈൻ സഭാശയം മലങ്കരസഭാ പ്രശ്നത്തിൽ കടം എടുത്തുകൊണ്ടുവന്നതും അദ്ദേഹമായിരുന്നു. വൈദികനായിരുന്ന കാലത്തെ ആശയഗതിയിൽനിന്നും പിന്നീട് അദ്ദേഹം എടുത്ത നിലപാടുകളിലെ വൈരുദ്ധ്യം എത്രപ്രകടമായിരുന്നു എന്ന് ഈ രേഖ വ്യക്തമാക്കുന്നു.

**അവലംബം:** ശീമ വാർത്തകൾ, 1968 ഒക്ടോബർ pp 23, 24

Phone: 3526

**THE ORTHODOX THEOLOGICAL SEMINARY**

**Fr. T. Paul Verghese**
PRINCIPAL

KOTTAYAM – 1
KERALA
October 9, 1968

**The Very Revd. Fr. Aphraim Aboodi Remban,**
**Representative in India of the Syrian Patriarchate of Antioch & All the East,**
**Mathoor P. O.**
Via PATHANAMTHITTA.

അങ്ങ് സദയം അയച്ച എഴുത്തു വന്നപ്പോൾ ഞാൻ യൂറോപ്പിലായിരുന്നു. ഇതു ശീമവാർത്തയിൽ പ്രസിദ്ധീകരിക്കുവാൻ[1] തക്ക സമയത്ത് അവിടെ എത്തുമെന്നു വിചാരിക്കുന്നു.

അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പ. മോറാൻ മോർ ഇഗ്നാത്യോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ നേർക്ക്, ആകമാന സുറിയാനിസഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ മാത്രമല്ല, വ്യക്തിപരമായും എനിക്കു

---

1. 1968-ൽ പാത്രിയർക്കാദിനത്തോടനുബന്ധിച്ച് പ്രസിദ്ധീകരിച്ച സ്മരണികയിൽ പ്രസിദ്ധീകരിക്കുവാൻ എഴുതിയത്.

പ്രത്യേക കടപ്പാടുണ്ട്. ഞാൻ ഒരു പുരോഹിതനായി സഭാസേവനത്തിൽ ഏർപ്പെട്ടിരിക്കുന്നതിന്റെ കാരണക്കാരൻ ദൈവം കഴിഞ്ഞാൽ പ. ബാവാ തിരുമേനിയാണ്.

നമ്മുടെ സഭയിൽ സമാധാനവും, സംയോജിപ്പും കരഗതമാകുവാൻതക്കവണ്ണമുള്ള പ.ബാവാ തിരുമേനിയുടെ മഹാമനസ്കത നിറഞ്ഞ പ്രവൃത്തിയാണ് ഒമ്പതു വർഷങ്ങൾക്കു മുമ്പ് ന്യൂഡൽഹിയിലെ ഒരു ഹോട്ടൽ മുറിയിൽ കൃതജ്ഞതാപൂർവ്വം ദൈവസന്നിധിയിൽ കവിണ്ണുവീണ് ദൈവത്തിന്റെ ബലിപീഠത്തിങ്കലെ ശുശ്രൂഷയ്ക്കായി എന്റെ ജീവിതം സമർപ്പിക്കുവാൻ എന്നെ പ്രേരിപ്പിച്ചത്. നമ്മുടെ സഭയിൽ സമാധാനമുണ്ടായിരുന്നില്ലായിരുന്നുവെങ്കിൽ, ഞാൻ ഇപ്പോഴും എത്യോപ്യൻ ചക്രവർത്തിയുടെ സേവനത്തിലോ, ലോകത്തിൽ മറ്റെവിടെയെങ്കിലുമോ തുടർന്നുപോകുമായിരുന്നു.

കഴിഞ്ഞ അരശതാബ്ദക്കാലം മറ്റു പല മഹാന്മാരും സാധിക്കുവാൻ കിണഞ്ഞു ശ്രമിച്ചിട്ടും പരാജയപ്പെട്ട കാര്യം സാധിച്ച ഈ ബുദ്ധിമാനായ[2] പാത്രിയർക്കീസ് ബാവാ തിരുമേനിയുടെ മഹാമനസ്കതയ്ക്കും, ദീർഘവീക്ഷണത്തിനും മുമ്പാകെ എന്റെ വിനീതമായ പ്രശംസകൾ പരസ്യമായി സമർപ്പിക്കുവാനുള്ള അവസരമാണ് പ. തിരുമനസ്സിലെ സിംഹാസനാരോഹണത്തിന്റെ ഈ 11-ാം വാർഷികാഘോഷസന്ദർഭം എനിക്കു പ്രദാനം ചെയ്തിരിക്കുന്നത്.

ഇന്ത്യയിലെ നമ്മുടെ സഭ മഹാനായ ഈ പാത്രിയർക്കീസ് ബാവാ തിരുമേനിയോട് എന്നും കൃതജ്ഞരായിരിക്കുകയും, നമ്മുടെ സഭയിലെ യോജിപ്പാകുന്ന ആ മഹത്തായ സംഭവത്തിന്റെ സ്മരണ നിലനിർത്തുവാനും, നമ്മുടെ സഭയുടെ പരമാദ്ധ്യക്ഷനും, ആദ്ധ്യാത്മിക നേതാവുമായ ഈ തിരുമേനിയുടെ ബഹുമാനാർത്ഥവുമായി ഏതെങ്കിലും ഒരു സ്മാരകം പടുത്തുയർത്തേണ്ടതുമാകുന്നു.

അന്ത്യോഖ്യാപേട്രിയാർക്കേറ്റുമായി അകൽച്ച വരുത്തിവെച്ചേക്കാവുന്ന ഏതെങ്കിലും വാക്കുകൾമൂലം, അദ്ദേഹത്തിന്റെ ഹൃദയത്തെ നാം വേദനിപ്പിക്കുന്നുവെങ്കിൽ അതു നമ്മുടെ ഭാഗത്തു നന്ദികേടിന്റെ പാരമ്യവും, ഏറ്റം പരിതാപകരമായ ദോഷത്വവുമായിരിക്കും.[3] നമുക്കു നമ്മുടെ സ്വന്തം കാതോലിക്കാബാവായും ഭരണസ്വാതന്ത്ര്യവും ഉള്ളവരാണെങ്കിലും, ഇന്ത്യയിലുള്ളവരായ നാം ഈ

2. ഈ ബുദ്ധിമാനായ പാത്രിയർക്കീസിനെക്കുറിച്ച് ഇദ്ദേഹം പിന്നീട് എഴുതിയ അവസരവാദപരമായ പ്രസ്താവന 'പെരുമ്പിള്ളി തിരുമേനി: മലങ്കരസഭയുടെ കാൽനൂറ്റാണ്ട്' (കുര്യാക്കോസ് കോർ എപ്പിസ്കോപ്പ മൂലയിൽ എഴുതിയത്) 4-ാം അധ്യായം അടിക്കുറിപ്പ് 39 രേഖയിൽ പറയുന്നത് താരതമ്യം ചെയ്യുന്നത് രസാവഹമായിരിക്കും.

3. ഇങ്ങനെയൊരു 'പരിതാപകരമായ ഭോഷത്വത്തിന്' നിർഭാഗ്യവശാൽ കൂട്ടുനിൽക്കേണ്ടിവന്ന ഗതികേടും അഭിവന്ദ്യ പോൾ വർഗീസ് (പിന്നീട് മോർ ഗ്രീഗോറിയോസ്) തിരുമേനിക്കും ഉണ്ടായി.

പേട്രിയാർക്കേറ്റിലുള്ളവരാണ്. അന്ത്യോഖ്യായുടെ ആ പാരമ്പര്യമല്ലാതെ-ഒരുകാലത്ത് ചൈനയും കൊറിയായും വരെ-ഏഷ്യയിൽ ഉടനീളം വ്യാപിച്ചിരുന്ന മഹത്തായ സുറിയാനിസഭയുടെ പാരമ്പര്യമല്ലാതെ- നമ്മുടെ പൗരാണികപാരമ്പര്യം പുനരുജ്ജീവിപ്പിക്കുവാൻ മറ്റൊരു ആസ്ഥാനമില്ലതന്നെ.

ப. ബാവാ തിരുമനസ്സിലെ നേർക്ക്, ഇന്ത്യയിലുള്ള ലക്ഷോപലക്ഷം സിറിയൻ ഓർത്തഡോക്സ് ക്രിസ്ത്യാനികൾ[4]ക്കുള്ള വിശ്വസ്തവഴക്കവും, ബഹുമാനാദരവുകളും, തിരുമനസ്സിലെ സിംഹാസനാരോഹണത്തിന്റെ 11-ാം വാർഷികാഘോഷവേളയിൽ ഉള്ള വിനീതമായ അനുമോദനങ്ങളും ശുഭാശംസകളും പ. ബാവാ തിരുമനസ്സിലെ സന്നിധിയിൽ താങ്കൾ അറിയിക്കണമെന്നു ഞാനാഗ്രഹിക്കുന്നു. പ. ബാവാ തിരമേനിക്കു നമ്മുടെ ജനങ്ങളേയും സഭയേയും കുറിച്ച് സമ്യക്കായ അറിവുള്ളതിനാൽ, തങ്ങളുടെ മൂക്കിൻപുറത്തുള്ളവയൊന്നും കാണാൻ കഴിവില്ലാത്തവരും, പഴയ വീക്ഷണത്തിൽ തന്നെ ഇപ്പോഴും കഴിഞ്ഞുകൂടുന്നവരുമായ ചിലരുടെ സൗഹാർദ്ദപരമല്ലാത്തതും, മര്യാദരഹിതവുമായ ചില പരാമർശനങ്ങൾ[5] കാര്യമായി എടുക്കുകയില്ല എന്നു നമുക്കേവർക്കുമറിയാം.

സുദീർഘകാലം, ക്രിസ്തുവിന്റെ നാമത്തിൽ, നമ്മുടെ സഭയുടെ അദ്ധ്യക്ഷപദം വഹിപ്പാൻ, പ. ബാവാ തിരുമേനിക്ക് ദീർഘായുസ്സും മന:ശാന്തിയും, പരിശുദ്ധാത്മാവിന്റെ അനുഗ്രഹങ്ങളും ധാരാളമായി പ്രദാനംചെയ്യട്ടെ.

സസ്നേഹം,
ഫാദർ പോൾ വർഗീസ്

*(അടിവര ചേർത്തത്)*

---

4. സഭയുടെ പേര് അദ്ദേഹം 'സിറിയൻ ഓർത്തഡോക്സ്' എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. 'ഓർത്തഡോക്സ് സിറിയൻ' എന്ന വികല പ്രയോഗം ഒഴിവാക്കണമെന്ന് അദ്ദേഹം പിന്നീടു പറഞ്ഞിട്ടുണ്ട്.
5. സഭാ സമാധാനത്തിന്റെ 'സുവർണ കാലഘട്ട'ത്തിൽ പോലും പാത്രിയർക്കാബന്ധത്തെയും സഭാ സമാധാനശില്പികളെയും വിസ്മരിച്ച് പറയുകയും എഴുതുകയും ചെയ്യുന്നവരെക്കുറിച്ച് 'മര്യാദ' ഇല്ലാത്തവരെന്ന് എഴുതിയ വന്ദ്യ തിരുമേനിക്ക് പിന്നീട് അവരേപ്പോലെ ആകേണ്ടിവന്നുവെങ്കിലും സഭയിലെ സമാധാനവും ഐക്യവും അദ്ദേഹത്തിന്റെ തീവ്രമായ അഭിലാഷമായിരുന്നു.

**രേഖ-7**

# ചർച്ച് വീക്‌ലി മുഖപ്രസംഗം

**കുറിപ്പ്:** പ. പാത്രിയർക്കീസ് ബാവായുടെ സ്ഥാനാരോഹണ വാർഷികാഘോഷത്തോടനുബന്ധിച്ച് 1968 ഒക്ടോബർ മാസത്തിൽ 'ചർച്ച് വീക്‌ലി' എഴുതിയ അർത്ഥവത്തായ ഒരു പത്രാധിപലേഖനം ചരിത്രപരമായി വളരെ പ്രാധാന്യം അർഹിക്കുന്നതാണ്. എഴുപതുകളിലെ ഭിന്നതകൾ ഒഴിവാക്കുവാൻ പാത്രിയർക്കീസ് പക്ഷം മുന്നോട്ടുവച്ച അഭിലാഷം 'മാർതോമാ സിംഹാസന'വും 'സ്വതന്ത്രസഭാ വാദവും' ഉപേക്ഷിക്കണം എന്നു മാത്രമായിരുന്നു. ഈ ആശയഗതിയെ ന്യായീകരിക്കുന്ന മുഖപ്രസംഗം എഴുതിയത് പത്രാധിപർ ശ്രീ. എൻ.എം. ഏബ്രഹാം ആയിരിക്കുവാനാണ് സാധ്യത. 1970 ഡിസംബർ 31-നു കൂടിയ മലങ്കര അസോസിയേഷൻ യോഗത്തിൽ (രേഖ-5) ശ്രീ. കെ.എം. ചെറിയാന്റെ പ്രസംഗം വായിച്ചതും ശ്രീ. എൻ.എം. ഏബ്രഹാം ആണ്. മനോരമ പത്രാധിപർ യശഃശരീരനായ കെ.എം. ചെറിയാനെപ്പോലെ സഭാസമാധാനകാംക്ഷികളായിരുന്നു മുൻ കാതോലിക്കാപക്ഷക്കാരുടെ ഒരു പൊതുചിന്താധാരകൂടിയാണ് ഈ ലേഖനത്തിൽ തുടിച്ചുനിൽക്കുന്നത്.

**അവലംബം:** *ശീമവാർത്തകൾ* 1968 ഒക്ടോബർ.

## പാത്രിയർക്കാദിനം

ഒക്ടോബർ 27-ാം തീയതി ප. അന്ത്യോഖ്യാ പാത്രിയർക്കീസ് യാക്കൂബ് തൃതീയൻ തിരുമേനിയുടെ സ്ഥാനാരോഹണത്തിന്റെ സ്മരണാദിനമാണ്. മലങ്കരസഭയും ആ ദിനം സമുചിതമായി ആഘോഷിക്കുവാൻ പ. കാതോലിക്കാബാവാ തിരുമേനി പള്ളികൾക്കു കല്പന അയച്ചിട്ടുണ്ട്. തപാൽജീവനക്കാരുടെ പണിമുടക്കുമൂലം കല്പന എല്ലാ പള്ളികളിലും യഥാസമയം എത്തിക്കാണുമോയെന്നു നിശ്ചയമില്ല. എങ്കിലും പത്രങ്ങൾ വഴിയായി ഈ വിവരം സഭാംഗങ്ങൾ അറിഞ്ഞിരിക്കും. പ. പാത്രിയർക്കീസ് ബാവാതിരുമേനിക്കുവേണ്ടി പ്രാർത്ഥിക്കുവാനും, തിരുമേനിക്ക് ആയുരാരോഗ്യങ്ങൾ നേരുവാനുമുള്ള ഒരു പ്രത്യേക ദിനമാണിത്. ലോകമൊട്ടുക്കുള്ള സിറിയൻ ഓർത്തഡോക്സ് സഭാംഗങ്ങൾ ആ ദിനാചരണത്തിൽ പങ്കെടുക്കുന്നു. സിറിയൻ ഓർത്തഡോക്സ് സഭയുടെ ഒരു ഭാഗമായ[1] മലങ്കരയ്ക്കും ആ ദിനം യഥോചിതം ആചരിക്കുവാൻ ബാദ്ധ്യതയുണ്ട് പുരാതനമായ അന്ത്യോഖ്യാ പാത്രിയർക്കാസിംഹാസനത്തിൽ വാണരുളുന്ന ഒരു തിരുമേനിയെന്ന നിലയിൽ മാത്രമല്ല,

1. മലങ്കരസഭ 'സിറിയൻ ഓർത്തഡോക്സ് സഭയുടെ ഭാഗം തന്നെയെന്നു പറയുന്നതോടൊപ്പം ഓർത്തഡോക്സ് സിറിയൻ' എന്ന ഇരുസഭാധ്വനിവരുന്ന ഭരണഘടനയിലെ ബുദ്ധിപൂർവ പ്രയോഗങ്ങൾ ഒഴിവാക്കുന്നു എന്നത് ശ്രദ്ധിക്കുക.

തിരുമേനി മലങ്കരസഭയുടെ ഭക്തിബഹുമാനാദരവുകൾ അർഹിക്കുന്നത്. വ്യക്തിപരമായ കാരണങ്ങൾക്കൊണ്ടു യാക്കൂബ് തൃതീയൻ തിരുമേനി മലങ്കരസഭയ്ക്കു പ്രിയങ്കരനാണ്. അമ്പതു നീണ്ട വർഷ ങ്ങൾ തമ്മിൽത്തല്ലി നശിച്ചുകൊണ്ടിരുന്ന മലങ്കരസഭയ്ക്കു സമാധാനം പ്രദാനം ചെയ്ത ആ അഭിവന്ദ്യതിരുമേനിയാണ്. ആ ഒരൊറ്റ ക്കാരണംകൊണ്ട് തിരുമേനി മലങ്കരയ്ക്കു ശാശ്വതസ്മരാണർഹ നാണ്. തിരുമേനിയോടുള്ള വ്യക്തിപരമായ കടപ്പാടുകൾ അതുകൊണ്ടു വളരെ വലുതാണ്. പാത്രിയർക്കാദിനാഘോഷങ്ങൾ ഇവിടെ വലിയ പ്രചാരത്തിലായിരുന്നില്ല. എന്നാൽ പ. യാക്കൂബ് തൃതീയൻ തിരുമേനിയെ സംബന്ധിച്ച് സഭ മുഴുവൻ വികാരാവേശത്തോടുകൂടി ഈ ദിനം കൊണ്ടാടത്തക്ക ചരിത്രപരമായ പ്രധാന്യം അതിനുണ്ട്.

മലങ്കരസഭാംഗങ്ങളിൽ പലർക്കുമുള്ള ഒരു തെറ്റിദ്ധാരണയുണ്ട്. കാതോലിക്കാ പക്ഷത്തുനിന്നിരുന്നവർക്കാണധികമുള്ളത്. പാത്രിയർക്കീസുപക്ഷത്തുനിന്നവരിലും ചുരുക്കം ചിലർക്ക് ആ തെറ്റിദ്ധാരണയുണ്ട്. ആ തെറ്റിദ്ധാരണ ഇതാണ്, മലങ്കരസഭയിലുള്ള ആഭ്യന്തരകലഹങ്ങൾക്കും വഴക്കുകൾക്കും, കേസുകൾക്കും എല്ലാം കാരണക്കാർ ശീമക്കാരാണെന്നു പലരും പറയുകയും വിശ്വസിക്കുകയും ചെയ്യുന്നുണ്ട്. ഇത്ര സർവ്വാബദ്ധമായ ഒരു ധാരണ ഉണ്ടാകാനില്ല. സ്വന്തം കുറ്റങ്ങളും കുറവുകളും കാണാനുള്ള കഴിവ് സാധാരണ ആരിലും കാണുക പതിവില്ലല്ലോ. മലങ്കരസഭയിൽ പല കാര്യങ്ങൾ സംബന്ധിച്ച വാശിയും വൈരാഗ്യവുമുണ്ടാകുമ്പോൾ ശീമക്കാരെ ഏതെങ്കിലും ഒരു കക്ഷി ഉപയോഗിക്കാൻ ശ്രമിക്കുന്നതിന്റെ ഫലമാണ് ഈ തെറ്റിദ്ധാരണ. ശീമക്കാർ നിഷ്പക്ഷമായും നീതിപൂർവ്വമായും കാര്യങ്ങൾ ഗ്രഹിച്ച് അങ്ങേയറ്റത്തെ ധാർമ്മികനിലവാരത്തിലും, സത്യക്രിസ്തീയ നിലവാരത്തിലും പ്രശ്നങ്ങളെ സമീപിക്കുവാൻ ശ്രമിച്ചിട്ടില്ലെന്നുള്ള പരാതി മറുകക്ഷിയിൽപ്പെട്ടവർക്കു തോന്നാം. എന്നാൽ അവരെ സ്വന്തം താൽപര്യങ്ങളനുസരിച്ചു തെറ്റിദ്ധരിപ്പിക്കുന്ന ജോലി മലങ്കരസഭയിലുള്ളവർ തന്നെയാണു നിർവ്വഹിക്കുന്നതെന്നുള്ള കഥ മറന്നാണ്ശീമക്കാരെ അപലപിക്കുന്നത്. ശീമക്കാരല്ല കേസും വ്യവഹാരങ്ങളും നടത്തുന്നത്. ഇവിടെയുള്ള സഭാംഗങ്ങൾതന്നെ രണ്ടായി തിരിഞ്ഞു പരസ്പരം പടവെട്ടുന്ന ദുർബുദ്ധിക്കു ശീമക്കാരെന്തു പിഴച്ചു. അവർക്കുണ്ടെന്ന അവരും വിശ്വസിക്കുന്ന അവകാശങ്ങളെ വകവച്ചു കൊടുക്കുന്ന ഒരു കക്ഷിയെ അവർ അനുകൂലിച്ചെങ്കിൽ അതു സ്വാഭാവികം മാത്രമാണ്. വഴക്കുണ്ടാക്കിയതും കേസു നടത്തിയതും ശീമക്കാരല്ല ഇവിടെയുള്ളവർതന്നെയാണ്. ഇവിടുത്തെ ഒരു കക്ഷി അവരെ ഉപയോഗിച്ചു. മറുകക്ഷിക്കാർക്ക് അതുകൊണ്ട് അവരോടു വിരോധവുമുണ്ടായി. പക്ഷേ

ആത്യന്തികമായ വിശകലനത്തിൽ സമുദായക്കേസിനും തർക്കങ്ങൾക്കുമുള്ള ഉത്തരവാദികൾ മലങ്കരസഭാംഗങ്ങൾ തന്നെയാണ്. ശീമയിലെ സഭയും മലങ്കരസഭയും ഒന്നായിരുന്നതുകൊണ്ടു ശീമക്കാരും ഒരു പക്ഷം പിടിച്ച് അതിൽ പങ്കെടുക്കാൻ ഇടയായി എന്നു മാത്രം.[2]

മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിനുവേണ്ടിയാണ് കാതോലിക്കാപക്ഷം പടവെട്ടിയതെന്നും അതുകൊണ്ട് അന്ത്യോഖ്യാ പാത്രിയർക്കീസുമായുള്ള ബന്ധവും ഇടപാടുകളും വളരെ സൂക്ഷിച്ചുവേണമെന്നും കരുതുന്നവർ ഇന്നും സഭയിലുണ്ട്. സഭയുടെ സ്വാതന്ത്ര്യം എന്നു പറയുന്നതിന് രാഷ്ട്രീയമായ അർത്ഥമല്ല കല്പിക്കേണ്ടത്. ക്രൈസ്തവസഭയുടെ ആദിമകാലത്ത് പൊതുസുന്നഹദോസുകൾ നടന്നിരുന്നത് സുപ്രസിദ്ധമായ ചരിത്രസംഭവങ്ങളാണ്. അന്ന് സ്വതന്ത്രമായ അഞ്ച് [3] പാത്രിയർക്കാ സിംഹാസനങ്ങളും ഉണ്ടായിരുന്നു. റോമാ, അലക്സാൻട്രിയ, കോൺസ്റ്റാന്റിനോപ്പിൾ, അർമ്മീനിയ,[4] അന്ത്യോഖ്യാ എന്നീ സിംഹാസനങ്ങൾ സ്വതന്ത്രമായി അതതു സഭകളുടെ ഭരണം നിർവ്വഹിച്ചിരുന്നു.[5] എന്നാൽ സഭ ഒന്നായിരുന്നു. അന്ത്യോഖ്യാസഭയും, ഗ്രീക്കുസഭയും, കോപ്റ്റിക്കുസഭയും, റോമാസഭയും, അർമ്മീനിയൻസഭയും ലോകസഭയുടെ ഭാഗങ്ങൾ മാത്രമായിരുന്നു. പൊതുസുന്നഹദോസുകളുടെ അംഗീകൃത നിശ്ചയമനുസരിച്ച് പ്രദേശികസഭകൾ ഭരണം നടത്തിപ്പോന്നു.

ഈ നിലയിൽ കാതോലികവും, അപ്പോസ്തലികവും, ഏകവും, വിശുദ്ധവുമായ സഭയുടെ ഭാഗമായിട്ടാണ് പുരാതന പ്രാദേശിക സഭകൾ നിലകൊള്ളുന്നതും നിലകൊള്ളേണ്ടതും. ഭരണപര

---

2. മലങ്കരസഭയിലെ വഴക്കുകളെപ്രതി ശീമക്കാർക്കെതിരെ പ്രസംഗിക്കുന്നവരും എഴുതുന്നവരും ഇന്നും വിസ്മരിക്കുന്ന ഒരു യാഥാർത്ഥ്യമാണിവിടെ വ്യക്തമാക്കിയിരിക്കുന്നത്. 'ശത്രുവിന്റെ ശത്രു മിത്രം' എന്നതുപോലെ 'ശത്രുവിന്റെ മിത്രം ശത്രു' എന്ന തത്ത്വത്തിലാണ് മലങ്കരസഭാംഗങ്ങളിൽ ചിലർ മലങ്കരസഭയ്ക്കുവേണ്ടി ത്യാഗം സഹിച്ച് ഇവിടെവന്നു ജീവിച്ച സുറിയാനിക്കാരായ പിതാക്കന്മാരെക്കുറിച്ച് അപകീർത്തികരമായി എഴുതുകയും മറ്റും ചെയ്യുന്നത്. ഈ ത്യാഗത്തിന് അവരെ പ്രേരിപ്പിച്ച ഘടകം 'ശീമയിലെ സഭയും മലങ്കരസഭയും ഒന്നായിരുന്നതുകൊണ്ടാണെന്ന് സത്യം വിസ്മരിക്കുന്നതാണ് യഥാർത്ഥ കാരണം.
3. 'ലോകത്തിന്റെ നാലുദിക്ക് എന്നപോലെ പാത്രിയർക്കാസിംഹാസനങ്ങൾ' എന്നാണ് സുന്നഹദോസ് നിശ്ചയം (ഹൂദായ കാനോൻ 7:1). അഞ്ചാമത്തെ പാത്രിയർക്കീസായ യെറുശലേം മെത്രാപ്പോലീത്തായ്ക്ക് സ്ഥാനികപദവി മാത്രമാണ് സുറിയാനി പാരമ്പര്യ രേഖകൾ പറയുന്നത്. ലേഖനത്തിൽ കാണുന്നത് ചരിത്രപരമായ കേവല പിശകുതന്നെയാണ്.
4. അർമേനിയ ഈ ചട്ടക്കൂടുകൾക്കുള്ളിൽ വരാതെ അക്കാലത്ത് വ്യത്യസ്തമായ ഒരു സാഹചര്യത്തിലായിരുന്നു നിലനിന്നിരുന്നത്.
5. സ്വതന്ത്രമായി പ്രാദേശിക ഭരണം നിർവഹിച്ചിരുന്ന കൂട്ടത്തിൽ 'മലങ്കരസഭ' ഇല്ലായിരുന്നു എന്നത് വളരെ സ്പഷ്ടമാണ്.

മായ സ്വാതന്ത്ര്യങ്ങൾ എല്ലാ സഭകൾക്കും ഉണ്ടെങ്കിലും, നിഖ്യാ, കോൺസ്റ്റാന്റിനോപ്പിൾ, ഏപ്പേസൂസ് എന്നീ പൊതു സുന്നഹദോസുകളുടെയും നിശ്ചയങ്ങൾ സർവ്വസഭകളും അംഗീകരിച്ചു. പൊതു സുന്നഹദോസുകളുടെ കാലത്തിന് വിരാമമിട്ടത് റോമാസഭയുടെ അധികാരഭ്രമമാണെന്നു പറയാം. എന്നാലും അലിഖിതമായ ഒരു ബന്ധം പുരാതന പാത്രിയർക്കീസ് സിംഹാസനങ്ങളും അവയുടെ നിയന്ത്രണത്തിലുള്ള സഭകളും തമ്മിലുണ്ട്. ഓരോ സഭയും സ്വതന്ത്രമാണെന്ന് ഒരുവിധത്തിൽ പറയാം. പക്ഷേ ആ സ്വാതന്ത്ര്യം പ. പൊതുസുന്നഹദോസുകളുടെ ചട്ടക്കൂട്ടിലാണ്.

മലങ്കരസഭ വി. മാർത്തോമാശ്ലീഹാ സ്ഥാപിച്ചതാണെന്നാണ് നമ്മുടെ പാരമ്പര്യം. അതിൽ നമുക്ക് അഭിമാനിക്കാനവകാശമുണ്ട്. അപ്പോസ്തലന്മാരിൽ ഒരാളായിരുന്ന മാർത്തോമ്മാശ്ലീഹായ്ക്ക് ഒരു പാത്രിയർക്കീസ് സിംഹാസനം സ്ഥാപിക്കാനുള്ള അവകാശമോ യോഗ്യതയോ ആരും നിഷേധിക്കുകയില്ല. അതുകൊണ്ട് മലങ്കരയിൽ മാർത്തോമ്മാശ്ലീഹായുടെ ഒരു സിംഹാസനം ഉണ്ടെന്നുള്ള സങ്കൽപമോ വാദമോ ഉണ്ടായാൽ അതു തീരെ അടിസ്ഥാനരഹിതമാണെന്നു പറഞ്ഞു തള്ളിക്കളയാവുന്നതല്ല. എന്നാൽ മാർത്തോമാ സഭയിലെ കുറെ പട്ടക്കാർ ചേർന്ന് ഒരു ബിഷപ്പിനെ വാഴിച്ചു. ഇവാഞ്ചലിക്കൽ സഭ വാഴിച്ചതുപോലെയല്ലല്ലോ ആ സിംഹാസനത്തിന് അംഗീകരണമുണ്ടാകേണ്ടത്. പരിശുദ്ധ പൊതുസുന്നഹദോസുകളുടെ കാലത്ത് മലങ്കരയുടെ മാർത്തോമ്മാ സിംഹാസനം അംഗീകരിക്കപ്പെട്ടിരുന്നില്ല. ആകമാനസഭയുടെ പുരാതനമായ അഞ്ചു പാത്രിയർക്കാ സിംഹാസനങ്ങളും ഒന്നായി വർത്തിച്ചിരുന്ന കാലത്തും മലങ്കരസഭ ഉണ്ടായിരുന്നുവെന്നാണല്ലോ നമ്മുടെ ചരിത്രപാരമ്പര്യം. എങ്കിലും പൊതുസഭയുടെ അംഗീകരണം മാർത്തോമ്മാ സിംഹാസനത്തിന് ലഭിച്ചിരുന്നില്ല.[6] അന്നത്തെ ഭൂമിശാസ്ത്രപരവും ഗതാഗതസൗകര്യങ്ങളുടെ നിലയുമായിരിക്കാം അതിനു കാരണം.

മലങ്കരസഭയ്ക്ക് കിഴക്കിന്റെ കാതോലിക്കായുമായുള്ള ബന്ധമുണ്ടായിരുന്നു എങ്കിലും, ഒരു പാത്രിയർക്കാ സിംഹാസനവുമായുള്ള സജീവബന്ധവും, അതിന്റെ പ്രശസ്തിയും വന്നുചേർന്നത് അന്ത്യോഖ്യായുമായുള്ള ബന്ധത്തിന് ശേഷമാണ്. നാലു നൂറ്റാണ്ടുകളുടെ തെളിവായ ചരിത്രം ആ ബന്ധത്തിലുണ്ട്. അതിനുമുമ്പുള്ള ബന്ധങ്ങൾ പല പാരമ്പര്യങ്ങളിൽനിന്നുമാത്രമേ അഭ്യൂഹിക്കാൻ കഴിയൂ. ഏതായാലും അന്ത്യോഖ്യാ സഭയുമായുള്ള ബന്ധമാണ് മലങ്കരസഭയുടെ പുരാതനത്വത്തിനും മഹിമയ്ക്കുമുള്ള ഒരാധാര

6. പൊതുസഭയുടെ അംഗീകരണമില്ലാത്തതിനാൽ മാർതോമാസിംഹാസനവാദം അടിച്ചേൽപ്പിക്കരുതെന്നു മാത്രമേ എഴുപതുകളിൽ പാത്രിയർക്കീസ് പക്ഷം വാദിച്ചിരുന്നുള്ളൂ.

മെന്നുള്ളത് ഒരു വസ്തുതയാണ്. മലങ്കരസഭ ഇപ്പോൾ സുറിയാനി സഭയുടെ ഭാഗവുമാണ്. കാതോലിക്കാ സിംഹാസനവും ഇവിടെ സ്ഥാപിക്കപ്പെട്ടതോടെ അതിന്റെ ഭരണപരമായ സ്വാതന്ത്ര്യവും നില നിൽപും സംരക്ഷിക്കപ്പെട്ടു. എന്നാൽ അന്ത്യോഖ്യാ പാത്രിയർക്കീസുമായുള്ള സജീവമായ ബന്ധം നിലനിർത്തിക്കൊണ്ടുള്ള ഒരു സ്വാതന്ത്ര്യമാണ് മലങ്കരസഭയ്ക്കുള്ളത്. ലോകമൊട്ടുക്കുള്ള സിറിയൻ ഓർത്തഡോക്സ് സഭയുടെ ഭാഗമായും, അങ്ങനെ കാതോലികവും, അപ്പൊസ്തലികവും, ഏകവും, വിശുദ്ധവുമായ പൊതു സഭയുടെ ഭാഗമായും മലങ്കരസഭ വർത്തിക്കുന്നത് ഈ ബന്ധത്തിൽകൂടിയാണ്.[7] ആ ബന്ധം എന്നും നിലനിൽക്കണം. അതു വീണ്ടും സാദ്ധ്യമാക്കിത്തീർത്ത ചരിത്രപുരുഷനാണ് പ. യാക്കൂബ് തൃതീയൻ തിരുമേനി. തിരുമേനിയുടെ സിംഹാസനാരോഹണം കഴിഞ്ഞിട്ട് 11 വർഷമായി. അതിന്റെ വാർഷികാചരണവും സാഘോഷം നിർവ്വഹിക്കപ്പെടുന്ന സുദിനത്തിൽ തിരുമേനിക്കുവേണ്ടി പ്രർത്ഥിക്കുകയും തിരുമേനിക്ക് ആയുരാരോഗ്യങ്ങളും ഇനിയും കൂടുതൽ മംഗളകര മായ ഭരണകാലവും നേരുകയും ചെയ്തു കൊള്ളുന്നു.

*അവലംബം: പെരുമ്പിള്ളിതിരുമേനി: മലങ്കര സഭയുടെ കാൽനൂറ്റാണ്ട് (കുര്യാക്കോസ് കോർ എപ്പിസ്കോപ്പാ മൂലയിൽ എഴുതിയത്)*

7. മലങ്കരസഭയുടെ കാതോലികത്വവും അപ്പോസ്തലിക പൗരോഹിത്യ പാരമ്പര്യവും സംരക്ഷിക്കപ്പെടുവാൻ ഈ ബന്ധം അനിവാര്യവും സഭാഭരണഘടന പ്രതീക്ഷിക്കുംപോലെ കാതോലിക്കാവാഴ്ചയിലെ അന്ത്യോക്യാ പാത്രിയർക്കീസ് ബാവായുടെ സാന്നിദ്ധ്യം അനുപേക്ഷണിയവുമാണ്.

**രേഖ–8**

# അടിസ്ഥാന നിഗമനങ്ങൾ

ഡോ. തോമസ് മോർ അത്താനാസ്യോസ് മെത്രാപ്പോലീത്താ പാത്രിയർക്കീസ് പക്ഷ നിലപാടുകളെ ആവേശപൂർവ്വം പിൻതാങ്ങി എഴുതിയിരുന്ന ആളാണ്. 'ഇത് വിശ്വാസത്തിന്റെ കാര്യം' എന്ന പേരിൽ അദ്ദേഹം എഴുതിയ പുസ്തകത്തിനുശേഷം 1995–ലെ സുപ്രീംകോടതി വിധിയെ അവലോകനം ചെയ്ത് 'ജനാധിപത്യവല്കരണത്തിലൂടെ അനുരഞ്ജനം?' ഒരു ലഘുകൃതിയും എഴുതി. അദ്ദേഹത്തിന്റെ ഇന്നത്തെ നിലപാടുകൾക്കും ആശയഗതികൾക്കും കടകവിരുദ്ധമായ നിലപാടായിരുന്നു അദ്ദേഹത്തിന് അന്നുണ്ടായിരുന്നത്. സുപ്രീംകോടതിവിധി സംബന്ധമായി അദ്ദേഹം നടത്തിയ വിലയിരുത്തലുകൾ ഇന്നും പ്രസക്തമാണ്. ഈ രേഖയിൽ പറയുന്ന പേജ് നമ്പരുകൾ 1995–ലെ സുപ്രീംകോടതി വിധിയിലേതാണ്.
('ജനാധിപത്യവല്കരണത്തിലൂടെ അനുരഞ്ജനം?' പേജ് 11–16)

**a) അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനം:** പാത്രിയർക്കീസിന്റെ ആത്മീക മേലദ്ധ്യക്ഷസ്ഥാനം കാതോലിക്ക കക്ഷിക്കാർ, എന്തുതന്നെ പറഞ്ഞാലും, അംഗീകരിച്ചിട്ടുള്ളതും ഭരണഘടനയിൽ ചേർത്തിട്ടുള്ളതും ചോദ്യം ചെയ്തിട്ടില്ലാത്തതുമാണ്. അതുകൊണ്ട് അവർക്ക് ഇതു നിരാകരിക്കാൻ സാധ്യമല്ല. "...it is equally significant to note that the 1934 Constitution does not repudiate the Patriarch. On the contrary, it re-affirms that he is the primate of the Orthodox Syrian Church" (P.56). ഇന്ത്യയിൽ കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ടെങ്കിലും പാത്രിയർക്കീസിന്റെ ആത്മീക അധികാരം നഷ്ടപ്പെട്ടില്ല; പ്രത്യുത അതിന്റെ പ്രയോഗത്തിൽ മാത്രമെ മാറ്റം വന്നുള്ളു എന്ന് കോടതി ചൂണ്ടിക്കാണിക്കുന്നു. കാതോലിക്കേറ്റ് സ്ഥാപിക്കപ്പെട്ടപ്പോൾ പാത്രിയർക്കീസിന് മാത്രം സ്വന്തമായി ഉണ്ടായിരുന്ന ചില അധികാരങ്ങൾ കാതോലിക്കയ്ക്ക് നൽകപ്പെട്ടു. (i) മേൽപ്പട്ടക്കാരുടെ വാഴ്ച (ii) മൂറോൻ കൂദാശ (iii) മലങ്കരയുടെ പൊതുവായ ആത്മീക മേലന്വേഷണം ഇവയാണവ. എന്നാൽ ഇതോടെ പാത്രിയർക്കീസിന് അധികാരം നഷ്ടപ്പെടുകയായിരുന്നില്ല. സാധാരണഗതിയിൽ ഇത് പ്രയോഗിക്കുന്നത് കാതോലിക്ക ആയിരിക്കുമെന്നും മാത്രം. അതായത് ഈ അധികാരങ്ങൾ ഇതോടെ കാതോലിക്കയിൽ delegate ചെയ്തിരിക്കുന്നു. അതുകൊണ്ട് അതിനുശേഷം കാതോലിക്കായോടും മലങ്കരസഭയോടും ആലോചിച്ചശേഷം മാത്രം പാത്രിയർക്കീസ് അധികാരം പ്രയോഗിക്കേണ്ട

താണ്. ("Patriarch" is expected to exercise those powers thereafter in consultation with the Catholicos and the Malankara Sabha (Association) and, of course, in accordance with the 1934 constitution P.51, 52). കാതോലിക്കായുടെ ആലോചനയോടെ ചെയ്യുന്നത്, അല്ലാതെ ചെയ്യുവാൻ അധികാരമില്ലാത്തതുകൊണ്ടല്ല, സഭാ ഭരണത്തിൽ സമാധാനം നിലനിർത്താനും ഏറ്റുമുട്ടലും (conflict) ധാരണ പിശകും (confusion) ഒഴിവാക്കാനും മാത്രം ആണ്. "This is to avoid confusion (P. 62). ഒരു സഭയിൽ രണ്ട് അധികാര കേന്ദ്രങ്ങൾ ഒരേ സമയം പ്രവർത്തനക്ഷമമായാൽ (operation) പ്രശ്നങ്ങൾ (conflicts) ഉണ്ടാകും. പാത്രിയർക്കീസ് കാതോലിക്കായെ വാഴിച്ചപ്പോൾതന്നെ അധികാരം നൽകിയിരിക്കുന്നതുകൊണ്ട് ഏകപക്ഷീയമായ ഭരണ ഇടപെടലുകൾ അഭിലഷണീയമായി കോടതി കാണുന്നില്ല. "All this certainly could not have been done unilaterally. It is one thing to say that the Patriarch could do these things in co-operation with the Catholicos" (Page 61). അതുകൊണ്ട് കാതോലിക്കേറ്റിൽ സ്വതന്ത്രമായി പാത്രിയർക്കീസ് ഭരണം നടത്തുന്നത് ശരിയല്ല; അതിന് സാധൂകരണവുമില്ല. കാരണം അതുവഴി സഭയിൽ ആത്മീക-ഭൗതീക കാര്യങ്ങളിൽ മറ്റൊരു സമാന്തര സംവിധാനം ഉണ്ടാകുവാൻ ഇടയാകും (P.61). പാത്രിയർക്കീസിന് മലങ്കരയിൽ ഇടപെടണമെങ്കിൽ കാതോലിക്കോസ് ശിക്ഷണ വിധേയനായി നീക്കപ്പെടണം. Without removing the Catholicos in accordance with the canon law and the principles of natural justice, the Patriarch could not have purported to exercise unilaterally the powers delegated by him to Catholicos" (Page 52). അതുകൊണ്ട് പാത്രിയർക്കീസിന് മലങ്കര സഭയിലുള്ളത് പ്രായോഗിക അധികാരമല്ല (effective power); പ്രത്യുത ഗൂഢഅധികാരം (potential power) അഥവാ അത്യാവശ്യ സന്ദർഭങ്ങളിൽ മാത്രം സജീവമാകുന്ന അധികാരം. പാത്രിയർക്കീസിന്റെ യഥാർത്ഥ അധികാരവും (original authority) കാതോലിക്കായുടെ derivative / delegated authority-യും ആണ്. എന്നാൽ മലങ്കരയിൽ operative authority കാതോലിക്കയാണ്. അതായത് മലങ്കരസഭയിൽ തർക്കവും ചിന്താക്കുഴപ്പവും ഉണ്ടാകാതിരിക്കാൻ. കാതോലിക്കോസ് ഭരണം നടത്തി വരുമ്പോൾ അദ്ദേഹത്തിന്റെ ഭരണത്തിൽ പാത്രിയർക്കീസ് ഇടപെടരുത്. അങ്ങനെ ഇടപെടാതിരിക്കുന്നതുകൊണ്ട് പാത്രിയർക്കീസും കാതോലിക്കയും തമ്മിൽ ബന്ധമില്ലെന്നോ, തുല്യ അധികാരികളാണെന്നോ വരുന്നില്ല. പാത്രിയർക്കീസ് മുഴുവന്റെയും കാതോലിക്കോസ് ഭാഗത്തിന്റെയും അദ്ധ്യക്ഷനാണ്. "He remains the supreme head of the Syrian Church

of which the Malankara Church is a division. He is spiritually supreme to the Catholicos" (Page 72).

ഇതോടനുബന്ധിച്ച് കാതോലിക്കായുടെ സ്ഥാനവും വിലയിരുത്തണം. കാതോലിക്കോസ് പാത്രിയർക്കീസിന്റെ അധികാരപരിധിയിൽ സൃഷ്ടിക്കപ്പെട്ട സ്ഥാപനമാണ്. Within to jurisdiction of Patriarch of Antioch was established another office viz, the great Metropolitan of the East, also known as Catholicos" (Page 2). ഇദ്ദേഹത്തിനുള്ള ആത്മീയാധികാരങ്ങൾവഴി പാത്രിയർക്കീസിന്റെ അധികാരം ഇവിടെ അസ്തമന ബിന്ദുവിൽ (Vanishing point) എത്തുന്നില്ല. കാതോലിക്കായെ വാഴിച്ച സാഹചര്യത്തിൽ പാത്രിയർക്കീസിന്റെ അധികാരം vanishing point-ൽ എത്തുമെന്ന് വട്ടിപ്പണക്കേസിൽ വാദിച്ചത് പാത്രിയർക്കീസ് വിഭാഗമാണ്. കാതോലിക്കോസ് വിഭാഗം അങ്ങനെ തങ്ങൾ കരുതുന്നില്ല എന്ന നിലപാടാണ് എടുത്തത്. The Catholicate group contended that they have not repudiated the Patriarch and that by recognising the catholicos, they have in no manner denied the ecclesiastical superiority of the Patriarch (Page 16). കൂടാതെ അങ്ങനെ സംഭവിച്ചിട്ടില്ലായെന്ന് 1934-ലെ ഭരണഘടന അസന്ദിഗ്ദ്ധമായി പ്രസ്താവിക്കുകയും ചെയ്യുന്നു. "... constitution by which the catholicos and his group were swearing affirmed in clear terms that the Patriarch is the Supreme head of the Malankara church (Page 60). തങ്ങൾ പാത്രിയർക്കീസിന്റെ ആത്മീകാധികാരം നിഷേധിക്കുന്നില്ല, എന്ന് കാതോലിക്കോസ് കക്ഷിക്കാർ സത്യപ്രതിജ്ഞ ചെയ്യുന്നു.

ചുരുക്കത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസ് ആകമാന സുറിയാനി സഭയുടെ തലവനാണ്. (i) ആത്മീക മേലദ്ധ്യക്ഷനാണ്. (ii) കാതോലിക്കാ മലങ്കരയുടെ പ്രാദേശിക തലവനാണ്. (iii) കാതോലിക്ക സ്ഥാപനത്തിന് ശേഷം കാതോലിക്കാക്ക് പാത്രിയർക്കീസ് ചെയ്തിരുന്ന പ്രത്യേക ഉത്തരവാദിത്തങ്ങൾ സിദ്ധിച്ചു. (iv) ഈ അധികാരം കാതോലിക്ക പ്രയോഗിക്കുന്നു. അതായത് പാത്രിയർക്കീസിന്റെ potential authority-യും കാതോലിക്കായുടേത് operative authority-യും ആണ്. കാതോലിക്ക ഭരണം നിർവ്വഹിക്കുന്ന സാഹചര്യത്തിൽ പാത്രിയർക്കീസ് ഭരണത്തിൽ ഇടപെടുന്നത് കാതോലിക്കായുമായുള്ള ആലോചന പ്രകാരമായിരിക്കണം. അല്ലെങ്കിൽ സഭയിൽ ചിന്താക്കുഴപ്പം ഉണ്ടാകും. അതായത് മലങ്കര സഭാഭരണത്തിൽ പാത്രിയർക്കീസ് Original / Potential authority-യും കാതോലിക്കോസ് delegated/effective authority-യും ആണ്.

അന്ത്യോഖ്യാ പാത്രിയർക്കീസിന് കാതോലിക്കയുടെ മേൽ

ശിക്ഷണ നടപടികൾക്ക് അധികാരമുണ്ടോ? 18 അക്കം കാനോൻ പ്രകാരം അധികാരമുണ്ട്. എന്നാൽ ഇപ്പോഴത്തെ കേസിൽ കാര്യമില്ല. അബ്ദുള്ള പാത്രിയർക്കീസ് ബാവ വട്ടശ്ശേരി തിരുമേനിയെ മുടക്കിയപ്പോൾ സ്വാഭാവിക നീതി (natural justice) ശ്രദ്ധിച്ചില്ല (Page 17). 1975-ലെ മുടക്കിന് ആധാരമായുള്ള ആരോപണങ്ങൾ ഗൗരവമുള്ളവയും പ്രസക്തവും അല്ല (പേജ് 58). മുടക്കാനുള്ള അടിസ്ഥാനം എപ്പോഴും സാധുവും അനുവദനീയവും പ്രസക്തവും (valid permissible and relevent) ആയ അടിസ്ഥാനത്തിലായിരിക്കണം. ആ അടിസ്ഥാനത്തിൽ ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവായുടെ മുടക്ക് അംഗീകരിയ്ക്കാവുന്നതല്ല. "grounds of excommunication could not constitutes valid grounds..." (പേജ് 61). മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനമെന്നത് അലങ്കാരത്തി (honorofic)നാണ് ; അധികാരത്തിന്റെ ചിഹ്നമല്ല (പേജ് 31). സ്വയം ശീർഷകത്വം (autocephaly) എന്നാൽ ഉൾഭരണം എന്ന അർത്ഥത്തിലാണ് കാതോലിക്ക കക്ഷിക്കാർ മനസ്സിലാക്കുന്നത്. കാരണം പാത്രിയർക്കീസിന് ഭരണത്തിൽ തുടർന്നും അധികാരം നൽകുന്നു. ഇവിടെ മുടക്കിന് ആധാരമായ ഈ ആരോപണങ്ങൾ വളരെ ദുർബലമാണ്. അതുകൊണ്ട് മുടക്കിന് സാധൂകരണമില്ല. ഇവിടെ മുടക്ക് കോടതി അംഗീകരിക്കാത്തത് സഭാ യോജിപ്പിന് അത് പ്രതിബന്ധമാണെന്ന് മനസ്സിലാക്കിക്കൊണ്ടാണ്. അതല്ലാതെ മുടക്കാൻ പാത്രിയർക്കീസിന് അധികാരമില്ലാത്തതുകൊണ്ടല്ല. കൂടാതെ മുടക്കിന് സാധുത നൽകാതെ അതിനുള്ള കാരണങ്ങൾ ദുർബലമാക്കി കോടതി അനുരഞ്ജനത്തിനുള്ള വഴിയൊരുക്കുകയാണ്.

## സഭാസമാധാനം ഇരുകൂട്ടർക്കും ആവശ്യം

(‘ജനാധിപത്യവല്കരണത്തിലൂടെ അനുരഞ്ജനം?’ പേജ് 41)

സഭാ സമാധാനത്തിന് പ്രതിബന്ധനങ്ങൾ ഏറെയുണ്ട്. എന്നാൽ ഇരുകൂട്ടർക്കും ഇന്നതാവശ്യമാണ്. നിലനിൽക്കുന്ന സാമൂഹ്യ-രാഷ്ട്രീയ ചുറ്റുപാടിൽ ഇരുകക്ഷിയും ചേർന്ന് ക്രിസ്തീയ സാക്ഷ്യം നിർവ്വഹിക്കയാണ് വേണ്ടത്. വേർതിരിഞ്ഞ് വഴക്കടിക്കാതെ അനുരഞ്ജനത്തോടെ അനുപൂരകമായും സംയുക്തമായും പ്രവർത്തിക്കാനുള്ള സാഹചര്യം സൃഷ്ടിക്കണം. ഒരു പ്രതിസന്ധിയിൽപ്പെട്ടിരിക്കുന്ന കാതോലിക്കോസ് കക്ഷിക്ക് സമാധാനം മുമ്പത്തേക്കാൾ അനിവാര്യമാണെന്ന് തോന്നുന്നു. കാരണം അതിന്റെ നിലനിൽപ്പ് ചോദ്യംചെയ്യപ്പെട്ടിരിക്കുകയാണ്. ആശയപരവും അദ്ധ്യാത്മീകവും ധാർമ്മികവും നേതൃത്വപരവും ആയ പ്രതിസന്ധിയാണ് അവിടെ നിലനിൽക്കുന്നത്. കാതോലിക്കോസ് കക്ഷി ദേശീയ സഭയുടെ

വക്താക്കളാണ്. അതു സഭാ വിശ്വാസത്തിന്റെ ഭാഗമാക്കിയിരിക്കുകയാണ്. എന്നിട്ട് അമേരിക്കൻ ദേശീയ സഭയാക്കാനുള്ള മക്കാറിയോസ് മെത്രാച്ചന്റെ ശ്രമത്തെ എതിർക്കുന്നു. കോട്ടയത്ത് ഇത് സംബന്ധിച്ചുള്ള കേസ് നിലവിലിരിക്കുന്നു. (ദീപിക, മാതൃഭൂമി 1995 ജൂൺ 30). സഭ ദേശീയമാണെന്ന് പറയുകയും അമേരിക്കൻ പൗരന്മാർ (ഇവിടെനിന്നു പോയവരും അമേരിക്കൻ വംശജരും) അവരുടെ സഭ സ്വതന്ത്രമാണ് എന്ന് പറയുമ്പോൾ അംഗീകരിക്കാതിരിക്കുകയും ചെയ്യുന്നത് എത്ര വൈരുദ്ധ്യമാണ്. ഇത് ആശയപരവും സഭാശാസ്ത്രപരവുമായ പ്രതിസന്ധിയിലേക്ക് വിരൽചൂണ്ടുന്നു.

ഓർത്തഡോക്സ് സഭയിലെ സമൂഹം അംഗീകരിച്ച പരിണിതപ്രജ്ഞനായ പൗലോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത സഭയിൽ നടക്കുന്ന അഴിമതി സംബന്ധിച്ച് ദുഃഖിതനായി രാജിവച്ചിരിക്കുകയാണ്. വിദ്യാഭ്യാസവും ദർശനവുമുള്ള, അനേകരെ കാതോലിക്ക കക്ഷിയിലേക്ക് ആകർഷിക്കാനും സാധിച്ച അദ്ദേഹം തുറന്നു പറഞ്ഞു. ഈ സഭയുടെ നേതൃത്വത്തിന് വിശ്വാസ്യതയില്ല. നടപടികൾ വഞ്ചന നിറഞ്ഞതാണ് എന്ന്. ഇത്തരം ഒരു വിമർശനം സഭാനേതൃത്വത്തിൽ നിന്നുണ്ടായെങ്കിൽ അതിന്റെ നേതൃത്വം എത്രമാത്രം ജീർണിച്ചിരിക്കുന്നു. ഒരു വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള വിശ്വാസ തകർച്ചയല്ലേ രണ്ടു ദശാബ്ദങ്ങൾക്ക് മുമ്പ് പിളർപ്പിന് വഴി തെളിയിച്ചത്. ഗ്രീഗോറിയോസ് മെത്രാച്ചന് അതു മനസ്സിലാക്കാൻ അല്പം താമസം വന്നു എന്നുമാത്രം.

ഇപ്പോൾ ഭരണമേറ്റിരിക്കുന്ന മേലദ്ധ്യക്ഷന്മാരുടെ നേതൃത്വഗുണം അറിയാൻ ദിനപത്രം വായിച്ചാൽ മതിയാകും. അതിനെപ്പറ്റി അധികം പറയേണ്ട കാര്യമില്ല. തിരുവനന്തപുരം പള്ളിക്കേസുകൾ പോലെ അഴുകിയ കേസുകെട്ടുകൾ സഭയുടെ ജീർണ്ണതയാണ് വ്യക്തമാക്കുന്നത്. നേതൃത്വത്തിന്റെ ധാർമ്മിക-ആത്മീക പിന്നോക്കാവസ്ഥ കാതോലിക്ക കക്ഷിയെ നയിക്കുന്നത് പൂർണ്ണ പ്രതിസന്ധിയിലേക്കും ആത്മീക ശൂന്യതയിലേക്കുമായിരിക്കും. പാത്രിയർക്കീസ് കക്ഷിയുടെ 1958-ലെ അവസ്ഥയാണിത്. അന്ന് പാത്രിയർക്കീസ് കക്ഷി ജയിച്ചാലും നിലനിൽക്കാൻ സാധിക്കുകയില്ലായിരുന്നു. ഇന്ന് കാതോലിക്കോസ് കക്ഷിക്ക് പരിപൂർണ്ണ അനുകൂലമായി കേസ് വിധി വന്നാൽപോലും നിലനിൽക്കാൻ സാധിക്കാത്ത അവസ്ഥയാണ്. അതിന് വ്യത്യാസം വരണമെങ്കിൽ സഭയിൽ സമാധാനം കൈവരണം. ഇതിൽ പാത്രിയർക്കീസ് കക്ഷിക്ക് താൽപര്യമുണ്ട്. കാരണം സഭയുടെ ഒരു പക്ഷത്തിന്റെ പ്രതിസന്ധിയും അധോഗതിയും നിസംഗതയോടെ നോക്കിനിൽക്കാൻ ധാർമ്മിക മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്ന ഒരു സഭയ്ക്ക് സാധിക്കുകയില്ല.

രേഖ–9

## മലങ്കര സഭാ കേസ്

# സുപ്രീംകോടതി വിധി—അവലോകനം

## യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്ത

കാതോലിക്കോസ്പക്ഷത്തിന്റെ പുതിയ വക്താവായി രംഗപ്രവേശനം ചെയ്തിരിക്കുന്ന യൂഹാനോൻ മോർ മിലിത്തിയോസ് മെത്രാപ്പോലീത്താ 1995-ലെ സുപ്രീംകോടതി വിധിയെ വിശകലനം ചെയ്ത് 'ആത്മദീപ'ത്തിൽ എഴുതിയ ഒരു ലേഖനമാണിത്. മുഖ്യമന്ത്രി എ.കെ. ആന്റണിയേയും ശ്രീ ഉമ്മൻചാണ്ടിയേയും സൂചിമുനയിൽ നിർത്തി വിമർശിക്കുന്ന ഇദ്ദേഹം ആവർത്തിച്ചു പറയുന്നത് 'സുപ്രീംകോടതി വിധി നടപ്പാക്കണ'മെന്നാണ്. അദ്ദേഹം പറയുന്നത് അദ്ദേഹംതന്നെ വിശകലനം നടത്തിയിരിക്കുന്ന ഈ വിധിയേക്കുറിച്ചാണെന്നത് സൗകര്യപൂർവ്വം മറച്ചുവച്ചിരിക്കുന്നതാണോ മറന്നുപോയതാണോ എന്ന് നിശ്ചയമില്ല.

അദ്ദേഹത്തിന്റെ ഇന്നത്തെ നിലപാടുകളുടെ പശ്ചാത്തലത്തിൽ ഏറെ ശ്രദ്ധാർഹമായ ഈ കൃതി സൂക്ഷ്മവായനയ്ക്കു പര്യാപ്തമാണ്.

ഇക്കഴിഞ്ഞ ജൂൺ 20-ന് ഭാരതത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീംകോടതി സമുദായകേസിൽ നൽകിയ വിധി പല കാരണങ്ങളാൽ സുപ്രധാനവും നിർണ്ണായകവുമാണ്. വിധിയുടെ ഉള്ളടക്കം സംബന്ധിച്ച് പത്രമാദ്ധ്യമങ്ങളിൽ വന്ന വാർത്തകൾ വളരെയധികം ചിന്താക്കുഴപ്പമുണ്ടാക്കുന്ന വിധത്തിലായിരുന്നു.

### സാഹചര്യം

സുപ്രീംകോടതിയിൽ സഭാകേസ് വാദം കേട്ടത് മൂന്ന് ജഡ്ജിമാരടങ്ങുന്ന ബഞ്ചാണ്. ജ. സഹായ്, ജ. എസ്.സി. സെൻ, ജ. ബി.പി. ജീവൻറെഡ്ഡി എന്നിവരിൽ ജ. സഹായിയായിരുന്നു അദ്ധ്യക്ഷൻ. ജൂൺ 20-ന് വിധി പറയുമ്പോൾ ജ. സഹായ് മാത്രമേ ഹാജരായിരുന്നുള്ളു. മറ്റ് രണ്ടുപേർ വ്യക്തിപരമായ കാരണങ്ങളാൽ കോടതിയിൽ വരികയുണ്ടായില്ല. ജ. സഹായി എഴുതിയ വിധിന്യായത്തിന്റെ പ്രസക്ത ഭാഗങ്ങൾ അദ്ദേഹം 20 മിനിറ്റുകൊണ്ട് വായിച്ചുതീർത്തു. അവസാനമായി തന്റെ നിഗമനങ്ങളിൽനിന്ന് അല്പം വ്യത്യസ്തമായ നിലപാടാണ് മറ്റ് രണ്ട് ജഡ്ജിമാർ സ്വീകരിച്ചിരിക്കുന്നത് എന്നും അതിന്റെ പ്രസക്തഭാഗം താൻതന്നെ പറയുന്നു എന്നും അദ്ദേഹം പ്രസ്താവിച്ചു. 1934-ൽ പാസാക്കി കാലാകാലങ്ങളിൽ ഭേദഗതി ചെയ്തിട്ടുള്ള സഭാഭരണഘടന അംഗീകരിച്ചിട്ടുണ്ട് എങ്കിലും ആയ

തിന്റെ 68-ാം വകുപ്പ് 1971 ജനുവരി 1 മുതൽ അസ്ഥിരപ്പെടുത്തിയിരിക്കുന്നു എന്നുമാണവരുടെ നിഗമനം എന്നറിയിച്ച് കോടതി പിരിഞ്ഞു. വിധിയുടെ പകർപ്പ് ലഭിക്കാൻ ശ്രമിച്ചു എങ്കിലും അത് ലഭിച്ചത് പിറ്റേന്ന് വൈകുന്നേരം മാത്രമാണ്. ഈ സമയമത്രയും കോടതിയിൽ പറഞ്ഞുകേട്ട കാര്യങ്ങൾ മാത്രം വച്ച് വാർത്ത പ്രചരിക്കുകയായിരുന്നു.

## അല്പം സാങ്കേതികത്വം

ഇൻഡ്യയുടെ നീതിന്യായക്രമമനുസരിച്ച് മൂന്ന് ജഡ്ജിമാർ കേട്ട ഒരു കേസിൽ രണ്ടുപേർ ഒരേ അഭിപ്രായവും ഒരാൾ വിരുദ്ധ അഭിപ്രായവും പ്രകടിപ്പിച്ചാൽ രണ്ടുപേരുടേത് വിധി എന്നും ഒരാളുടേത് വിയോജനക്കുറിപ്പ് എന്നും അറിയപ്പെടുകയും ഭൂരിപക്ഷാഭിപ്രായം പ്രാബല്യത്തിലാവുകയുംചെയ്യും. എന്നാൽ ഈ കേസിൽ ഭൂരിപക്ഷാഭിപ്രായം പൂർണ്ണമായി രണ്ടു ദിവസത്തേക്ക് അറിയാതിരിക്കുകയും ന്യൂനപക്ഷാഭിപ്രായം വിധിയായി തെറ്റിധരിക്കപ്പെടുകയുംചെയ്തു. ഈ സാഹചര്യം നീതിന്യായചരിത്രത്തിൽ അപൂർവ്വമാണ്.

ജൂൺ 21-ാം തീയതി ലഭിച്ച വിധിപകർപ്പിൽ ഭൂരിപക്ഷാഭിപ്രായം കണ്ടെത്തി തെറ്റിദ്ധാരണ നീക്കി പാത്രിയർക്കീസ് വിഭാഗത്തിനുണ്ടായ വിജയം മനസ്സിലാക്കിയപ്പോഴേക്കും ടെലിവിഷൻ, റേഡിയോ, പത്രങ്ങൾ എന്നിവയിലൂടെ പാത്രിയർക്കീസ് വിഭാഗം അമ്പേ പരാജയപ്പെട്ടു എന്ന വാർത്തയ്ക്ക് പ്രചാരവും സമൂഹമദ്ധ്യത്തിൽ അംഗീകാരവും ലഭിച്ചുകഴിഞ്ഞിരുന്നു. സത്യവിശ്വാസികൾക്കുണ്ടായ ദുഃഖത്തിനും അങ്കലാപ്പിനും ആരുത്തരം പറയാൻ!

## ആമുഖം

ഈ വിഷയത്തിൽ ഫയൽ ചെയ്യപ്പെട്ട ഇരുനൂറ്റമ്പതോളം കേസുകളിൽ പ്രാതിനിധ്യസ്വഭാവമുള്ള എട്ടു കേസുകളാണ് ഹൈക്കോടതിയിൽ പരിഗണിക്കപ്പെട്ടിരുന്നത്. സഭാകേസിൽ ഹൈക്കോടതി സിംഗിൾ ബഞ്ചിൽ പാത്രിയർക്കീസ് വിഭാഗത്തിനനുകൂലമായും ഡിവിഷൻ ബഞ്ചിൽ കാതോലിക്കാ വിഭാഗത്തിനനുകൂലമായും വിധിയുണ്ടായി. ഈ തീർപ്പുകളിന്മേൽ പാത്രിയർക്കീസ് വിഭാഗം സുപ്രീം കോടതിയിൽ നൽകിയ സ്പെഷ്യൽ ലീവ് പെറ്റീഷൻ അനുവദിച്ചുകൊണ്ടാണ് സുപ്രീംകോടതിയിൽ കേസ് പരിഗണനയ്ക്കെടുത്തത്. കാലഹരണപ്പെട്ട രണ്ട് കേസുകൾ കഴിച്ച് മൊത്തം ആറ് കേസുകളാണ് കോടതിയുടെ പരിഗണനയിലുണ്ടായിരുന്നത്. ഇവയെല്ലാം കാതോലിക്കാപക്ഷം ഫയൽ ചെയ്തിരുന്നവയാണ്.

## അപേക്ഷകൾ

ഈ കേസുകളിൽ മൊത്തം അഞ്ച് താത്പര്യങ്ങൾ (Plea) ആണ്. കാതോലിക്കാപക്ഷം ഉന്നയിച്ചിരുന്നത്. 1) മലങ്കരയിലെ 1064 പള്ളി

കളും സ്വത്തുക്കളും കാതോലിക്കേറ്റിന്റേതാണ്. 2) 1934-ലെ ഭരണഘടന സഭയ്ക്ക് മൊത്തത്തിൽ ബാധകമാണ്. 3) കാതോലിക്കാ തലവനായുള്ള സഭയിൽ വിശ്വസിക്കാത്തവന് ഈ സഭയിൽ നിയമപരമായ യാതൊരധികാരവുമില്ല. 4) പാത്രിയർക്കീസ് വിഭാഗത്തെ മെത്രാന്മാർ സഭയിലെ പള്ളികളിലും സ്വത്തുക്കളിലും പ്രവേശിക്കരുത്. 5) 1912-ലെ കാതോലിക്കാ സ്ഥാപനത്തിന്റെ ശേഷം മലങ്കരയിൽ പാത്രിയർക്കീസിന്റെ സ്ഥാനം ചെറുതായി ശൂന്യാവസ്ഥയിലെത്തി.

## ചിന്താവിഷയം

ഈ അഞ്ച് അപേക്ഷകളെ പരിഗണിച്ച് ചർച്ച ചെയ്യുന്നതിനായി ഹൈക്കോടതി മൊത്തം 31 ചിന്താവിഷയങ്ങൾ (ഇഷ്യൂ) രൂപീകരിച്ചിരുന്നു. ഈ ചിന്താവിഷയങ്ങൾ സുപ്രീംകോടതിയിൽ ജ. സഹായി അതേപടി പരിഗണിച്ചപ്പോൾ മറ്റ് രണ്ട് ജഡ്ജിമാർ എല്ലാം സംഗ്രഹിച്ച് എട്ട് ചിന്താവിഷയങ്ങളാക്കുകയാണുണ്ടായത്. ഇത് ശ്രദ്ധേയമാണ്. ഈ രണ്ടു ജഡ്ജിമാരും കേസിനോട് തികച്ചും പുതിയൊരു സമീപനം സ്വീകരിച്ചു എന്നാണ് നാം മനസ്സിലാക്കേണ്ടത്. ഇത്തരം നടപടി സുപ്രീംകോടതിയിൽ അപൂർവ്വമാണ്.

## പൊതുസമീപനം

ഇവിടം മുതലുള്ള കാര്യങ്ങളിൽ കോടതി വിധി എന്ന അർത്ഥത്തിൽ പരിഗണിക്കുന്നത് ഭൂരിപക്ഷവിധിയാണ്. ന്യൂനപക്ഷാഭിപ്രായത്തിന് നിയമത്തിന്റെ ദൃഷ്ടിയിൽ നിലനില്പില്ല എന്ന് മുൻപ് പറഞ്ഞിട്ടുണ്ടല്ലോ.

സുപ്രീംകോടതിയുടെ വിധിയിൽ പ്രകടമായിരിക്കുന്ന ചില പൊതു സമീപനങ്ങളുണ്ട്. ഇവയുടെ വെളിച്ചത്തിലാണ് ബ. ജഡ്ജിമാർ കാര്യങ്ങൾക്ക് തീർപ്പ് കല്പിച്ചിരിക്കുന്നത്. 1) മലങ്കര സഭ ഏകമാണ്. അതിന്റെ തലവൻ അന്ത്യോഖ്യാ പാത്രിയർക്കീസും പ്രാദേശിക തലവൻ കാതോലിക്കോസുമാണ്. 2) മലങ്കര സഭയ്ക്ക് ഉൾഭരണ സ്വാതന്ത്ര്യമുണ്ട്. 3) ഈ സഭയിൽ ഭരണം നടത്തേണ്ടത് 1934-ൽ പാസാക്കിയ ഭരണഘടന പ്രകാരമാണ്. 4) ഏത് ഭരണഘടനയും സാമാന്യ നീതിയും ജനാധിപത്യ തത്ത്വങ്ങളും സംരക്ഷിക്കുന്നതായിരിക്കണം. 5) ഇടവക പള്ളികളുടെ സ്വത്തുക്കൾ ഭരിക്കപ്പെടേണ്ടത് പള്ളി പൊതുയോഗത്താലാണ്. 6) ഒന്നായിരുന്ന സഭ 1971 ജനുവരി ഒന്നുമുതൽ വിഭജിതമായി നിൽക്കുന്നു. ഈ തീയതി മുതൽ ഒരു വിഭാഗത്തിനും സഭയുടെ ഔദ്യോഗിക പ്രാതിനിധ്യം അവകാശപ്പെടാൻ സാദ്ധ്യമല്ല. 7) സഭ, ഇരു വിഭാഗങ്ങളും യോജിച്ച് ഒന്നായിത്തീരണം. 8) അപ്രകാരം ഒന്നാകുമ്പോൾ അനീതിപരമായ യാതൊരു ഘടകവും അതിന്റെ ഭരണശൈലിയിൽ ഉൾപ്പെടുത്തരുത്.

മുകളിൽ പറഞ്ഞ പൊതു സമീപന തത്ത്വങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ പ്രധാനപ്പെട്ട ചോദ്യങ്ങൾക്കും കോടതി ഉത്തരവുകൾ നൽകിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു. (ബ്രാക്കറ്റിൽ വിധിന്യായത്തിലെ പേജ് നമ്പർ).

## പാത്രിയർക്കീസ്

അന്ത്യോഖ്യായുടെ പാത്രിയർക്കീസിനെ ചോദ്യം ചെയ്യാതെ സഭാതലവനായി ഏവരും എക്കാലത്തും അംഗീകരിച്ചിട്ടുണ്ട് (48). ഇക്കാര്യം 1653-ലെ കൂനൻകുരിശു സത്യത്തിലും പട്ടത്വത്തിന്റെ പിൻതുടർച്ചയെക്കുറിച്ചുള്ള വിശ്വാസത്തിലും പ്രകടമാണ് (49). പാത്രിയർക്കീസ് ഒരു കാലത്തും മലങ്കരയിൽ ലൗകികാധികാരം കയ്യാളുകയോ അതിനാഗ്രഹിക്കുകയോ ചെയ്തിട്ടില്ല (49). 1912-ൽ കാതോലിക്കാ സ്ഥാപനം പുനരുദ്ധരിച്ചു എന്നതുകൊണ്ട് പാത്രിയർക്കീസിന് സഭയുടെ മേലുള്ള അധികാരങ്ങൾ നഷ്ടമാകുന്നില്ല (71). എന്നാൽ സമാന്തരഭരണം ഉണ്ടാകാതിരിക്കാൻ വേണ്ടി പാത്രിയർക്കീസ് തന്റെ അധികാരങ്ങൾ മലങ്കര സഭയോടുള്ള ആലോചനയിലും ബന്ധത്തിലും നിർവ്വഹിക്കേണ്ടതാകുന്നു (51, 52, 73). പാത്രിയർക്കീസിന് കാതോലിക്കയെ മുടക്കാൻ അധികാരമുണ്ട് എന്ന് ഈ കേസിന്റെ പശ്ചാത്തലത്തിൽ തീരുമാനിക്കുന്നു (58, 74). എന്നാൽ ആയത് സാരവത്തും താത്ത്വികവുമായ കാരണങ്ങളുടെ അടിസ്ഥാനത്തിൽ ആയിരിക്കണം എന്നു മാത്രം (58, 74). 1975-ലെ മുടക്ക് സാരവത്തായ കാരണങ്ങളുടെ അഭാവത്തിൽ അസാധുവാണ് (61, 74). മലങ്കര സഭ നിസ്സംശയം സുറിയാനി സഭയുടെ ഒരു ഭാഗവും സുറിയാനി സഭയുടെ തലവൻ പാത്രിയർക്കീസുമാകുന്നു. ഇക്കാര്യം 1934-ലെ ഭരണഘടനയിലും സമ്മതിച്ചിട്ടുണ്ട് (56).

## ഇടവക പള്ളികൾ

ഇടവക പള്ളികൾ ഈ കേസിൽ കക്ഷികളല്ലാത്തതിനാൽ അവരെ ബാധിക്കുന്ന യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ കോടതി ഒരുക്കമല്ല (66). കേസിന്റെ ആരംഭത്തിൽ തങ്ങളെക്കൂടി കക്ഷി ചേർക്കണമെന്ന് ഇടവക പള്ളികൾ ആവശ്യപ്പെട്ടു എങ്കിലും നിരസിച്ച കാര്യം കോടതി അനുസ്മരിക്കുന്നു. സഭ എപ്പിസ്കോപ്പൽ സഭയാണെന്നുള്ള കാതോലിക്കോസ് വിഭാഗത്തിന്റെ വാദത്തെ പരാമർശിച്ച്, കോടതി പറഞ്ഞിരിക്കുന്നത്; എപ്പിസ്കോപ്പൽ എന്ന പദം കൊണ്ട് ഇടവക പള്ളികളുടെ സ്വത്തിൻമേലുള്ള ഭരണാധികാരമാണ് ഉദ്ദേശിക്കുന്നത് എങ്കിൽ അങ്ങനെ ഒരു നിവൃത്തി നൽകുവാൻ കോടതി ഒരുക്കമല്ല (67). മലങ്കര മെത്രാപ്പോലീത്തായുടെ അധികാരം സമുദായകേസിൽ പറയുന്നതുപോലെ പൊതു സ്വത്തുക്കളുടെമേൽ മാത്രമായിരിക്കും (69, 70). ഇദ്ദേഹത്തിനോ കാതോ

ലിക്കാക്കോ ഇടവക മെത്രാപ്പോലീത്തായ്ക്കോ ഇടവക പള്ളികളുടെ സ്വത്തുക്കളുടെമേൽ അധികാരം ഉണ്ടായിരിക്കുന്നതല്ല (67). 1934-ലെ ഭരണഘടന വിഭാവനം ചെയ്യുന്ന മേൽനോട്ട (സൂപ്പർവൈസറി) അധികാരമാണ് ഇവർക്ക് ഇടവക പള്ളികൾ മേലുള്ളത് (67). ചുരുക്കത്തിൽ ഇടവക പള്ളികളുടെ സ്വത്തുക്കളെ ബാധിക്കുന്ന യാതൊരുത്തരവും കോടതി പുറപ്പെടുവിച്ചിട്ടില്ല എന്നതിനാൽ അവ ഈ വിധി മുഖാന്തിരം യാതൊരു പ്രയാസവും നേരിടേണ്ടിവരികയില്ല. പള്ളി സ്വത്തുക്കൾ കാതോലിക്കേറ്റിന്റേതാണ് എന്ന വാദം കോടതി തള്ളി എന്നർത്ഥം. ഇടവക പള്ളികളുടെ സ്വത്തു സംബന്ധിച്ച് അവ സാന തീരുമാനം. ഇടവക പൊതുയോഗവും യോഗത്താൽ തെര ഞ്ഞെടുക്കപ്പെടുന്ന സമിതികളുമാണ് എടുക്കേണ്ടത് (66, 69).

**ഭരണഘടന**

1934-ൽ ന്യായാനുസരണം കൂടിയ യോഗത്തിൽ പാസാക്കി പിൽക്കാലത്ത് പരിഷ്കരിച്ച ഭരണഘടന സഭക്ക് ബാധകമാണ് (72). എന്നാൽ ഈ ഭരണഘടനയുടെ 68-ാം (ഇപ്പോഴത്തെ 71-ാം) വകുപ്പ് പല കാരണങ്ങളാൽ നിലനിൽക്കില്ല (79-80). ഈ അവസ്ഥയ്ക്ക് 1971 ജനുവരി 1 മുതൽ മുൻകാല പ്രാബല്യം നൽകപ്പെട്ടിട്ടുണ്ട് (75). 1970 ഡിസംബർ 31-ന് മാത്യൂസ് പ്രഥമന്റെ തെരഞ്ഞെടുപ്പ് വിഭജന ദിനമായിട്ടാണ് കോടതി കണക്കാക്കുന്നത്. അതിനുശേഷമുള്ള യാതൊരു സമിതിയെയും സ്ഥാനിയെയും കോടതി അംഗീകരിക്കുന്നില്ല (75). ഇതിനൊരപവാദം മാത്യൂസ് ദ്വിതീയന്റെ തെരഞ്ഞെടുപ്പ്, വാഴ്ച എന്നിവ മാത്രമാണ് (75, 76). എന്നാൽ ഇവർ മലങ്കര മെത്രാപ്പോലീത്തമാരായി കോടതി കണക്കാക്കുന്നില്ല എന്നതിനാൽ ഇവർക്ക് ഭരണാധികാരമില്ല. കാതോലിക്കായുടെ അധികാരങ്ങളിൽ മെത്രാൻ വാഴ്ച അസോസിയേഷനില്ലാത്തതിനാൽ സാധിക്കുകയില്ല.

1971 ജനുവരി 1-നു ശേഷമുള്ള അസോസിയേഷൻ, മാനേജിങ് കമ്മിറ്റി, വർക്കിങ് കമ്മിറ്റി, സഭാ ട്രസ്റ്റിമാർ, സെക്രട്ടറി എന്നതെല്ലാം അസ്ഥിരപ്പെടുത്തപ്പെട്ടിരിക്കുന്നു. സഭാഭാരവാഹികൾ, സ്ഥാനികൾ എന്ന നിലയിൽ ഇവർക്ക് പ്രവർത്തിക്കാൻ സാധിക്കുകയില്ല. ഈ തീരുമാനം എടുക്കുവാൻ കോടതിയെ പ്രേരിപ്പിച്ച കാര്യങ്ങൾ വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 1) മുളന്തുരുത്തി സുന്നഹദോസിന്റെ തീരുമാനങ്ങളുടെ താത്പര്യം സഭയുടെ ഭരണത്തിൽ പ്രതിഫലിക്കേണ്ടതാണ് (76-78, 81). ഇവിടെ ഇടവക പള്ളികളെക്കാൾ സഭയിൽ മൊത്തത്തിലുള്ള ജനത്തെയാണ് മാനദണ്ഡമായി കാണേണ്ടത് എന്നു കോടതി നിർദ്ദേശിക്കുന്നു. ഇടവകയിലുള്ള അംഗ

സംഖ്യയുടെ വലുപ്പം കാണാതെ തന്നെ ഏവർക്കും മൂന്ന് പ്രതിനിധികൾ എന്ന നയത്തിന്റെ സാധുതയെ ചോദ്യംചെയ്ത പാത്രിയർക്കീസ് വിഭാഗത്തിന്റെ വാദം കോടതി ചൂണ്ടിക്കാണിക്കുന്നു (78, 79). 2) 1934-ലെ ഭരണഘടന 4-ാം വകുപ്പിൽ വി. മാമോദീസാ സ്വീകരിച്ച് വിശ്വാസാചരണത്തിൽ നിൽക്കുന്ന ഏവരും സഭാംഗങ്ങളാണ് എന്ന നിയാമകതത്ത്വം 68-ാം വകുപ്പിൽ ലംഘിക്കപ്പെട്ടിരിക്കുന്നു എന്നാണ് കോടതിയുടെ കണ്ടെത്തൽ (76, 78). ഇക്കാര്യം ഉന്നയിച്ചുകൊണ്ട് വർഷങ്ങൾക്കു മുൻപ് പാത്രിയർക്കീസ് വിഭാഗം നൽകിയ പരാതി (സ്കീം സൂട്ട്) ഇവിടെ അനുവദിക്കപ്പെട്ടിരിക്കുന്നതായി കാണാം. മലങ്കര സഭാ അസോസിയേഷൻ യോഗം ജനാധിപത്യ തത്ത്വങ്ങ ളുടെ ലംഘനം നടത്തുകയാണ് 68-ാം വകുപ്പിലൂടെ എന്ന് മാത്രമല്ല ഈ അസോസിയേഷൻ സഭയിലെ ജനത്തിന്റെ താത്പര്യത്തെ പ്രതിനിധീകരിക്കുന്നുമില്ല (78).

ഈ കുറവുകൾ പരിഹരിക്കാൻ കോടതി നിർദ്ദേശിക്കുന്ന മാർഗ്ഗം 68-ാം വകുപ്പും മറ്റ് സംഗതങ്ങളായ വകുപ്പുകളും മുകളിൽ പറഞ്ഞതായ തത്ത്വങ്ങളെ ഉൾക്കൊണ്ട് പരിഷ്കരിക്കുക എന്നതാണ് (It may therefore, be necessary to substitute clause 68 (now 71) and other relevant clauses of the constitution to achieve the aforesaid objective which would also affirm the democratic Principle... P. 80). ഈ പരിഷ്കാരത്തിനാവശ്യമായ നിർദ്ദേശങ്ങൾ മൂന്നുമാസത്തിനകം കോടതിയിൽ സമർപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരിക്കുന്നു (80). ഈ നിർദ്ദേശങ്ങൾ പരിഗണിച്ച് കോടതി ഉത്തരവ് പുറപ്പെടുവിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മാത്രം തെരഞ്ഞെടുപ്പു നടത്തി അസോസിയേഷൻ ചേരേണ്ടതാണ് (80). ഈ അസോസിയേഷൻ മുകളിൽ പറഞ്ഞവിധത്തിൽ സഭാ ജനത്തിന്റെ താത്പര്യത്തെ പ്രതിഫലിപ്പിക്കുന്നതാണ് (81). ഇങ്ങനെ ഒരു യോഗം ചേരുന്നതുവരെ മറ്റ് സമിതികൾക്കോ സ്ഥാനികൾക്കോ പ്രവർത്തിക്കാൻ അനുവാദമില്ല. എന്നാൽ പാത്രിയർക്കീസ് വിഭാഗത്തെ മെത്രാപ്പോലീത്താമാർ പ്രവർത്തിക്കുന്നതിനെതിരെ വിലക്ക് കല്പിക്കണം എന്ന ആവശ്യം കോടതി സ്വീകരിച്ചിട്ടില്ല. അവർ ഏതു തരത്തിൽ ഇടവക പള്ളികളുടെ പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നു എന്ന് കോടതിക്ക് മനസ്സിലാകുന്നില്ല എന്ന് വിധിയിൽ പറയുന്നു (67). ഈ വിധിയിലൂടെ മലങ്കര സഭയിൽ ഐക്യവും അഖണ്ഡതയും ഉണ്ടാകും എന്ന പ്രത്യാശയോടെ കോടതി വിധി ന്യായം ഉപസംഹരിക്കുന്നു.

## ഉപസംഹാരം

പാത്രിയർക്കീസ് വിഭാഗത്തെ സംബന്ധിച്ചിടത്തോളം എത്രയും

അനുകൂലമായൊരു വിധിയാണ് ബ. സുപ്രീംകോടതിയിൽനിന്നും ലഭിച്ചിട്ടുള്ളത്. ഇക്കാര്യം തക്കസമയത്ത് ജനത്തെ അറിയിക്കാൻ കഴിഞ്ഞില്ല എന്നതു മാത്രമാണ് ഖേദം. പാത്രിയർക്കീസ് വിഭാഗം സഭായോജിപ്പിന്റെ കാലംമുതൽ ആവശ്യപ്പെട്ടിട്ടും അന്നത്തെ സഭാ നേതൃത്വം അംഗീകരിക്കാതെ പുച്ഛിച്ചുതള്ളിയ പല കാര്യങ്ങളും ഇപ്പോൾ കോടതി അംഗീകരിച്ചിരിക്കുന്നു. അസോസിയേഷന്റെ ജനപ്രാതിനിധ്യസ്വഭാവം, ഇടവക സ്വത്തുക്കളുടെ സ്വാതന്ത്ര്യം എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്. മെത്രാപ്പോലീത്ത വാഴിക്കപ്പെട്ടാലും ജനങ്ങളാൽ അംഗീകരിക്കപ്പെടണം എന്ന് ഈ വിധിയിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു. പാത്രിയർക്കീസിനോടുള്ള കാതോലിക്കായുടെ തുല്യസ്ഥാനീയത്വം, മലങ്കര സഭയുടെ സ്വയം ശീർഷകത്വവാദം, സ്വതന്ത്ര സഭാവാദം എന്നീ കാതോലിക്കാ പക്ഷ നിലപാടുകൾ സുപ്രീംകോടതി സംശയലേശമില്ലാതെ നിരസിച്ചിരിക്കുന്നു. ദൈവത്തിന്റെ അളവറ്റ കരുണയെ നമുക്ക് മഹത്ത്വപ്പെടുത്താം. സത്യവിശ്വാസത്തിനുവേണ്ടി പോരാടി മരണം വരിച്ച വി. പിതാക്കന്മാരെ നമുക്ക് പുകഴ്ത്താം. തുടർന്നുള്ള കാര്യങ്ങൾ ഐക്യത്തോടും, കൂട്ടായ ആലോചനയോടും സഭാ സമിതികളുടെ തീരുമാനപ്രകാരവും ദൈവാശ്രയബോധത്തിൽ നമുക്ക് നിർവ്വഹിക്കാം.

**രേഖ–10**

# മലങ്കര സഭയിലെ ഇരുപതാം നൂറ്റാണ്ടിലെ ഭിന്നിപ്പ്

## സഖറിയാ മോർ നിക്കോളാവോസ്

പാത്രിയർക്കീസ് പക്ഷത്തുനിന്നും അവസാനമായി കൂറുമാറിയ മോർ നിക്കോളാവോസ് മലങ്കരസഭാചരിത്രം ഐച്ഛികമായി എടുത്ത് പഠിച്ച ആളാണ്. അദ്ദേഹത്തിന്റെ പ്രബന്ധം ആശ്രയമാക്കി 1990-ൽ അദ്ദേഹംതന്നെ മുളന്തുരുത്തി വൈദിക സെമിനാരിയുടെ Excelsior എന്ന പ്രസിദ്ധീകരണത്തിൽ എഴുതിയ ലേഖനത്തിന്റെ പരിഭാഷയാണിത്. ഇപ്പോൾ പരിശുദ്ധഗണത്തിൽ അദ്ദേഹവും ധൂപം വയ്ക്കുന്ന വട്ടശേരിൽ തിരുമേനിയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ഈ വിലയിരുത്തൽ സവിശേഷശ്രദ്ധ ആകർഷിക്കുന്നു. അടിക്കുറിപ്പുകൾ പരിഭാഷകൻ ചേർത്തത്.

### ആമുഖം

മലങ്കര സഭയിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിൽ തൊട്ടുമുമ്പത്തെ നൂറ്റാണ്ടിൽ ഉണ്ടായ രണ്ട് ഭിന്നതകളെക്കാൾ നിർണ്ണായകമായ ഒരു നേതൃത്വ മറുതലിപ്പ് നേരിടേണ്ടിവന്നു. മോർ ദിവന്നാസ്യോസ് ആറാമൻ മെത്രാപ്പോലീത്താ[1]യുടെ നിർബന്ധബുദ്ധിയും ഏകാധിപത്യസ്വഭാവവും പൗരാണികമായ സഭാപാരമ്പര്യങ്ങൾക്കു വിധേയപ്പെടുവാനുള്ള വൈമനസ്യവും മൂലം ഇന്ത്യയിലെ സിറിയൻ ഓർത്തഡോക്സ് സഭയിലുണ്ടായ വിനാശകരവും അനവധാനപൂർവവുമായ സ്വാധീനങ്ങൾ ചരിത്രം ഗൗരവമായി പഠിക്കുന്ന വിദ്യാർത്ഥിക്ക് ഒരു പാഠമാണ്. ദേശീയവും വർഗീയവുമായ പരിമിതികളെ അതിജീവിക്കുന്ന സഭാവിജ്ഞാനീയത്തെ ഉൾക്കൊള്ളുവാൻ കഴിവില്ലാത്ത ദിശാബോധം തെറ്റിയ ഏതാനും ദേശീയവാദികളുടെ പിൻതുണയും അദ്ദേഹത്തിന് ഈ യത്നത്തിലുണ്ടായിരുന്നു. സുറിയാനി ഓർത്തഡോക്സ് സഭാംഗങ്ങൾ ഇന്നും അനുഭവിച്ചു കൊണ്ടിരിക്കുന്ന ഭിന്നതയുടെയും അസ്വാരസ്യത്തിന്റെയും അനന്തരഫലങ്ങൾ ഇവർ വിതച്ച വിത്തിൽനിന്നുള്ളവയാണ്. സിവിൽ കോടതികളിൽ തങ്ങളുടെയും ഊർജ്ജവും ധനവും സമയവും ചെലവഴിക്കേണ്ടിവരിക എന്ന വിധി സിറിയൻ ഓർത്തഡോക്സ് ക്രിസ്ത്യാ

---

1. വട്ടശേരിൽ മോർ ദീവന്നാസ്യോസ്

നികൾക്കുണ്ടായി. ഐക്യപ്രസ്ഥാനങ്ങളും എക്യുമെനിക്കൽ പ്രസ്ഥാനങ്ങളും ശക്തമായിരിക്കുന്ന ഈ കാലഘട്ടത്തിൽപോലും അപ്പോസ്തലികപാരമ്പര്യം അവകാശപ്പെടുന്ന ഈ പൗരാണിക സഭ ദശലക്ഷക്കണക്കിന് പണവും ആയിരക്കണക്കിന് മനുഷ്യാദ്ധ്വാനമണിക്കൂറുകളും വ്യവഹാരങ്ങൾക്കുവേണ്ടി ചെലവഴിക്കുന്ന എന്ന യാഥാർത്ഥ്യത്തിനു മുമ്പിൽ കോടതികൾക്കു പുറത്ത് ഈ പ്രശ്നങ്ങൾ പരിഹരിക്കുവാനും ഉത്തമമായ ഒരു ക്രൈസ്തവസാക്ഷ്യം ഇന്ത്യയിലെ ബഹുമതപശ്ചാത്തലത്തിൽ കണ്ടെത്തുവാൻ സാധിക്കുന്നില്ല.[2]

ലഭ്യമായ രേഖകളുടെ പശ്ചാത്തലത്തിൽ ഈ ഭിന്നതയുടെ കാരണങ്ങളും മാർഗങ്ങളും സംക്ഷിപ്തമായി പരിശോധിക്കുവാനാണ് ഈ ലേഖനത്തിൽ പരിശ്രമിക്കുന്നത്. മൂലരേഖകൾ ദുർലഭവും അല്പമാത്രവുമാണെങ്കിലും സാധിക്കുന്നിടത്തോളം സമാഹരിക്കുവാൻ പരിശ്രമിച്ചിട്ടുണ്ട്.

## പശ്ചാത്തലം

തിരുവിതാംകൂർ റോയൽകോടതിയുടെ അവസാന തീർപ്പിലൂടെ അന്ത്യോഖ്യാപാത്രിയർക്കീസിന്റെ അധികാരം ചോദ്യംചെയ്ത നവീകരണകക്ഷി[3]ക്ക് ഒന്നുകിൽ സഭവിട്ടു പോവുകയോ അല്ലെങ്കിൽ തങ്ങളുടെ 'നവീകരണ ആശയങ്ങൾ' ഉപേക്ഷിക്കുകയോ ചെയ്യേണ്ടി വന്ന സാഹചര്യം പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഉണ്ടായി. അവർ ആദ്യമാർഗ്ഗം സ്വീകരിച്ച് ഒരു പുതിയ 'നവീകരണ സഭ' രൂപീകരിച്ചു. പിന്നീട് മലബാർ മാർത്തോമാ സഭ[4] എന്ന് പേരും സ്വീകരിച്ചു.

മാതൃസഭയും നവീകരണകക്ഷിയുമായുള്ള തർക്കത്തിൽ അനേകം കാര്യങ്ങൾ വെളിച്ചത്തു വരികയുണ്ടായി. പാത്രിയർക്കീസിന് മലങ്കരസഭയിന്മേലുള്ള അധികാരം എന്നതായിരുന്നു അവയിലൊന്ന്. നവീകരണകക്ഷി മലങ്കര മെത്രാപ്പോലീത്തായ്ക്ക് ഉപരിയായി പാത്രിയർക്കീസിന്റെ എല്ലാ അധികാരങ്ങളെയും തുറന്നടിച്ച് നിഷേധിച്ചപ്പോൾ മോർ ദീവന്നാസ്യോസ് അഞ്ചാമന്റെ[5] നേതൃത്വത്തിൽ സഭയുടെ പ്രധാന കൈവഴി വംശീയവും ദേശീയവുമായ സ്വഭാവങ്ങൾ ഒക്കെ നിലനിർത്തിക്കൊണ്ട് പരമ്പരാഗതമായ പാരമ്പര്യത്തോടുചേർന്ന് അന്ത്യോഖ്യാ സിംഹാസനവുമായുള്ള ബന്ധം തുടർന്ന് സഭയുടെ കാതോലിക സ്വഭാവം നിലനിർത്തുവാൻ തീരു

2. മോർ നിക്കോളാവോസ് തന്നെയാണ് ഇപ്പോഴത്തെ കാതോലിക്കോസ് പക്ഷത്തെ കേസ് നടത്തിപ്പുകാരൻ എന്ന് കേൾക്കുന്നു.
3. പിന്നീട് മാർത്തോമാ സഭ
4. മലങ്കര മാർത്തോമാ സുറിയാനി സഭ
5. പുലിക്കോട്ടിൽ ജോസഫ് മോർ ദീവന്നാസ്യോസ്

മാനിച്ചു. വളരെ ശ്രദ്ധാർഹമായ വിധത്തിൽ റോയൽ കോടതി വിധി പ്രഖ്യാപിച്ചത് മലങ്കര സഭയുടെ മേൽ അന്ത്യോഖ്യാ പാത്രിയർക്കീസിന് ആത്മിക പരമാദ്ധ്യക്ഷത ഉണ്ടെന്നും ഭൗതികങ്ങളിന്മേൽ അധികാരങ്ങളില്ലെന്നുമായിരുന്നു.

ഇന്ത്യയിലെ സുറിയാനി ഓർത്തഡോക്സ് സഭയിൽ പാത്രിയർക്കീസിന്റെ അവകാശങ്ങൾ ഇതിനുമുമ്പ് തർക്കവിഷയമായിട്ടില്ല. നവീകരണപ്രസ്ഥാനം ഈ സംഗതിയിലുള്ള ചർച്ചയ്ക്ക് ആരംഭം കുറിച്ചു. റോയൽ കോടതിവിധിക്കോ പിന്നീടുണ്ടായ വിധികൾക്കോ ഈ പ്രശ്നം പരിഹരിക്കുവാനായില്ല. ഇപ്പോഴും ഒരു നൂറ്റാണ്ടിനു ശേഷവും ഈ സംഗതി പരിഹാരമാകാതെ അവശേഷിക്കുന്നു. ഈ തർക്കം സഭയിൽ ഒരു വിഘടനം സൃഷ്ടിച്ചുവെങ്കിലും ബന്ധം സംബന്ധിച്ച് വളരെ അവ്യക്തതകൾ പരിഹരിക്കുവാനും ഒരു നിലപാട് എടുക്കുവാൻ ജനങ്ങളെ നിർബന്ധിതരാക്കുന്നതിനും ഇടയാക്കി.

നവീകരണപ്രസ്ഥാനം മൂലം സഭ നേരിടേണ്ടിവന്ന പ്രശ്നങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനുവേണ്ടി അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന പരിശുദ്ധ പത്രോസ് മൂന്നാമൻ 1876-ൽ മുളത്തുരുത്തിയിൽവച്ച് ഒരു സുന്നഹദോസ് വിളിച്ചു ചേർത്തു. മലങ്കര സഭയിൽ പരമ്പരാഗതമായി നിലനിന്നുപോന്നിരുന്ന ജനാധിപത്യ ഭരണസമ്പ്രദായം വ്യവസ്ഥാപിതമാക്കി സഭാഘടനയിലേക്ക് കൊണ്ടുവരുവാൻ ഈ സുന്നഹദോസിനു കഴിഞ്ഞു. ഇടവക പള്ളികളുടെ പ്രതിനിധികളുടെ യോഗവേദി രൂപീകരിച്ച് 'സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ' എന്ന് നാമകരണം ചെയ്തു. പൊതുതാല്പര്യമുള്ള വിഷയങ്ങളിൽ തീരുമാനം എടുക്കുന്നതിനായി ഒരു സ്ഥിരസമിതിയും രൂപീകരിച്ചു. മലങ്കര സഭാഭരണവ്യവസ്ഥയിൽ ഉണ്ടായ ഈ രൂപം തികച്ചും സാമ്യമറ്റതായിരുന്നു. ഒരു കാതോലിക സ്വഭാവമുള്ള സഭയിൽ വൈവിധ്യമാർന്ന ഘടനകൾ സാധ്യമാണെന്ന സംഗതി ഈ യാഥാർത്ഥ്യം വിരൽ ചൂണ്ടുന്നു. ഇവിടുത്തെ സാഹചര്യം കൈകാര്യംചെയ്തതിൽ പാത്രിയർക്കീസ് കാണിച്ച തുറന്ന മനഃസ്ഥിതിയും നമ്മുടെ ശ്രദ്ധാവിഷയമാകേണ്ടതുണ്ട്. അദ്ദേഹത്തിന്റെ അധികാരസീമയിലെങ്ങും നിലവിലില്ലാത്ത ഒരു സഭാഘടന സ്വീകരിച്ച് അംഗീകരിക്കുവാൻ അദ്ദേഹത്തിനു പ്രയാസമില്ലായിരുന്നു. ഈ വിധത്തിലുള്ള ഭരണവ്യവസ്ഥ മലങ്കരസഭയിൽ വളരെക്കാലം മുമ്പുതന്നെ നിലനിന്നിരുന്നു.

അന്ത്യോഖ്യാ പാത്രിയർക്കീസിന് മലങ്കര സഭയിന്മേൽ പൗരാണിക പാരമ്പര്യമായി നിലനിന്നുപോന്നിരുന്ന ആത്മികവും ഭൗതികവുമായ പരമാദ്ധ്യക്ഷത വ്യവസ്ഥാപിതനിശ്ചയമാക്കുവാൻ സുന്നഹദോസിലെ ആലോചനകൾ ഇടയാക്കി. ഓരോ ഇടവകയും പാത്രിയർക്കീസിനു വിധേയത്വം പ്രഖ്യാപിക്കുന്ന ഉടമ്പടി സമർപ്പി

ക്കണമെന്നും തീരുമാനിച്ചു. അങ്ങനെ സഭയുടെ പൗരാണിക പാരമ്പര്യം വ്യവസ്ഥാപിതമാക്കി നിയമസാധുതയുള്ളതാക്കുവാൻ കഴിഞ്ഞു. ഇടവക പള്ളികൾ പ്രത്യേക ഉടമ്പടികൾ രജിസ്റ്റർ ചെയ്യണമെന്ന് സുന്നഹദോസ് നിശ്ചയിച്ചതും കുറെ പള്ളികൾ മാത്രമെ അങ്ങനെ ചെയ്തുള്ളൂ എന്നതും ഈ ഘട്ടത്തിൽപോലും ഇടവക പള്ളികളുടെ തനിമയാർന്ന സ്വാതന്ത്ര്യം ബഹുമാനിക്കപ്പെട്ട് ആദരിക്കപ്പെട്ടിരുന്നു എന്ന് വ്യക്തമാക്കുന്നു.

ഈ കാലഘട്ടത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരം സംബന്ധിച്ചോ പുതുതായി വാഴിക്കപ്പെട്ട മെത്രാപ്പോലീത്താമാർ അന്ത്യോഖ്യാ പാത്രിയർക്കീസിന് വിധേയത്വ ഉടമ്പടി എഴുതി രജിസ്റ്റർചെയ്ത് സമർപ്പിക്കുന്നതിനോ ആർക്കും യാതൊരു തടസ്സങ്ങളും ഇല്ലായിരുന്നു. മോറാൻ മോർ പത്രോസ് തൃതീയൻ പാത്രിയർക്കീസിന് വിധേയത്വ ഉടമ്പടി രജിസ്റ്ററാക്കി സമർപ്പിച്ച് അഭിഷിക്തരായ മെത്രാപ്പോലീത്താമാരിൽ ഒരാൾ പരുമല മോർ ഗ്രിഗോറിയോസ് എന്ന വിശുദ്ധനല്ലാതെ മറ്റാരും ആയിരുന്നില്ല എന്നത് നാം ഇവിടെ അനുസ്മരിക്കേണ്ടതുണ്ട്. മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയുടെ പാരമ്പര്യത്തിനു വിരുദ്ധമാണ് അത്തരം ഒരു ഉടമ്പടി എങ്കിൽ അദ്ദേഹത്തെപ്പോലെയുള്ള ഒരു വ്യക്തിത്വത്തിന്റെ ഉടമ അപ്രകാരമുള്ള ഒരു രേഖയിൽ ഒപ്പുവയ്ക്കുക എന്ന് വിശ്വസിക്കുക നമുക്ക് എത്ര ദുഷ്കരമാണ്.

1908-ൽ മലങ്കര അസോസിയേഷൻ യോഗം പഴയ സെമിനാരിയിൽ ചേർന്ന് വട്ടശേരിൽ ഗീവർഗീസ് റമ്പാനെയും കൊച്ചുപറമ്പിൽ പൗലോസ് റമ്പാനെയും മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത് അഭിഷേകംചെയ്യപ്പെടുവാനായി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അടുത്തേക്ക് അയച്ചു. അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മോർ അബ്ദുള്ള ദ്വിതീയൻ[6] രണ്ടുപേരെയും അഭിഷേകംചെയ്ത് മലങ്കരയിലേക്ക് ഗീവർഗീസ് മോർ ദീവന്നാസ്യോസ് പൗലോസ് മോർ കൂറിലോസ് എന്ന മെത്രാപ്പോലീത്താമാരായി മടക്കി അയച്ചു.

പുതിയ മെത്രാപ്പോലീത്താമാരുടെ ആഗമനശേഷം മോർ ദീവന്നാസ്യോസ് അഞ്ചാമൻ അധികകാലം ജീവിച്ചിരുന്നില്ല. 1909 ജൂലൈ 11-ാം തീയതി വളരെ ദുഷ്കരവും ദീർഘവുമായ ഒരു കാലഘട്ടം മലങ്കര മെത്രാപ്പോലീത്താ ആയിരുന്നശേഷം പുതിയ മെത്രാന്മാർ വന്ന് ഒരു വർഷത്തിനുള്ളിൽ അദ്ദേഹം കടന്നുപോയി. മോർ ദീവന്നാസ്യോസിന്റെ കാലഘട്ടം മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിൽ പ്രയാസകരമായിരുന്നെങ്കിലും അദ്ദേഹത്തിന്റെ പിൻഗാമികൾക്കായി

6. അക്കാലത്ത് മുടക്കപ്പെട്ട അബ്ദുൾ മ്ശീഹാ ജീവിച്ചിരുന്നുവെങ്കിലും ആരും അദ്ദേഹത്തെ സമീപിക്കുന്നതിനു ചിന്തിച്ചിട്ടുപോലുമില്ല.

സമാധാനാന്തരീക്ഷത്തിലുള്ള ഒരു സംഘടിത സഭയെ നൽകുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. എന്നാൽ പിൻഗാമിയുടെ നിർബന്ധബുദ്ധിയും ഉന്നതാഭിവാഞ്ഛയും മൂലം മലങ്കരസഭയിൽ സമാധാനവും ശാന്തതയും തുടരുവാൻ അനുവദിച്ചില്ല.

മോർ ദീവന്നാസ്യോസ് അഞ്ചാമന്റെ വിയോഗവേളയിൽ മോർ അബ്ദുള്ള പാത്രിയർക്കീസ് ബാവാ ഇന്ത്യയിലേക്കുള്ള യാത്രാമദ്ധ്യേ ലണ്ടനിലായിരുന്നു. വിയോഗവാർത്തയും മോർ ദീവന്നാസ്യോസ് ആറാമനെ പുതിയ മലങ്കര മെത്രാപ്പോലീത്താ ആയി നിയമിക്കുവാനുള്ള അപേക്ഷയും അടങ്ങുന്ന കേബിൾ സന്ദേശം പാത്രിയർക്കീസിനെത്തിക്കുകയും അദ്ദേഹം സന്തോഷപൂർവ്വം അത് നിർവ്വഹിക്കുകയുംചെയ്തു. പാത്രിയർക്കീസിന്റെ നിയമനത്തെത്തുടർന്ന് കോട്ടയം പഴയ സെമിനാരിയിൽവച്ച് മോർ ദീവന്നാസ്യോസിന്റെ സുന്ത്രോണീസോ[7] നിർവ്വഹിച്ചു.

മോർ ദീവന്നാസ്യോസ് ആറാമൻ വാഴ്ചയുടെ പ്രാരംഭത്തിൽ തന്നെ കൂട്ടു ട്രസ്റ്റിമാരോടുള്ള പെരുമാറ്റത്തിൽ തന്റെ ഏകാധിപത്യസ്വഭാവം വെളിവാക്കി. കൂട്ടുട്രസ്റ്റിമാർ കൂടി സൂക്ഷിക്കുവാൻ ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള ഭണ്ഡാരമുറിയുടെ (ബെസ്ഗാസാ മുറി-Treasury) താക്കോലുകൾ കൈമാറുവാൻ അദ്ദേഹം വിസമ്മതിച്ചു. ഈ താക്കോലുകൾ ട്രസ്റ്റിമാരുടെ കൂട്ടുത്തരവാദിത്വത്തിൽ സൂക്ഷിക്കപ്പെടേണ്ടവയായി കരുതപ്പെട്ടിരുന്നു. എന്നാൽ മോർ ദീവന്നാസ്യോസ് അഞ്ചാമന്റെ നിര്യാണശേഷം മോർ ദീവന്നാസ്യോസ് ആറാമൻ സഭയുടെ ഈ പാരമ്പര്യത്തെ നിഷേധിക്കുകയും ബസ്ഗാസ മുറി തന്റെ മാത്രം കൈവശത്തിലായിരിക്കണമെന്ന് അവകാശപ്പെടുകയുംചെയ്തു. അദ്ദേഹത്തിനനുകൂലമായി ഒരു തീരുമാനം മാനേജിങ് കമ്മിറ്റിയിലൂടെ എടുപ്പിക്കുവാനും അദ്ദേഹത്തിനു സാധിച്ചു. ഈ സാഹചര്യം കൂട്ടുട്രസ്റ്റിമാരെ ഒരു ദുരവസ്ഥയിൽ എത്തിച്ചു. അവർ ട്രസ്റ്റിമാരെന്ന നിലയിൽ കൂട്ടുത്തരവാദിത്തം ചുമതലപ്പെട്ടിരിക്കെ മെത്രാപ്പോലീത്താ തനിയെ കൈകാര്യംചെയ്തുവന്നു. ഇത്തരുണത്തിലാണ് അന്ത്യോഖ്യാ പാത്രിയർക്കീസ് മോർ അബ്ദുള്ളാ ദ്വിതീയൻ മലങ്കര സന്ദർശിച്ചത്.

## പാത്രിയർക്കാ സന്ദർശനം

മോർ ദീവന്നാസ്യോസ് അഞ്ചാമൻ കാലംചെയ്ത അവസരത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസ് മോർ അബ്ദുള്ളാ രണ്ടാമൻ മലങ്കര സഭാസന്ദർശനത്തിന്റെ വഴിയിൽ ലണ്ടനിൽനിന്നും 1909 സെപ്തംബർ 24-ാംതീയതി ബോംബെയിൽ വന്നുചേർന്നു. ഗീവർഗീസ് മോർ ദീവന്നാസ്യോസ് തന്നെ നേതൃത്വം നൽകിയ പ്രതിനിധി സംഘം

7. സിംഹാസനസ്ഥനാക്കുന്ന (അധികാരദാന) ശുശ്രൂഷ

ഔപചാരികമായി പാത്രിയർക്കീസിന്റെ ആഗമനത്തിൽ സ്വീകരണം നൽകി. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ പാത്രിയർക്കീസിന് പ്രൗഢിയും മാഹാത്മ്യവും ചേർന്ന വിപുലമായ സ്വീകരണങ്ങൾ ക്രമീകരിക്കുകയുണ്ടായി.

സ്വീകരണങ്ങൾ അവസാനിച്ച ഘട്ടത്തിൽ 1909 നവംബർ 27–ാം തീയതി കോട്ടയം പഴയ സെമിനാരിയിൽവച്ച് പള്ളി പ്രതിനിധിയോഗം വിളിച്ചുകൂട്ടുവാൻ പാത്രിയർക്കീസ് മുന്നോട്ടു നീങ്ങി. 1909 നവംബർ ഒന്നാംതീയതി പരിശുദ്ധപിതാവ് പ്രസിദ്ധീകരിച്ച യോഗം ചേരുവാനുള്ള നോട്ടീസിൽ തന്റെ വരവ് പ്രയോജനകരമായിത്തീരുവാൻ തക്കവണ്ണം അവരെ കാണുവാനും അപേക്ഷകളും ആവലാതികളും അറിയുവാനും ആഗ്രഹിക്കുന്നു എന്ന് കാണിച്ചിരുന്നു. യോഗം കൃത്യമായി നടന്നത് 28–ാം തീയതിയും 29–ാം തീയതിയുമായിരുന്നു. ഉദ്ഘാടനപ്രസംഗത്തിൽ ആവലാതികൾ ഉന്നയിക്കുവാനുള്ളവർ സങ്കടഹർജി രൂപത്തിൽ നൽകണമെന്ന് പാത്രിയർക്കീസ് ആവശ്യപ്പെട്ടിരുന്നു.

പാത്രിയർക്കീസിന്റെ പ്രസംഗം അല്പം വിശദീകരണം ആവശ്യമുള്ളതാണ്. പുതിയ മലങ്കര മെത്രാപ്പോലീത്തായുടെ പ്രഥമ മാനേജിങ് കമ്മിറ്റി യോഗത്തിൽതന്നെ മെത്രാപ്പോലീത്തായും അദ്ദേഹത്തിന്റെ കൂട്ടുട്രസ്റ്റിമാരുമായി തർക്കമുണ്ടായ സംഗതി വായനക്കാരുടെ ശ്രദ്ധയിൽ മുമ്പുതന്നെ കൊണ്ടുവന്നിട്ടുണ്ട്. കൂട്ടുട്രസ്റ്റിമാരായ കോനാട്ട് മാത്തൻ കോർഎപ്പിസ്കോപ്പായുടെയും ശ്രീ സി.ജെ. കുര്യന്റെയും തടസങ്ങൾ വകവയ്ക്കാതെതന്നെ മാനേജിങ് കമ്മിറ്റി മെത്രാപ്പോലീത്തായ്ക്ക് അനുഭാവപൂർവമായി തീരുമാനം എടുക്കുകയും അവരെ വെറും പാവസ്ഥാനികളാക്കി ചുരുക്കുകയും ചെയ്തു. കമ്മിറ്റി തീരുമാനിച്ചത്.

'കൂട്ടുട്രസ്റ്റിമാരും മെത്രാപ്പോലീത്തായുമായി എന്തെങ്കിലും തർക്കങ്ങൾ ഉണ്ടാകുന്ന പക്ഷം മെത്രാപ്പോലീത്തായുടെ തീരുമാനം നിലനിൽക്കുന്നതായിരിക്കും.'

മാനേജിങ് കമ്മിറ്റിയുടെ ഈ തീരുമാനം കൂട്ടുട്രസ്റ്റിമാരുടെ സംയുക്തചുമതലയുടെ എല്ലാ തത്ത്വങ്ങളെയും ജനാധിപത്യ അടിസ്ഥാനങ്ങളെയും അസാധുവാക്കുവാൻ മാത്രം പര്യാപ്തമാണ്. ഇക്കാര്യത്തിൽ മുമ്പുതന്നെ പരാതി ലഭിച്ചിരുന്ന പാത്രിയർക്കീസ് സ്വന്തനിലയിൽ ഒരു അന്തിമതീരുമാനം എടുക്കുന്നതിനെക്കാൾ ഇടവക പ്രതിനിധികളുടെ യോഗത്തിൽവയ്ക്കുന്നതാണ് നല്ലത് എന്ന് ചിന്തിച്ചു. ആരെക്കുറിച്ചെങ്കിലും എന്തെങ്കിലും പരാതി ലഭിച്ചിട്ടുള്ളതായിപ്പോലും പാത്രിയർക്കീസ് യോഗത്തിൽ സൂചിപ്പിച്ചില്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ആർക്കെങ്കിലും ഉന്നയിക്കുവാനുണ്ടെങ്കിൽ അവ നിയമാനുസൃതമാർഗത്തിൽ ഉന്നയിക്കേണ്ടതാ

ണെന്നു മാത്രം അദ്ദേഹം പ്രഖ്യാപിച്ചു. അസോസിയേഷനിൽ വളരെ തുറന്ന ചർച്ചകൾ നടക്കുന്നതിനു സഹായകമായ വിധത്തിൽ പാത്രിയർക്കീസ് യോഗവേദിയിൽനിന്നും ഉദ്ഘാടനപ്രസംഗാനന്തരം പിൻവാങ്ങുകകൂടിചെയ്തു.

സഭാപാരമ്പര്യങ്ങൾക്കു വിരുദ്ധമായി മാനേജിങ് കമ്മിറ്റി എടുത്തിട്ടുള്ള തീരുമാനത്തിന്റെ ഔചിത്യത്തെക്കുറിച്ച് പരിഗണിക്കണമെന്ന് യോഗത്തിൽ സന്നിഹിതരായിരുന്ന ചില അംഗങ്ങൾ ആവശ്യപ്പെട്ടു. യോഗം വ്യത്യസ്തരീതിയിലേക്കു നീങ്ങുന്നു എന്നു കണ്ട മെത്രാപ്പോലീത്തായുടെ പിന്തുണക്കാർ പ്രശ്നവിഷയം മാറ്റുവാൻ പരിശ്രമിച്ചുകൊണ്ട് പാത്രിയർക്കീസ് സഭയുടെ ഭൗതികകാര്യങ്ങളിൽ ഇടപെടുന്നു എന്ന് ആക്ഷേപം ഉന്നയിച്ചതുമൂലം യോഗം തികച്ചും അലങ്കോലപ്പെട്ടു. നടന്ന സംഗതികളെക്കുറിച്ച് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെമിനാരി ചാപ്പലിൽ പിറ്റേ ദിവസം തന്നെ താൻ അങ്ങനെ ഭൗതിക കാര്യങ്ങളിൽ ഇടപെടുവാൻ ഉദ്ദേശിച്ചിട്ടില്ല എന്ന് പ്രഖ്യാപിച്ചു.

മോർ ദീവന്നാസ്യോസിനെ അനുകൂലിക്കുന്ന സംഘം കാര്യങ്ങൾ നീങ്ങുന്നത് തങ്ങൾ ആഗ്രഹിക്കുന്ന ദിശയിലേക്കല്ല എന്നു ഗ്രഹിച്ചപ്പോൾ തന്ത്രങ്ങൾ മാറ്റുവാൻ തീരുമാനിച്ചു. പഴയ സെമിനാരി സംഭവങ്ങളുടെ വെളിച്ചത്തിൽ കാര്യങ്ങൾ നേരായ വിധത്തിൽ പോയാൽ ജനങ്ങളെ തങ്ങൾ ആഗ്രഹിക്കുന്ന വിധത്തിൽ നയിക്കുവാൻ സാധ്യമല്ലെന്ന് അവർ മനസ്സിലാക്കി. അതുകൊണ്ട് പാത്രിയർക്കീസിനെതിരായി ഒരു മാധ്യമയുദ്ധം അവർ പ്രഖ്യാപിച്ചു. മലങ്കര സഭയിലെ സംഭവവികാസങ്ങളെക്കുറിച്ച് ലഘുലേഖകൾ വഴിയും പത്രങ്ങൾ വഴിയും ജനത്തെ തെറ്റിദ്ധരിപ്പിക്കുവാൻ അവർ ശ്രമിച്ചു. ഈ യത്നത്തിൽ ഒരു വലിയ പങ്ക് അവർ വിജയിക്കുകയുംചെയ്തു. സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചുരപ്രചാരം നേടിയിരുന്ന 'മലയാള മനോരമ'യുടെ പത്രാധിപർ ശ്രീ കെ.സി. മാമ്മൻ മാപ്പിള മോർ ദീവന്നാസ്യോസിന്റെ കക്ഷിയുടെ ഒരു ശക്തികേന്ദ്രമായിരുന്നതുകൊണ്ട് പാത്രിയർക്കീസിനെ സംബന്ധിച്ച് തെറ്റായ ആശയരൂപീകരണം സൃഷ്ടിക്കുന്നതിനു വളരെ സഹായകമായിത്തീർന്നു.

പാത്രിയർക്കീസാകട്ടെ ഇത്തരം ക്രമീകൃതമായ ആക്രമണത്തിനു പ്രതികരിക്കുവാൻ സംവിധാനങ്ങൾ തനിക്കില്ലാതിരുന്നതുകൊണ്ട് 1910 സെപ്തംബർ 8-ാം തീയതി തനിക്കെതിരെ ഉന്നയിക്കപ്പെട്ട എല്ലാ ആരോപണങ്ങളും നിഷേധിച്ചുകൊണ്ടും സഭയുടെ പൊതുതാല്പര്യത്തിനുവേണ്ടി തന്റെ മുൻഗാമി തുറന്നതും മലങ്കര സഭയിൽ സന്തോഷപൂർവം അംഗീകരിക്കപ്പെട്ട മാർഗങ്ങൾ സ്വീകരിച്ചുകൊണ്ടും മാത്രമേ തുടരുന്നുള്ളൂ എന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു പൊതുകല്പന പ്രസിദ്ധീകരിച്ചു.

കാര്യങ്ങൾ ഈ ഘട്ടത്തിൽ എത്തിനിൽക്കേ, അഭിഷേക സമയത്ത് മോർ ദീവന്നാസ്യോസും മോർ കൂറിലോസും സമ്മതിച്ചിരുന്ന പ്രകാരം വിധേയത്വ ഉടമ്പടി എഴുതി സമർപ്പിക്കണമെന്ന് പാത്രിയർക്കീസ് ആവശ്യപ്പെട്ടു. പാലക്കുന്നത്ത് മാത്യൂസ് മോർ അത്താനാസ്യോസ് അഭിഷിക്തനായതിനുശേഷം ഉണ്ടായ വിഷമ സന്ധികളെക്കുറിച്ച് തികച്ചും ബോധവാനായിരുന്നതുകൊണ്ടാണിങ്ങനെ ആവശ്യപ്പെട്ടത്. ഈ ആവശ്യം മോർ ദീവന്നാസ്യോസ് നിരാകരിച്ചപ്പോൾ മോർ കൂറിലോസ് സന്തോഷപൂർവ്വം സ്വീകരിച്ചു. ഈ നിഷേധത്തോടുകൂടി മോർ ദീവന്നാസ്യോസിന്റെ കുടിലതയും ആത്മാർത്ഥതയില്ലായ്മയും വെളിവായി. അദ്ദേഹം അഭിഷേക സമയത്ത് നടത്തിയ പ്രതിജ്ഞ ഗൗരവമായി എടുക്കുവാൻ ആഗ്രഹിക്കുന്നില്ലെന്ന് തെളിയിച്ചു. പാത്രിയർക്കീസും മലങ്കരസഭയും അദ്ദേഹത്തിന്റെ കുടിലതയ്ക്ക് ഇരയായി ഭവിക്കുകയുംചെയ്തു. മോർ അബ്ദുള്ളാ (പാത്രിയർക്കീസ്) മോർ ദീവന്നാസ്യോസിന്റെ മാത്സര്യം വ്യക്തമായ ഘട്ടത്തിൽ മാത്രമേ ഈ ഉടമ്പടി ആവശ്യപ്പെട്ടുള്ളൂ എന്നത് താൻ അദ്ദേഹത്തിൽ അർപ്പിച്ചിരുന്ന വിശ്വാസത്തിന്റെ തെളിവാണ്.

പാത്രിയർക്കീസ് പിന്നീട് പള്ളികൾ സന്ദർശിക്കുവാൻ ആരംഭിക്കുകയും പല പള്ളികളും വിധേയത്വ ഉടമ്പടികൾ അദ്ദേഹത്തിനു സമർപ്പിക്കുകയുംചെയ്തു. ഈ ഉടമ്പടികൾ ഇടവകാംഗങ്ങൾ സ്വമേധയാ പാത്രിയാർക്കേറ്റുമായുള്ള തങ്ങളുടെ വിശ്വാസവും വിധേയത്വവും പ്രഖ്യാപിക്കുന്നതിന് തയ്യാറാക്കിയ സമ്മതപത്രം എന്നല്ലാതെ ഇടവകകളുടെ ഭൗതികാധികാരങ്ങൾ അന്ത്യോഖ്യാ പാത്രിയർക്കീസിന് കൈമാറുന്ന ഉടമ്പടിയായിരുന്നില്ല. പ്രസ്തുത ഉടമ്പടിയിൽ ഇങ്ങനെ കാണുന്നു:

“തങ്ങളിൽ ആരെങ്കിലും ഏതെങ്കിലും വിധത്തിൽ ഈ ഉടമ്പടിക്കോ അതിലെ ഏതെങ്കിലും ഭാഗത്തിനോ എതിരായി പ്രവർത്തിക്കുകയോ ആരെയെങ്കിലും പ്രേരിപ്പിക്കുകയോ ചെയ്യുന്ന പക്ഷം ആ വ്യക്തി പള്ളിയിൽ 200 രൂപാ നൽകുകയും അദ്ദേഹത്തിനു പ്രസ്തുത പള്ളിയിന്മേൽ യാതൊരു അവകാശമോ ബന്ധമോ ഉടമസ്ഥതയോ ഇല്ലാതാവുകയും പള്ളിയുടെ നിലവിലുള്ളതും ആർജ്ജിക്കുന്നതുമായ സ്ഥാവരജംഗമവസ്തുക്കളിന്മേൽ യാതൊരു (അവകാശവുമില്ലാത്തതായിരിക്കും).

ഈ വാക്കുകൾ തെളിയിക്കുന്നത് പള്ളിയുടെ സ്വത്തുക്കളിന്മേൽ വിഘടനക്കാർ ഉന്നയിക്കാവുന്ന അവകാശവാദങ്ങൾക്കെതിരായുള്ള നിയമാനുസൃത സംരക്ഷണത്തിനുള്ള വ്യവസ്ഥയെന്നല്ലാതെ മറ്റ് യാതൊന്നുമില്ല എന്നാണ്.

ദിവസങ്ങൾ കടന്നുപോയപ്പോൾ ജനങ്ങളിലുണ്ടായ ധ്രുവീകരണം വളരെ പ്രകടമായിത്തീർന്നു. ഈ തർക്കത്തിൽ മോർ

ദീവന്നാസ്യോസിന്റെ കൂട്ടുട്രസ്റ്റികളായിരുന്ന കോനാട്ട് മാത്തൻ മല്പാനും ശ്രീ സി.ജെ. കുര്യനും പാത്രിയർക്കീസിനോടു ചേർന്നു നിന്നു.

പുതിയ മെത്രാപ്പോലീത്താമാരുടെ ആവശ്യം മുന്നിൽ കണ്ടു കൊണ്ട് പാത്രിയർക്കീസ് മോർ അത്താനാസ്യോസിനെയും മോർ സേവേറിയോസിനെയും മെത്രാന്മാരായി അഭിഷേകംചെയ്തു.

പാത്രിയർക്കീസും മോർ ദീവന്നാസ്യോസും തമ്മിലുള്ള തർക്കത്തിന്റെ പാരമ്യത്തിലെത്തിയത് 1911 ജൂൺ 8-ാം തീയതി താഴെപ്പറയുന്ന കാരണങ്ങളുടെ വെളിച്ചത്തിൽ നടത്തിയ മുടക്കുകല്പനയോടുകൂടിയാണ്.

1. സഭവകയായ സ്വത്തുക്കൾ സഭയുടെ ഉത്തമതാല്പര്യപ്രകാരം മേൽനോട്ടം വഹിച്ച് വിനിയോഗിച്ചിട്ടില്ല.
2. മോർ ദീവന്നാസ്യോസ് വ്യക്തിതാല്പര്യത്തോടുകൂടി പരിപൂർണ സ്വാതന്ത്രമനോഭാവത്തോടും അധികാരത്തോടും സഭയുടെ ഉത്തമതാല്പര്യങ്ങൾക്കു വിരുദ്ധമായി പ്രവർത്തിച്ചു.
3. സ്വതന്ത്രമായ അധികാരം ലഭിക്കുന്നതിനുവേണ്ടി സഭയിൽ കലഹവും ഭിന്നതയും മോർ ദീവന്നാസ്യോസ് വിതച്ചു.
4. തനിക്കുമേൽ യാതൊരു അധികാരിയും ഇല്ലാത്ത വിധം മോർ ദീവന്നാസ്യോസ് പരിപൂർണ അധികാരം സ്വതന്ത്രമായ വിധത്തിൽ വിനിയോഗിക്കുന്നതിന് മുതിർന്നു.
5. മോർ ദീവന്നാസ്യോസ് തന്റെ നിയമാനുസൃത മേലധികാരിയെ അനുസരിച്ചില്ല.
6. മോർ ദീവന്നാസ്യോസ് പത്രോസിന്റെ പരിശുദ്ധ സിംഹാസനത്തോടും പാത്രിയർക്കീസിനോടും കാണിക്കേണ്ട ബഹുമതിയും ആദരവും ഇടിക്കുകയും തെറ്റായ മുൻവിധികളോടെ പ്രവർത്തിച്ച് മറ്റുള്ളവരെ പ്രേരിപ്പിച്ചു.
7. മേൽകാണിച്ച പ്രവൃത്തികൾ എല്ലാംതന്നെ വിശുദ്ധ ത്രിത്വത്തിന്റെയും മാലാഖമാരുടെയും വിശുദ്ധന്മാരുടെയും വിശുദ്ധ മദ്ബഹായുടെയും ഭയജനകമായ വിശുദ്ധകുർബ്ബാനയുടെയും മുമ്പാകെ സമ്മതിച്ച് ഏറ്റുപറഞ്ഞതായ ശൽമൂസാ (സമ്മതപത്രം) യിലെ വ്യവസ്ഥകളുടെ ലംഘനമാണ്.

മേൽപ്പറഞ്ഞ കുറ്റാരോപണങ്ങളുടെ വെളിച്ചത്തിൽ മോർ ദീവന്നാസ്യോസ് ആറാമൻ മെത്രാപ്പോലീത്താ സ്ഥാനത്തുനിന്നും "സഭാഭ്രഷ്ടനായും സ്ഥാനത്യാഗിയായും ഉരിയപ്പെട്ടവനായും" പ്രഖ്യാപിക്കപ്പെട്ടു.

സഭാഭ്രഷ്ടനാക്കപ്പെട്ട കല്പന ലഭിച്ച് ഏതാനും ദിവസങ്ങൾക്കുശേഷം 1911 ജൂൺ 27-ാം തീയതി മോർ ദീവന്നാസ്യോസ് എം.ഡി. സെമിനാരി ചാപ്പലിൽവച്ച് മാനേജിങ് കമ്മിറ്റിയംഗങ്ങളുടെ ഒരു

യോഗം വിളിച്ചുചേർത്തു. മോർ ദീവന്നാസ്യോസിനെ കൂടാതെ റോമൻ കത്തോലിക്കാ സഭയിൽനിന്നും സിറിയൻ ഓർത്തഡോക്സ് സഭയിൽനിന്നും ചേർക്കുന്നവർക്കുവേണ്ടി അഭിഷിക്തനായ മെത്രാപ്പോലീത്താ മോർ ജൂലിയോസ് അൽവാറീസും മോർ ദീവന്നാസ്യോസിനോട് അനുഭാവമുണ്ടായിരുന്ന വൈദിക അത്മായ നേതാക്കളും യോഗത്തിൽ പങ്കെടുത്തു. ഈ യോഗം ഒരു അസോസിയേഷൻ വിളിച്ചുചേർക്കുവാൻ തീരുമാനിച്ചു. മുടക്കപ്പെട്ട മെത്രാപ്പോലീത്താ വിളിച്ചുചേർത്തതിനാൽ ഭൂരിപക്ഷം പള്ളികളിൽനിന്നും പ്രതിനിധികളെ അയയ്ക്കാതിരുന്നതുകൊണ്ട് പ്രസ്തുത അസോസിയേഷനിൽ ഭൂരിപക്ഷവും മോർ ദീവന്നാസ്യോസിന്റെ അനുകൂലികളായിരുന്നു. അസോസിയേഷൻ എന്നു വിളിക്കപ്പെട്ട ഈ യോഗം നടന്നത് 1911 സെപ്തംബർ 7-ാം തീയതി ആയിരുന്നു. മുടക്കപ്പെട്ട മെത്രാപ്പോലീത്തായെ അനുകൂലിക്കുന്ന തീരുമാനവും കൂട്ടുട്രസ്റ്റിമാരെ രണ്ടുപേരെയും നീക്കി പകരം രണ്ട് പേരെ നിയമിക്കുന്നതുമായുള്ള തീരുമാനങ്ങൾ ഈ യോഗം അംഗീകരിച്ചു. അതേസമയം പാത്രിയർക്കീസിന്റെ നിർദേശാനുസരണം മലങ്കര അസോസിയേഷൻ യോഗം വിളിച്ചുചേർത്തു. ഈ അസോസിയേഷൻ കൂടിയത് 1911 ഓഗസ്റ്റ് 31-ാം തീയതി ആയിരുന്നു. പ്രസ്തുതയോഗത്തിൽ പാത്രിയർക്കീസും സ്ലീബാ മോർ ഒസ്താത്തിയോസും ഇന്ത്യാക്കാരായ മൂന്ന് മെത്രാപ്പോലീത്താമാരും പങ്കെടുത്തു. ഈ യോഗം മോർ കൂറിലോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി തെരഞ്ഞെടുക്കുകയും ആ തെരഞ്ഞെടുപ്പ് അംഗീകരിക്കുവാൻ പാത്രിയർക്കീസിനോട് അപേക്ഷിക്കുകയുംചെയ്തു. മലങ്കര അസോസിയേഷന്റെ അഭ്യർത്ഥന മാനിച്ച് മോർ കൂറിലോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി നിയമിച്ചതിനുശേഷം പാത്രിയർക്കീസ് ഒരു മെത്രാപ്പോലീത്തായുടെ നിർബന്ധബുദ്ധി സൃഷ്ടിച്ച ഭിന്നതയിലും തർക്കത്തിലും വ്രണിതഹൃദയത്തോടുകൂടി മടങ്ങിപ്പോയി.

## കാതോലിക്കേറ്റിന്റെ സാങ്കല്പിക സ്ഥാപനം

പാത്രിയർക്കീസിൽനിന്നും തനിക്ക് മുടക്ക് ഉണ്ടാകും എന്ന് മോർ ദീവന്നാസ്യോസിന് തീർച്ചയുണ്ടായിരുന്നതുമൂലമായിരിക്കണം അദ്ദേഹത്തിന്റെ അനുകൂലികൾ സഭ ഭ്രഷ്ട് സംഭവത്തിനു മുമ്പുതന്നെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ആസൂത്രണംചെയ്തിരുന്നു. പ്രസ്തുതസംഘത്തിലെ പ്രധാന നേതാക്കളിലൊരാളും മോർ ദീവന്നാസ്യോസ് ആറാമന്റെ അടുത്ത സേനാപതി ഫാദർ പി.റ്റി. ഗീവർഗീസ് പണിക്കർ പാത്രിയർക്കാസ്ഥാനത്തുനിന്നും നീക്കംചെയ്തിരുന്ന മോർ അബ്ദുൾ മ്ശീഹായുമായി എഴുത്തുകുത്തുകൾ ആരംഭിച്ചിരുന്നു. ഇപ്രകാരം ഒരവസരത്തിനു കാത്തിരുന്ന അബ്ദുൾ

മ്ശീഹാ വളരെ സന്തുഷ്ടനായിത്തീരുകയും ദീവന്നാസ്യോസ് പക്ഷക്കാർ മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിക്കുന്നതിന് അവസരം ഉപയോഗിക്കുകയുംചെയ്തു.

മലങ്കരയിൽ ഒരു കാതോലിക്കേറ്റിനുവേണ്ടിയുള്ള അപേക്ഷയിൽ യാതൊരു പുതുമയും ഇല്ലാത്തതാണെന്നു മാത്രമല്ല അത് മോർ ദീവന്നാസ്യോസ് ആറാമന്റെയോ അദ്ദേഹത്തിന്റെ പക്ഷക്കാരിൽ ആരുടെയെങ്കിലുമോ ആശയപദ്ധതിയുമോ അല്ലായിരുന്നു. മലങ്കര സഭ മോർ പത്രോസ് തൃതീയനോടും അധികാരത്തിലായിരുന്നപ്പോൾ മോർ അബ്ദുൾ മ്ശീഹായോടും കാതോലിക്കേറ്റിനുവേണ്ടി അഭ്യർത്ഥിച്ചിരുന്നതാണ്. മോർ അബ്ദുൾ മ്ശീഹായിൽനിന്നുമുള്ള മറുപടി ഇപ്രകാരമായിരുന്നു:

“ഇക്കാര്യത്തിനുവേണ്ടി (കാതോലിക്കേറ്റിന്) എഴുതുന്നവൻ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ശപിക്കപ്പെട്ടവനായിരിക്കും.”

മേൽപ്പറഞ്ഞ മറുപടി എഴുതിയ അതേ വ്യക്തി സ്ഥാനഭ്രഷ്ടനാക്കപ്പെട്ടശേഷം കാതോലിക്കേറ്റ് പുനഃസ്ഥാപിക്കുവാൻ സന്നദ്ധനായി. സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ശേഷവും അദ്ദേഹം ഈ കൃത്യത്തിന് വിമുഖനായിരുന്നു. ഫാദർ പി.റ്റി. ഗീവർഗീസ് ‘ഗിരിദീപം’ എന്ന തന്റെ ലഘുകൃതിയിൽ ഈ കഥ വിവരിക്കുന്നുണ്ട്. ഈ നാടകത്തിന്റെ പിന്നിലെ ബുദ്ധികേന്ദ്രം എന്ന നിലയിൽ അദ്ദേഹത്തിന് ഈ കഥയും എല്ലാ വസ്തുതകളും അറിയാം. (He being the master brain behind the drama knows the story and all the facts). അദ്ദേഹം കാതോലിക്കേറ്റിന്റെ സ്ഥാപനത്തിന് മോർ അബ്ദുൾ മ്ശീഹായ്ക്കുണ്ടായിരുന്ന വിമുഖതയും ഇക്കാര്യത്തിൽ ഫാദർ ഗീവർഗീസ് അദ്ദേഹത്തെ അനുനയിപ്പിച്ചെടുത്തതും എല്ലാം തനിമയോടെ വിവരിക്കുന്നുണ്ട്.

അങ്ങനെ 1912 സെപ്തംബർ 17-ാം തീയതി നിരണത്തുവച്ച് വാർദ്ധക്യചാപല്യം മൂലം അധികാരത്തിൽനിന്നും വിരമിച്ചിരുന്ന മോർ ഈവാനിയോസിനെ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടിരുന്ന മോർ അബ്ദുൾ മ്ശീഹാ പാത്രിയർക്കീസ് കാതോലിക്കാസ്ഥാനത്തേക്കുയർത്തി എന്ന് അവകാശപ്പെട്ടു. ഈ സംഭവം ഇന്ത്യയിലെ സിറിയൻ ഓർത്തഡോക്സ് സഭാചരിത്രത്തിലെ ഒരു സുപ്രധാന വഴിത്തിരിവായി. തർക്കങ്ങളുടെ നൂലാമാലകളെ കൂടുതൽ സങ്കീർണ്ണമാക്കുവാൻ തക്കവണ്ണം ഒരു കൂട്ടം പുതിയ തർക്കവിഷയങ്ങൾ കൂടി ഇത് കൂട്ടിച്ചേർത്തു. ഈ വിഷയങ്ങൾ മനസ്സിലാക്കുവാൻ കാതോലിക്കേറ്റിന്റെ ചരിത്രത്തിലേക്കു തന്നെ നമുക്ക് പോകേണ്ടതുണ്ടെങ്കിലും ഇവിടെ അതിനു സമയവും അവസരവും ഇല്ലാത്തതുകൊണ്ട് ആ വിഷയത്തിലേക്ക് ആഴത്തിൽ കടക്കുന്നില്ല.

സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ഒരു പാത്രിയർക്കീസിനാൽ മുടക്കപ്പെട്ട ഒരു കക്ഷിക്കു വേണ്ടി നടത്തിയ കാതോലിക്കേറ്റിന്റെ സാങ്കല്പിക സ്ഥാപനം (സഭയുടെ) കാതോലികത്വത്തിനു വിരുദ്ധമായ സങ്കുചിതത്വത്തിന്റെ ഊന്നൽ മാത്രമായി കാണണം. (This P s e u d o establishment of the Catholicate by a deposed Patriarch for a party of an excommunicated has to be seen as an assertion (of) parochialism against Catholicity) ഇത് ചെയ്തത് ഭരണത്തിലുള്ള പാത്രിയർക്കീസ് ഒരു പ്രാദേശിക മെത്രാന്റെ വിഘടനതാല്പര്യത്തിനു വിധേയപ്പെടാതെ വന്ന പശ്ചാത്തലത്തിലാണ്. ഈ സംഭവം സങ്കുചിതത്വത്തിന്റെ പരിസമാപ്തിയായി വേണം കാണുവാൻ.

സഭയുടെ ഊർജ്ജവും സാമ്പത്തികശേഷിയും ചോർന്നുപൊയ്ക്കൊണ്ടിരുന്ന ഈ കാലഘട്ടങ്ങളിൽ ഇരുപക്ഷത്തിനും വിജയം ലഭിച്ച വിധിന്യായങ്ങൾ മാറിമാറി വന്നുകൊണ്ടിരുന്നു. അതോടൊപ്പംതന്നെ സമാധാന ആലോചനകളും നടന്നുകൊണ്ടിരുന്നു. പല പാത്രിയർക്കീസന്മാർ സിംഹാസനത്തിൽ വന്നു. മോർ ദീവന്നാസ്യോസ് വിധി പാത്രിയർക്കീസിന് അനുകൂലമായിരുന്ന ഘട്ടത്തിൽ മർദീനിൽ പോയി സമാധാനത്തിനുള്ള ഒരു വ്യവസ്ഥയിൽ എത്തിച്ചേർന്നു. പക്ഷേ, മടങ്ങിവന്നപ്പോൾ വിധി വിജയകരമായി അട്ടിമറിക്കപ്പെട്ടു (manipulated) എന്നു ബോധ്യമായപ്പോൾ അദ്ദേഹം മനസ്സുമാറ്റി. അതുകൊണ്ട് സഭയുടെ സമാധാനം ഉണ്ടാക്കുവാനുള്ള അഭിലാഷം സഫലീകരിക്കപ്പെട്ടില്ല. 1934-ൽ താൻ മരിക്കുന്നതുവരെ സഭയെ ഭിന്നിച്ചു നിർത്തുവാൻ അദ്ദേഹത്തിനു സാധിച്ചു. (Till his death in 1934 he managed to keep the church split).

## മോർ ദീവന്നാസ്യോസിന്റെ ജീവചരിത്രം

വിവരിക്കപ്പെട്ട സംഭവങ്ങളെ വിലയിരുത്തുന്നതിനു മുമ്പായി മോർ ദീവന്നാസ്യോസിന്റെ ജീവചരിത്രത്തിലേക്ക് നാം നോക്കണം. വ്യക്തിജീവിതത്തിലേക്കുള്ള ഒരെത്തിനോട്ടം അദ്ദേഹം ആരംഭംകുറിച്ച ഭിന്നതയെ വിലയിരുത്തുവാൻ നമുക്ക് സഹായകമാണ്.

1858-ൽ മല്ലപ്പള്ളിയിലെ വട്ടശേരിൽ കുടുംബത്തിൽ ഗീവർഗീസ് ജനിച്ചു. ചർച്ച് ഓഫ് ഇംഗ്ലണ്ടിലേക്കു ചേർന്ന സുറിയാനി ക്രിസ്ത്യാനികൾക്കുവേണ്ടി സി.എം.എസിലെ ആംഗലേയ മിഷനറിമാർ ആദ്യമായി ദൈവാലയം സ്ഥാപിച്ച ഗ്രാമമാണിത്. ചെറുപ്പത്തിൽ ഗീവർഗീസ് മലയാള അക്ഷരങ്ങളും കണക്കും ഗ്രാമത്തിലെ ആശാനിൽനിന്നും അഭ്യസിച്ചു. തുടർന്ന് സ്ഥലത്തെ സ്കൂളിൽ ചേരുകയും ഹൈസ്കൂൾ പഠനത്തിനായി കോട്ടയത്തേക്കു പോകേണ്ടിവരികയും ചെയ്തു. ഈ രണ്ട് സ്കൂളുകൾ സി.എം.എസ്. മിഷനറിമാർ നടത്തി

വന്നവയായിരുന്നു.

കോട്ടയം സി.എം.എസ്. ഹൈസ്കൂളിൽ ഗീവർഗീസ് പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ഇന്ത്യ സന്ദർശിച്ചതും പാത്രിയർക്കീസിൽനിന്നുതന്നെ അദ്ദേഹം താഴ്ന്ന പട്ടത്വസ്ഥാനങ്ങളിൽ അഭിഷിക്തനായതും. സ്ഥാനപ്രാപ്തിക്കുശേഷം അദ്ദേഹം സ്കൂൾ പഠനം ഉപേക്ഷിക്കുകയും പരുമല മോർ ഗ്രിഗോറിയോസിന്റെയും കണ്ടനാട് മോർ ഈവാനിയോസിന്റെയും കീഴിൽ സുറിയാനി പഠനം ആരംഭിക്കുകയുംചെയ്തു.

1880-ൽ വൈദികനായ പട്ടം കെട്ടപ്പെട്ട അദ്ദേഹത്തെ 1881 പരുമല സെമിനാരിയിലും പിന്നീട് 1885-ൽ മോർ ദീവന്നാസ്യോസ് അഞ്ചാമൻ കോട്ടയം പഴയ സെമിനാരി വീണ്ടെടുത്തപ്പോൾ കോനാട്ട് മാത്തൻ മല്പാനോടൊപ്പം ഫാ. ഗീവർഗീസും പഠിപ്പിക്കുകയും 1909-ൽ മെത്രാൻസ്ഥാനാഭിഷിക്തനാകുന്നതുവരെ അവിടെ തുടരുകയുംചെയ്തു. അദ്ദേഹത്തിന്റെ അഭിഷേകാനന്തരം നടന്ന സംഭവങ്ങൾ മുമ്പ് വിവരിച്ചിട്ടുണ്ട്. 1934-ൽ നല്ല വാർദ്ധക്യത്തിൽ അദ്ദേഹം നിര്യാതനായി.

## വിലയിരുത്തൽ

മേൽവിവരണത്തിൽനിന്നും ഇന്ത്യയിലെ സിറിയൻ ഓർത്തഡോക്സ് സഭ വീണുപോയിരിക്കുന്ന ലജ്ജാകരമായ അവസ്ഥയും ഏതുകാര്യത്തിനും കോടതിയെ അഭയംപ്രാപിക്കുന്ന അവസ്ഥ തുടരുന്നതും അധികാരത്തെച്ചൊല്ലിയുള്ള അവസാനിക്കാത്ത തർക്കങ്ങളും മനസ്സിലാക്കാമല്ലോ. ഈ വിചിന്തനങ്ങളിൽനിന്നും സംശയമെന്യേ തെളിയുന്നത് മോർ ദീവന്നാസ്യോസിന്റെ അനുരഞ്ജനവിരുദ്ധസ്വഭാവവും നിർബന്ധബുദ്ധിയുമാണ് വിഘടനവാദത്തിന്റെ അടിസ്ഥാനം എന്നാണ്. സഭയിലെ ഭിന്നതയുടെ പ്രമാണകാരണം സഭാപാരമ്പര്യങ്ങളോട് വിധേയപ്പെടുവാനുള്ള അദ്ദേഹത്തിന്റെ വിസമ്മതമാണ്. ഏതൊരു മനുഷ്യനെപ്പോലെ അദ്ദേഹവും സാഹചര്യത്തിന്റെ സൃഷ്ടിയും അദ്ദേഹത്തിന്റെ നില പരിശോധിക്കേണ്ടത് ഇന്ത്യൻചരിത്രത്തിന്റെ അക്കാലപശ്ചാത്തലത്തിലുമായിരിക്കണമെന്നതും നാം അംഗീകരിക്കുന്നു.

ഈ വിഘടനത്തിൽ അധികാരം സംബന്ധിച്ച ചോദ്യത്തിൽ നാം വ്യതിരിക്തമായി കാണേണ്ട വിയോജിപ്പ് സഭയുടെ ഭിന്നമാർന്ന സങ്കല്പങ്ങളിൽനിന്നുകൊണ്ടായിരിക്കണം. മോർ ദീവന്നാസ്യോസ് ആറാമൻ തന്റെ രൂപീകരണകാലഘട്ടമായ 18-ാം വയസ്സുവരെ പഠിച്ചിരുന്നത് സി.എം.എസ്. സ്ഥാപനങ്ങളിലായിരുന്നു എന്നത് സ്വാഭാവികമായും പ്രൊട്ടസ്റ്റന്റ് ആശയധ്രുവീകരണങ്ങൾ ഉൾക്കൊള്ളുന്നതിന് പര്യാപ്തമായിരുന്നു. അദ്ദേഹത്തിന്റെ അനുകൂലികളായിരുന്ന ശ്രീ കെ.സി. മാമ്മൻ മാപ്പിളയും ശ്രീ ഇ.ജെ. ജോണും പ്രൊ

ട്ടസ്റ്റന്റ് സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം നേടിയവരായിരുന്നു.

മോർ ദീവന്നാസ്യോസിനും അദ്ദേഹത്തിന്റെ അനുകൂലികളായിരുന്ന നേതാക്കൾക്കും പ്രൊട്ടസ്റ്റന്റ് സ്ഥാപനങ്ങളിൽനിന്നും ആംഗലേയസ്വാധീനം ഉണ്ടായിരുന്നു. ചൂഷണവിധേയരായിരുന്ന സമൂഹത്തിന് ചൂഷകരോട് ഒരു ആരാധനാമനോഭാവം അബോധപൂർവ്വമായി വളർന്നു വരിക എന്നതും സാധ്യമാകുന്ന വിധത്തിൽ അവരെ അനുകരിക്കുക എന്നതും വളരെ സ്വാഭാവികമാണ്. മോർ ദീവന്നാസ്യോസിനെ ഏകപക്ഷീയ സഭാവിജ്ഞാനീയ നിലപാട് സ്വീകരിക്കുവാൻ ഇടയാക്കിയ മുഖ്യകാരണം സാംസ്കാരികമായ ആംഗലേയവൽക്കരണവും ഇന്ത്യയുടനീളം ഉയർന്നുപൊങ്ങിയിരുന്ന സുശിക്ഷിതദേശീയതയുമായിരുന്നു. അങ്ങനെ ദീവന്നാസ്യോസ്യൻ വിഘടനം എന്നത് വിപുലമായ വിജ്ഞാനവും അറിവും ഉണ്ടായിരുന്നിട്ടുപോലും ലക്ഷ്യം തെറ്റിപ്പോയ ഒരു മെത്രാന് ദേശസംസ്കാരഭാഷാസീമകൾക്കതീതമായ ഒരു പ്രസ്ഥാനമാണ് സഭ എന്ന വീക്ഷണം ഉൾക്കൊള്ളുവാൻ കഴിയാതെ പോയതിന്റെ അനന്തരഫലമാണ്. ലക്ഷ്യം തെറ്റിയ അദ്ദേഹത്തിന്റെ യത്നത്തിൽ സാംസ്കാരിക ഭാഷാസീമകൾ രൂപംകൊടുക്കുന്ന സഭയിൽ സഭയുടെ സാർവത്രിക (കാതോലിക) സ്വഭാവത്തെക്കുറിച്ച് പ്രഖ്യാപിക്കുന്ന വിശ്വാസപ്രമാണം ഒരു കേവല അയഥാർത്ഥമായിരിക്കും. (Thus it becomes obvious to us that the Dionysian schism was the result of the adamancy of a misguided bishop who, despite his scholarship and vast knowledge could not view the church as a movement which transcends geographical, cultural and linguistic barriers and his misguided efforts resulted in the formation of a church in which the credular affirmation of being a Catholic (Universal) church became a mere force.

(Malankara Syrian Orthodox Theological Seminary-യുടെ 1990-ലെ Excelsior-ൽ പ്രസിദ്ധീകരിച്ച ലേഖനത്തിന്റെ മലയാള പരിഭാഷ).

●●